# അദ്ധ്യായം 2

# ഉപദേശം

### ക്രിസ്തുവിന്റെ രണ്ടാം വരവ് (2:1-12)

**അവന്റെ രണ്ടാം വരവ് സംഭവിച്ചിട്ടില്ല (2:1, 2)**

**[1]ഇനി സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ച് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത് [2]കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നു വെച്ച് നിങ്ങൾ വല്ല ആത്മാവിനലോ വചനത്താലോ, ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ട് വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്.**

**വാക്യം 1**. ഒരിക്കൽ കൂടെ, ഊഷ്മള വാക്കായ **സഹോദരന്മാർ** എന്ന വാക്കോടുകൂടെ ആണ് പൗലൊസ് ഖണ്ഡിക ആരംഭിക്കുന്നത്. **നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷത** എന്നു പറയുന്നത് പൊതുവിൽ അവന്റെ "രണ്ടാം വരവിനെ" ആണ് സൂചിപ്പിക്കുന്നത്. "കർത്താവിന്റെ പ്രത്യക്ഷത" എന്ന് പൗലൊസ് പറഞ്ഞത് അതാണ് (1 തെസ്സ. 4:15). "കർത്താവിന്റെ നാൾ" എന്നു പറഞ്ഞിരിക്കുന്നതും അതാണ് (1 തെസ്സ. 5:2; 2 തെസ്സ. 1:10 മായി താരതമ്യം ചെയ്യുക). 1 തെസ്സലൊനിക്യർ 5:23 ൽ പൗലൊസ്, "നമ്മുടെ കർത്തതാവായ യേശുക്രിസ്തു എന്ന പ്രയോഗവും ഉപയോഗിച്ചിരിക്കുന്നു."

ഈ ലേഖനത്തിൽ, കർത്താവ് ഭാവിയിൽ സ്വഗത്തിൽനിന്നു വെളിപെടുന്നതതിനെ കുറിച്ച് പൌലൊസ് മുൻപ് പറഞ്ഞു (1:7). അത് ചിലരിൽ "ശിക്ഷ" നടപ്പാക്കുന്നതും, മറ്റു ചിലരിൽ അവൻ "മഹത്വപ്പെടുകയും" ചെയ്യുന്ന ഒരു മഹാ ദിവസമായിരിക്കുമെന്ന് വ്യക്തമാക്കി (1:8–10). വാക്യം 1 ൽ, ആ സമയത്ത്, അവനെയും, തെസ്സലൊനിക്യരേയും, വിശ്വസ്തരായവരെയും അവൻ തന്റെ അടുക്കലേക്ക് **ഒരുമിച്ച് ചേർത്തുകൊള്ളു**[മെന്ന്] പൗലൊസ് പറഞ്ഞു. "ചേർത്തുകൊള്ളുക" എന്നതിന്റെ ഗ്രീക്ക് വാക്ക് ἐπισυναγωγή (*എപിസുനഗോഗെ*).[1] യേശു പറഞ്ഞത് അവൻ തന്റെ ദൂതന്മാരെ മഹാ കാഹള ധ്വനിയോടുകൂടെ അയക്കും. അവർ അവന്റെ "വ്രതന്മാരെ കൂട്ടിച്ചേർക്കും" എന്നാണ് (മത്താ. 24:31). ക്രിസ്തു ആരിൽ മഹത്വപ്പെടുന്നുവോ, അവർ "എന്നേക്കും കർത്താവിനോടുകടെ ഇരിക്കും" (1 തെസ്സ. 4:17). വിശ്വസ്തരെ അവൻ തന്നോടു "ചേർക്കും."

**വാക്യം 2**. കർത്താവിന്റെ വരവിനെ സംബന്ധിച്ച്, തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ **വേഗത്തിൽ ഇളകി പോകാതിരിക്കാൻ** പൗലൊസ് ശ്രദ്ധിച്ചിരുന്നു ("മനസ് വേഗത്തിൽ ഇളകുക"; ആർഎസ്‌വി) അല്ലെങ്കിൽ **കലങ്ങിപ്പോകുക** ("ആവേശപ്പെട്ടു"; ആർഎസ്‌വി) കാരണം, ആ വിഷയത്തെ കുറിച്ച് അടിസ്ഥാനമില്ലാത്ത ചില തെറ്റായ ഉപദേശം പ്രചരിപ്പിച്ചിരുന്നു. മതഭ്രാന്തന്മാരുടെ കുടുക്കിലകപ്പപെടാതെ "അവർ തലയുർത്തി നിൽക്കണമെന്ന്"[2] പെ

ൗലൊസ് ആഗ്രഹിച്ചു.

"ഇളകുക" എന്നതിന്റെ ഗ്രീക്ക് വാക്ക് σαλεύω (*സലെയുവോ*). പുതിയ നിയമത്തിൽ *സലെയുവോ* സാധാരണ അർത്ഥമാക്കുന്നത് "ആവേശമുണർത്തുക അല്ലെങ്കിൽ പ്രകോപിപ്പിക്കുക" (ലൂക്കൊ. 6:38; പ്രവൃ. 17:13 മായി താരതമ്യം ചെയ്യുക) കടൽ ക്ഷോഭിച്ച് കയറുന്ന ആശയത്തെയാണ് സൂചിപ്പിക്കുന്നത്. എങ്ങനെയായാലും, ഗ്രീക്ക് സാഹിത്യത്തിൽ അർത്ഥമാക്കുന്നത് "നീങ്ങി പോകുക" എന്ന ആശയമാണ്, അതായത്, കൊടുങ്കാറ്റടിക്കുമ്പോൾ, കപ്പൽ ഗതി മാറി പോകുവാനിടയാകുന്നു; രണ്ടാമത്തെ അർത്ഥമാണ് ഇവിടെയും പ്രവൃ. 2:25 ലും' പറഞ്ഞിരിക്കുന്നത്. ഇതിനേക്കാൾ കൂടുതലായി ഏതു മേഖലയിലാണോ ക്രിസ്ത്യാനികൾ വളരേണ്ടത്, അവിടെ വളരുവാൻ ശ്രമിക്കുക (എഫെ. 4:14 നോക്കുക).

ഏത് ഉറവിടത്തിൽനിന്ന് അല്ലെങ്കിൽ ഉറവിടങ്ങളിലനിന്നാണ് ഈ പ്രകോപനം വരുന്നത്? ഒരു ഉറവിടം, പൗലൊസ് പറഞ്ഞു, **ഒരു ആത്മാവ്**, അല്ലെങ്കിൽ, അക്ഷരികമായി "ആത്മാവിനാൽ" (കെജെവി; ആർഎസ്‌വി), അവരെ കുറിച്ച് അവൻ ഒന്നാം ലേഖനത്തിൽ പറഞ്ഞു (1 തെസ്സ 5:19–22). തങ്ങൾ പ്രചരിപ്പിക്കുന്ന ഈ ഉപദേശം ദൈവത്തിൽനിന്ന് വെളിപ്പാടായി തങ്ങൾക്ക് ലഭിച്ചു എന്ന് അവർ അവകാശപ്പെട്ടിരിക്കാം.

ദുരുപദേശം വന്നു ചേരുവാനിടയായ രണ്ടാമത്തെ ഉറവിടം, ഒ**രു സന്ദേശം,** അഥവാ "വചനം" ആയിരുന്നേക്കാം (കെജെവി; ആർഎസ്‌വി). അത് വ്യക്തിപരമായ സംഭാഷണം വഴിയോ, അല്ലെങ്കിൽ ഒരു പ്രസംഗം വഴിയോ വാ മൊഴിയായി നൽകപ്പെട്ടതാകാം. "**ഞങ്ങളിൽനിന്നു വന്നു** എന്ന ഭാവത്താലോ" എന്ന പ്രയോഗം പരിഷ്ക്കരിച്ചതാകാം "സന്ദേശം." അങ്ങനെയെങ്കിൽ, ഒരുപക്ഷെ ആ ഉപദേഷ്ടാക്കളിൽ ചിലർ തങ്ങൾ പൗലൊസിനോട്, അവൻ തെസ്സൊനിക്യയിലുണായിരുന്നപ്പോൾ, സംസാരിച്ചതും അവൻ സമ്മതിച്ചതുമാണ് എന്നും പറഞ്ഞിരിക്കാം.

ദുരുപദേശത്തിന്റെ മൂന്നാമത്തെ ഉറവിടം, പൗലൊസ് "എഴുതി എന്ന ഭാവത്തിലുള്ള" ഒരു **ലേഖനം** അത് 1 തെസ്സലൊനിക്യ ലേഖനമാണെന്നും, ദുരുപദേഷ്ടാക്കന്മാർ തെറ്റിദ്ധരിക്കുകയും, തെറ്റായി ഉപയോഗിക്കകുകയും ചെയ്തായിരന്നു എന്ന് ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു. എങ്ങനെയായാലും, പൗലൊസ് ഉപയോഗിച്ച ഭാഷ അതിനെ നിരാകരിക്കുന്നതാണ്. ഇവിടെ പറയുന്ന "ലേഖനം" ഏതായാലും അത് പൗലൊസ് എഴുതിയതല്ല എന്നു സ്പഷ്ടം. പൗലൊസിൽനിന്ന് തങ്ങൾക്ക് വ്യക്തിപരമായ ഒരു ലേഖനം കിട്ടിയെന്നായിരുന്നു ചില ദുരുപദേഷ്ടാക്കൾ അവകാശപ്പെട്ടത്. ആ ഉപദേശവുമായി തനിക്ക് യാതൊരു ബന്ധവുമില്ല എന്ന് പൗലൊസ് തറപ്പിച്ചു പറഞ്ഞു.

ചോദ്യം ചെയ്യപ്പെട്ട ദുരുപദേശം എന്തായിരുന്നു? **കർത്താവിന്റെ നാൾ വന്നു** കഴിഞ്ഞു എന്നതായിരിക്കണം അത്. കെജെവി പറയുന്നു, "കർത്താവിന്റെ നാൾ സമീപിച്ചിരിക്കുന്നു."എന്നാൽ എൻഐവിയും, ആർഎസ്‌വിയും, എൻഏഎസ്ബിയും മറ്റു വെർഷനുകളിലെല്ലാം, "വന്നു" എന്നാണ്. അതിനെ അവർ ഉറപ്പിക്കുന്നതിന് പല കാരണങ്ങളുണ്ട്.

ഒന്ന്, പുതിയ നിയമത്തിൽ ഇതേ ഗ്രീക്ക് ἐνίστημι (*എനിസ്റ്റെമി*) വാക്ക് മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് വന്നു എന്ന അർത്ഥത്തിലാണ് (റോമ. 8:38; 1 കൊ. 3:22; 7:26; ഗലാ. 1:4; 2 തിമൊ. 3:1; എബ്രാ. 9:9). അടുത്തത്, ദൈവശ്വാസിയ എഴുത്തുകാർ ഉറപ്പിച്ചു പറഞ്ഞത്, അവന്റെ വരവ് "അടു

ത്തിരിക്കുന്നു” എന്നാണ് (ഫിലി. 4:5; യാക്കൊ. 5:8).[4] “അടുത്തിരിക്കുന്നു” എന്നു പറഞ്ഞതുകൊണ്ട്, അവർക്ക് അതിനെ ദുരുപദേഷമായി കാണുവാൻ കഴിഞ്ഞില്ല. മൂന്നാമത്, ക്രിസ്തുവിന്റെ വരവിന്റെ ഒരു ഭാഗം–നിറവേറിയതായി പുതിയ നിയമത്തിൽ വേറൊരു ഭാഗത്ത് പറയുകയും ചെയ്തിരിക്കുന്നു. ഉദാഹരണമായി, 2 തിമൊഥെയൊസ് 2:17, 18 ൽ, ഹുമെനെയോസും, ഫിലെതൊസും ഈ ഉപദേശം പഠിപ്പിച്ചതായി പറയുന്നു.

ഈ ദുരുപദേഷ്ടാക്കന്മാർ അവരുടെ ദുരുപദേശം രൂപപ്പെടുത്തിയത് എങ്ങനെയെന്ന് വിശദമാക്കുന്നില്ല. സ്നാനപ്പെടുന്ന സമയത്ത്, സംഭവിക്കുന്ന ആലങ്കാരിക പ്രവൃത്തിയാണ് പുനരുത്ഥാനം എന്നായിരുന്നു അവരുടെ വിശ്വാസം. അതുകൊണ്ട്, പുനരുത്ഥാനം സംഭവിച്ചു കഴിഞ്ഞു എന്നാണ് അവർ വിശ്വസിക്കുന്നത്. പരിവർത്തനം ചെയ്യുമ്പോൾ കർത്താവ് വ്യക്തിപരമായി ഓരോരുത്തരിലും “വരുന്നു” എന്ന് അവർ പഠിപ്പിക്കുന്നതിനാൽ, അതുകൊണ്, ഈ വേദഭാഗത്തും മറ്റു വേദഭാഗങ്ങളിലും പറയുന്നതുപോലെ, കർത്താവിന്റെ വരവ് “പ്രപഞ്ചം മുഴുവൻ” കാണത്തക്കവിധത്തിലായിരിക്കുമെന്നത് അവർക്ക് വിശ്വസിക്കുവാൻ കഴിയുന്നില്ല (വെളി. 1:7 നോക്കുക).

ആ ഉപദേശത്തിന്റെ അടുത്തപടി എന്തായിരിക്കുമെന്നതിലുപരി, പൌലൊസ് തന്റെ ശ്രോതാക്കൾ ആ ദുരുപദേശത്തിൽ അകപ്പെടാതിരിക്കുവാനായിരുന്നു ആഗ്രഹിച്ചത്, കാരണം അത് ദൈവഹിതത്തിന് വിപരീതമായ ഉപദേശമായിരുന്നു.

### അവന്റെ വരവിന് മുൻപുള്ള സംഭവങ്ങൾ (2:3-12)

**3ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസ
ത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയും വെളിപ്പെ
ടുകയം വേണം. 4അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ട്, ദൈവം എന്നു
നടിച്ചു ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും
മീതെ, തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രെ. 5നിങ്ങളോടുകൂടെ ഇരി
ക്കുമ്പോൾ, തന്നെ ഞാൻ ഇത് നിങ്ങളോട് പറഞ്ഞു എന്ന് ഓർക്കുന്നില്ലയോ?
6അവൻ സകലത്തിന്നും മുമ്പെ വെളിപ്പെടാതിരിക്കേണ്ടതിന്ന് ഇപ്പോൾ തടു
ക്കുന്നത് എന്ത് എന്നു നിങ്ങൾ അറിയുന്നു. 7അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ
വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങി പേ
ാകമാത്രം വേണം. 8അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടു വരും. അവനെ
കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യ
ക്ഷതയടെ പ്രഭാവത്താൽ നശിപ്പിക്കും. 9അധർമ്മമൂർത്തതിയുടെ പ്രത്യക
ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം,
വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും
അനീതിയുടെ സകല വഞ്ചനയോടും കൂടിയായിരിക്കും. 10അവർ രക്ഷിക്ക
പ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ
അങ്ങനെ ഭവിക്കും. 11സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന
ഏവർക്കും ന്യായവിധി വരേണ്ടതിന്ന്, 12ദൈവം അവർക്ക് ഭോഷ്ക്ക് വിശ്വ
സിക്കുമാറ്, വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു.**

**വാക്യം 3.** കർത്താവ് വന്നുകഴിഞ്ഞു എന്ന ഉപദേശം തെറ്റാണെന്ന്

കാണിക്കുവാൻ. കർത്താവിന്റെ വരവിനു മുൻപായി സംഭവിക്കേണ്ട ചില കാര്യങ്ങളെ പൌലൊസ് വിശദീകരിക്കുന്നു. താൻ തെസ്സലൊനിക്യയിൽ അവരോടൊപ്പം ആയിരുന്നപ്പോൾ, പറഞ്ഞ കാര്യങ്ങളെ ഓർക്കണമായിരുന്നു എന്നാണ് പൌലൊസ് പറഞ്ഞത് (വാ. 5 നോക്കുക). അവരെ **ആരും ചതിക്കുവാൻ** അനുവദിക്കരുത് എന്നാണ് പൗലൊസ് അവരോട് പറഞ്ഞത്. ചതിക്കുക എന്നാൽ വഴിതെറ്റിക്കുക, വഞ്ചിക്കുക എന്നർത്ഥം. **ആദ്യം വിശ്വാസത്യാഗം സംഭവിക്കുന്നതിന് മുൻപ് കർത്താവിന്റെ വീണ്ടും വരവ് സംഭവിക്കുയില്ല** എന്നാണ് വ്യക്തമാക്കുന്നത്. "വിശ്വാസ ത്യാഗം" എന്നതിന്റെ ഗ്രീക്ക് വാക്ക് (ἀποστασία *അപോസ്റ്റസിയ*; "മൽസരം"; എൻഐവി; "വീണുപോകൽ,"; കെജെവി), സൂചിപ്പിക്കുന്നത് മൽസരം അല്ലെങ്കിൽ മറുതലിപ്പ് എന്നായതിനാൽ, അത് ദൈവത്തിനെതിരാണ്, ദൈവത്തിന്റെ പദ്ധതിക്കെതിരായി മനുഷ്യൻ പോകുന്നു (മത്താ. 7:15; പ്രവൃ. 20:28–31). "മൽസരം" "പ്രത്യക്ഷതക്ക്" ഇടയാക്കുന്നു. അല്ലെങ്കില് **അധർമ്മമൂർത്തിയുടെ പ്രത്യക്ഷത വെളിവാക്കുന്നു.** ഈ "മൂർത്തി" അധർമ്മം പ്രവർത്തിക്കുന്ന ആളുകളെ പ്രതിനിധാനം ചെയ്യുന്നു. അവൻ, വാസ്തവത്തിൽ, **നാശയോഗ്യൻ** ആണ്, അല്ലെങ്കിൽ അക്ഷരികമായി "സൺ ഓഫ് പെർഡീഷൻ" (കെജെവി). അവൻ നാശത്തിന്റെ "സ്വഭാവം" കാണിക്കുന്നവൻ, അഥവാ "അതിനുള്ളവൻ" എന്നു വ്യക്തമാക്കുന്നു. ആ പ്രയോഗം ὁ υἱὸς τῆς ἀπωλείας (*ഹോ ഹുയിയോസ് ടെസ് അപോലെയിയാസ്*) യൂദയെ പരാമർശിക്കുന്ന സമയത്തും ഉപയോഗിച്ചിരിക്കുന്നു (യോഹ. 17:12). ഇത് എൻഏഎസ്ബിയിൽ തർജിമ ചെയ്തിരിക്കുന്നത്, "സൺ ഓഫ് പെർഡീഷൻ" എന്നാണ്. നീതിമാന്റെ സ്വഭാവാം യേശുക്രിസ്തുവിനെ പോലെ ആയിരിക്കുന്നതുപോലെ ആ മനുഷ്യന്റെ സ്വഭാവം പാവം അല്ലെങ്കിൽ അധർമ്മം ആണ്.

"അധർമ്മ മൂർത്തി" എന്ന പ്രയോഗത്തെ കുറിച്ച് ബ്രൂസ് എം.മെറ്റ്സ്ഗെർ എഴുതി:

> അപ്പൊസ്തലൻ എഴുതിയ "പാപ മനുഷ്യൻ" മിക്ക സാക്ഷികളും വായിക്കുന്നതുപോലെ "അധർമ്മമൂർത്തി" എൻ, ബി, 81, 88[എംജി], 1739, കോപ്, [സാ, ബോ] ആം മാർസിയോൻ തെർതുല്യനും മറ്റും പറഞ്ഞതുപോലെയോ? വിസ്തൃതവും ബാഹ്യവുമായ തെളിവുകൾ പിന്തുണക്കുന്ന വാക്കാണ് ἁμαρτίας [*ഹാമർട്ടടിയാസ്*] (സാക്ഷികളിൽ മൂന്നിൽ ഓരോന്നും ടെക്സ്റ്റ്–സൈസും: ഏ;ധി; ജി ഇറ്റ് ജി; കെ. എൽ.പി.മിക്ക *മിനുസ്കൂൾസ്*), അത് മൊത്തത്തിൽ, പ്രാരംഭ വായന അലെക്സാട്രിയൻ സാക്ഷികൾ സൂക്ഷിച്ചിരിക്കുന്നു, ἀνομίας [*അനോമിയാസ്*], പൗലൊസ് വളരെ അപൂർവ്വമായി മാതമാണ് ഈ വാക്ക് ഉപയോഗിച്ചത്. പകർത്തിയെഴുതിയവർ അതിനെ ആ വാക്കിനെ, ἀναρτίας, കൂടാതെ γὰρ ... ἀνομίας ... ഇൻ വെർ. 7 മുൻപ് ഉപയോഗിച്ചതാകാം ἀνομίας ഇവിടെ.[5]

അതുകൊണ്ട്, പൗലൊസ് "പാപമനുഷ്യൻ" എന്നെഴുതാതെ, "അധർമ്മമൂർത്തി" എന്നെഴുതി.

പൌലൊസ് "വിശ്വാസ ത്യാഗം" എന്നെഴുതിയത് ഡെഫനിറ്റ് ആർട്ടി

ക്കിളോടുകൂടിയാണ്, അവൻ തെസ്സലൊനിക്യരോട് നേരത്തെ സംസാരിച്ച കാര്യമാണ് വീണ്ടും പൗലൊസ് എഴുതുന്നത്. നിർഭാഗ്യവശാൽ അവൻ ആദ്യം പറഞ്ഞത് അറിയുവാൻ നമുക്ക് മാർഗമില്ല. അതിനാൽ അവൻ ഇവിടെ അർത്ഥമാക്കിയതെന്തെന്ന് മനസിലാക്കുക ബുദ്ധിമുട്ടാണ്. ആ അറിയ-പ്പെടുന്ന മൽസരം ക്രിസ്തു മടങ്ങി വരുന്നതിന് മുൻപ് സംഭവിക്കണം. അതു സംഭവിക്കുമ്പോൾ, "മൂർത്തി" **വരികയും** പിന്നെ ക്രിസ്തു പ്രത്യക്ഷനാകുകയും ചെയ്യും.

**വാക്യം 4**. ഈ മൽസരത്തിന്റെ മറ്റു വശങ്ങളെ കുറിച്ച് പൗലൊസ് തുടരുന്നു. ഈ "മൂർത്തി" എതിർക്കുകയും, **അറിയപ്പെടുന്ന എല്ലാ ദേവന്മാരേക്കാളും തന്നെ ഉയർത്തി ദൈവമെന്ന് നടിച്ച്** ആരാധ്യവസ്തുവാണെന്ന് വരുത്തുന്നു. ദൈവത്തെ നമസ്ക്കരിക്കുന്നതിനു പകരം, **അവനെ ദൈവത്തിന്റെ സ്ഥാനത്താക്കി വെച്ചിരിക്കുന്നു**. കൂടാതെ, അവൻ തന്റേ സ്ഥാനം ദൈവാലചയത്തിൽ ഉറപ്പിച്ചിരിക്കുന്നു, "ദൈവാലയം" എന്നതിനുള്ള ഗ്രീക്ക് വാക്ക് ἱερόν (*ഹിയറോൺ*) അല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അത് പ്രാകാരങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ ദൈവാലയത്തെയും പറയുന്നതാണ്; മറിച്ച്, അത് ναός (*നാവോസ്*) *നവോസ്* "വിശുദ്ധ സ്ഥലവും, അതിവിശുദ്ധ സ്ഥലവും, ദൈവത്തിന്റെ സാന്നിധ്യസ്ഥാനവവും അടക്കമുള്ള ദൈവാലയ സമുച്ചയത്തെ സൂചിപ്പിക്കുന്നു."[6] എങ്ങനെയായാലും, "ദൈവാലയം" എന്നനതിന് ആലങ്കാരികമായ അർത്ഥം, നിയമവിരുദ്ധമായ കയ്യേറ്റം. അതായത് ആ "മൂർത്തി" ദൈവത്തിന്റെ ആത്മിയ മന്ദിരമായ സഭയിൽ ദൈവത്തിന്റെ സ്ഥാനത്ത് ഇരിക്കുന്നു. "ഔദ്യോഗിക സ്ഥാനം" പിടിച്ചടക്കി ആഘോഷിക്കുന്ന പ്രതീതിയാണ് "കാഴ്ച്ച വെക്കുന്നത്."

ഈ "അധർമ്മ മൂർത്തി" പിന്നെ ആരാണ്? പ്രെസ്ബിറ്റേറിയൻകാരനായ ആലബെർട്ട് ബാർണെസ് വിശ്വസിച്ചിരുന്നതുപോലെ, *ആരംഭം മുതൽ പോപ്പ്മാരായി തീർന്നവരെ എല്ലാവരെയും ചേർത്തു* പറയുന്നതാണോ?[7] "പോപ്പുമാർ പരിശീലിക്കാത്ത ദുഷ്ടത ഒന്നുമില്ല" എന്നതിന് അദ്ദേഹം ശക്തമായ തെളിവുകൾ നൽകിയിരുന്നു. അതിനു പുറമെ, അവർ എടുത്ത "ക്രിസ്തുവിന്റെ വികാരി" അല്ലെങ്കിൽ "ക്രിസ്തുവിന്റെ സ്ഥാനം" അഥവാ ("കർത്താവായ ദൈവമായ പോപ്പ്"), ദൈവാലയാധികാരികളുടെ മേലുള്ള അധികാരവും അവരെ ഇതിൽ ഉൾപ്പെടുത്തുവാൻ കാരണമായി പറയുന്നു."[8]

എങ്ങനെയായാലും, പോപ്പുമാരെയാണ് "അധർമ്മ മൂർത്തി" എന്നു പറഞ്ഞിരിക്കുന്നത് എന്നത് സംശയാസ്പദമാണ്. പാപത്തിൽ വീണുപോകാതിരിക്കുമെന്ന അവകാശം പോപ്പുമാരിൽ പരിമിതമാണ്. പൗലൊസ് പറഞ്ഞ "മൂർത്തിയുടെ" മുഴുവൻ സ്വഭാവം പോപ്പുമാർക്ക് ചാർത്തുന്നത് ഉചിതമായിരിക്കുകയില്ല. കൂടാതെ, ക്രിസ്തുവിന്റെ പ്രത്യക്ഷതക്ക് മുൻപ് സംഭവിക്കുന്ന ദുഷ്ടതയെ കുറിച്ചാണ് ഇവിടെ പൗലൊസ് പ്രതിപാദിച്ചിരിക്കുന്നത്. പിന്നെ ക്രിസ്തു വരുമ്പോൾ അവനെ നശിപ്പിക്കുകയും ചെയ്യും (വാ. 8-10). മദ്ധ്യകാലഘട്ടത്തിലാണ്, പോപ്പുമാർ ഉച്ചസ്ഥായിയിലെത്തിയത്.

*മൊത്തം റോമാചക്രവർത്തിമാരെ കുറിച്ചാണ്* "അധർമ്മ മൂർത്തി" എന്നു പറയുന്നത് എന്നു വേറൊരു കൂട്ടർ വിശ്വസിക്കുന്നു. വാസ്തവത്തിൽ, അവരിൽ ചിലർ ദൈവമാണെന്ന് അവകാശപ്പെടുകയും, ഏ.ഡി. ഒന്നാം നൂറ്റാണിന്റെ അവസാനമായപ്പോഴേക്ക്, രാജാവിനെ നമസിക്കരിക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കയും ചെയ്തിരുന്നു. ഏ.ഡി. 64 മുതൽ, നീറോയുടെ

വാഴ്ച്ചക്കാലത്തും, അതിനു ശേഷവും, അവർ ക്രിസ്ത്ത്യാനികളെ “എതിർക്കുകയും,” “ഉപദ്രവിക്കുകയും” വാസ്തവത്തിൽ. കലിഗുള (ഏ.ഡി. 12-41) എന്ന ചക്രവർത്തി തന്റെ ബിംബം ഉണ്ടാക്കി ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു നമസ്ക്കരിപ്പാൻ ഉത്തരവ് പുറപ്പെടുവിച്ചത് വാസ്തവമായിരുന്നു. ഇത്തരം സാഹചര്യങ്ങളെ കുറിച്ചാണ് പൗലൊസ് പറയുന്നതെങ്കിലും, അതു തന്നെയാണെന്ന് തീർച്ചപ്പെടുത്തുവാൻ നമുക്ക് സാധ്യമല്ല. പൗലൊസ് സംസാരിക്കുന്നത് ഭാവിയെ കുറിച്ചായിരുന്നു, എന്നാൽ കലിഗുള ചക്രവർത്തി നമസ്ക്കാരം 2 തെസ്സലൊനിക്യ ലേഖനം എഴുതുന്നതിന് മുൻപ് സംഭവിച്ചതായിരുന്നു.

കൂടാതെ, ഏ.ഡി. അഞ്ചാം നൂറ്റാണ്യപ്പോഴേക്കും, പ്രായോഗികമായി, റോമാ ചക്രവർത്തിമാരുടെ ഭരണം തന്നെ നിന്നു പോയിരുന്നു; ക്രിസ്തു മടങ്ങി വരുന്നതിന് മുൻപ് ഉയരുന്ന ഒരു ശക്തിയെ കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നത്. അപ്പോൾ പിന്നെ അവന്റെ മനസിൽ ചക്രവർത്തിമാർ കാണുന്നതെങ്ങനെ? “അധർമ്മ മൂർത്തി” നിലനിൽക്കുകയും ക്രിസ്തു വരുമ്പോൾ അവൻ ആ ശക്തിയെ നളിപ്പിക്കുകയും ചെയ്യും (വാ. 8-10).

“അധർമ്മ മൂർത്തി” *പിശാച് തന്നെ*യാണെന്നാണ് മറ്റൊരു സിദ്ധാന്തം പറയുന്നുത്. “അവൻ” ദൈവത്തെയും അവന്റെ വഴികളെയും എതിർക്കുന്ന “എതിരാളി” എന്ന് വാക്യം 4 ൽ പറയുന്നതിനാൽ, സാത്താൻ ആണെന്ന് പറയുന്നു, സാത്താൻ എന്ന വാക്കിൻന്റെ അർത്ഥം “ശത്രു” എന്നാണ്. സാത്താൻ ലോകാവസാനത്തിൽ, തന്റെ ദൂതന്മാരെ എല്ലാം കൂട്ടിച്ചേർത്ത് വലിയ യുദ്ധത്തിനായി തയ്യാറെടുക്കുമെന്നാണ് ഈ വാദഗതിക്കാർ കരുതുന്നത്. മറ്റു വേദാഗങ്ങളിൽ പറയുന്നതുമായി ഈ വിവരണങ്ങൾക്ക് യോജിപ്പുള്ളതിനാൽ ഈ ആശയം ആകർഷണിയമാണ്. തീർച്ചയായും ക്രിസ്തു വരുമ്പോൾ സാത്താനെ നശിപ്പിക്കും (വെളി. 20:10). എന്നിരുന്നാലും, ഈ സിദ്ധാന്തത്തിന് തടസമായി വാക്യം 9 ൽ, “അധർമ്മ മൂർത്തിയുടെ” പ്രത്യക്ഷത “സാത്താന്റെ പ്രവൃത്തിയോടുകൂടിയായിരിക്കും” എന്നാണ് പറയുന്നത്. അതുകൊണ്ട്, അവൻ സാത്താൻ തന്നെയല്ല എന്നു സ്പഷ്ടം; മറിച്ച്, അവൻ സാത്താന് സമാന്തരമായി പ്രവർത്തിക്കുന്നവനാണ് എന്നു കാണാം.

“അധർമ്മ മൂർത്തി” എന്നു പറയുന്നത് “ദുഷ്ടന്” എന്നു പലപ്പോഴും വ്യക്തമാക്കിയിരിക്കുന്ന ഒരു “മനുഷ്യൻ“ ആണ് എന്ന വേറൊരു സിദ്ധാന്തവും കേൾക്കുന്നു. ഈ ആശയപ്രകാരം, “അധർമ്മ മൂർത്തി” *ദുഷ്ടസ്വഭാവമുള്ളവൻ* അത്രെ. ക്രിസ്തീയ കാലത്തിന്റെ അവസാനം, പൗലൊസിന്റെ കാലം കഴിഞ്ഞ്-എത്ര കാലം കഴിഞ്ഞാണ് ദുഷ്ടത തീവ്രതയിലെത്തുന്നത് എന്ന് പൗലൊസ് പറഞ്ഞിട്ടില്ല (1 തിമൊ. 4:1-3; 2 തിമൊ. 3:13; 4:3 താരതമ്യം ചെയ്യുക). ലോകം അവസാനിക്കുന്നതിന് മുൻപ്, ദൈവത്തെ നമസ്ക്കരിക്കുന്നതിനെ ഞെരുക്കുവാൻ ശ്രമിക്കും.

ദുഷ്ടശക്തികളിൽ, തെറ്റായ മതങ്ങൾ, അവിശ്വാസ ശക്തികൾ, തുടങ്ങിയ ശക്തികളെല്ലാം ഉൾപ്പെടും. അതിനെ ഉദ്ദേശിച്ചാണ് “അധർമ്മ മൂർത്തി” എന്നു വിളിക്കുന്നത്. പിന്നെ, ഈ “മൂർത്തി” യുദ്ധം ജയിച്ചു (ലൂക്കൊ. 18:8 താരമത്യം ചെയ്യുക). ക്രിസ്തു തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ അവനെ നശിപ്പിക്കും.

ഈ കാഴ്ച്ചപ്പാട് മറ്റു കാഴ്ച്ചപ്പാടുകളേക്കാൾ നല്ലതാണെന്ന് തോന്നുന്നനു, പക്ഷെ ഏതൊരു കാഴ്ച്ചപ്പാടും വ്യക്തിപരമായിട്ടുള്ളതാണ്.

അവസാനം പറഞ്ഞ കാഴ്ച്ചപ്പാടടക്കം ചില കാഴ്ച്ചപ്പാടുകാർ വിചാരിക്കു

ന്നത് "അധർമ്മ മൂർത്തി" യെ 1 യോഹ. 2:18 ൽ പറയുന്ന "എതിർക്രരിസ്തു" ആയി തിരിച്ചറി.യുന്നു. ക്രിസ്തു ജഡത്തിൽ വന്നു എന്നു വിശ്വസിക്കാത്ത എതിർക്രിസ്തു അടക്കമുള്ള ദുരുപദേശത്തെയാണ് വ്യക്തിപരമായി യോഹന്നാൻ വിവരിക്കുന്നനത് എന്ന് ശ്രദ്ധിച്ചു വായിച്ചാൽ നമുക്ക് മനസിലാകും (1 യോഹ. 4:1–3). അവൻ പറയുന്നത് ആ കാഴ്ച്ചപ്പാടോടെയാണെന്ന് "എതിർക്രിസ്തുക്കൾ അനേകം" ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ മനസിലാക്കാം (1 യോഹ. 2:18).

**വാക്യം** 5. പൗലൊസ് പറഞ്ഞു, യഥാർത്ഥത്തിൽ, **ഈ കാര്യങ്ങൾ** [അവൻ] ... **അവരോട് പറയുന്നത്** [അവർ] **ഓർമ്മിക്കുന്നതിനാണ്**, ഗ്രീക്ക് വാക്ക് λέγω (*ലേഗോ*) അപൂർണ്ണ ക്രിയ "സൂചിപ്പിക്കുന്നത്" ആവർത്തന പ്രവൃത്തിയെയാണ്.

കർത്താവിന്റെ പ്രത്യക്ഷത വന്നിട്ടില്ലെന്ന് തെസ്സലൊനിക്യർ അറിയേണ്ടതായിരുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിന് മുൻപ് ഈ കാര്യങ്ങളെല്ലാം സംഭവിക്കണമെന്ന് പൗലൊസ് അവരോട് പറഞ്ഞത് അവർ ഓർക്കണമായിരുന്നു. "അധർമ്മ മൂർത്തി" ഇപ്പോൾ വരാതിരിക്കുവാൻ അവനെ തടുക്കുന്ന "ഒരു ശക്തിയുണ്ട്" (വാ. 6; എൻഐവി).

**വാക്യം** 6. "അവനെ" എന്ന വാക്ക് സൂചിപ്പിക്കുന്നത് "അധർമ്മ മൂർത്തി" ആണ് (വാ. 3, 4). അവനെ **തടുക്കു**[ന്നത്] **എന്താണെന്ന്** തെസ്സലൊനിക്യർക്ക് അറിയാമായിരുന്നു, കാരണം പൗലൊസ് അവിടെയായിരുന്നപ്പോൾ അത് അവൻ അവരോട് പറഞ്ഞിരുന്നു പൗലൊസ് ഈ ലേഖനം എഴുതുമ്പോഴും "മൂർത്തി" വരാതിരിക്കുവാൻ തടസപ്പെടുത്തുന്നുണ്ടായിരുന്നു. "എന്താണ്," ഇവിടെ, തടസപ്പെടുത്തുന്നത്, വാക്യ 7 ലെ "അവൻ" എന്ന വ്യക്തി എന്താണ്. രണ്ടും ബലമുള്ള ശക്തികളാണ് ആർ അല്ലെങ്കിൽ എന്താണ് അവനെ "തടയുന്നത്"? ഇതിനെ കുറിച്ച് പല സിദ്ധാന്തങ്ങളും നിലവിലുണ്ട്.

ആദ്യമായി തടുക്കുന്ന ശക്തി ചക്രവർത്തിയാണെനന്ന് പറയുന്നു. ചക്രവർത്തിമാരാണ് "അധർമ്മ മൂർത്തി" എന്നു വിശ്വസിക്കുന്നവരാണ് ഈ കാഴ്ച്ചപ്പാടുള്ളവർ. ആ സിദ്ധാന്തം തെറ്റാണ്, കാരണം, "മൂർത്തി" പൂർണ്ണമായും പ്രത്യക്ഷമായില്ല, അവനെ തടുക്കുവാനായി ഒരു ചക്രവർത്തിയുമില്ല (സാമ്രാജ്യങ്ങൾ പതിനഞ്ചു നൂറ്റാണ്ടിന് മുൻപ് കഴിഞ്ഞുപോയി). രണ്ടാമതായി പറയുന്നത് അത് സാമ്രാജ്യം തന്നെയാണെന്നാണ്. ഇവരെ "മൂർത്തി" എന്നു പറയുന്നത് പോപ്പുമാരാണെന്നാണ് കരുതുന്നനത്. ഈ കാഴ്ച്ചപ്പാടും അതേ കാരണത്താൽ അസംഭവ്യമത്ര: സാമ്രാജ്യം അപ്പോഴില്ല, "മൂർത്തി" പൂർണ്ണമായി വെളിപ്പെട്ടിട്ടുമില്ല. മൂന്നാമതായി, ചിലർ പറയുന്നത് അത് പരിശുദ്ധാത്മാവ് ആണ് എന്നത്രെ. ആ "മൂർത്തി" സാത്താൻ ആണെന്ന് കരുതുന്നവരാണ് ഇവർ. എന്നാൽ അതും സംശയാസ്പദമായി തോന്നുന്നു. വാക്യം 7 ലെ "നീങ്ങിപ്പോകുക" എന്നു പറഞ്ഞിരിക്കുന്നത് ക്രൂരമായ ദുഷ്പ്രവൃത്തിയാണ്. ഏതു ദുഷ്ടതക്കാണ് പരിശുദ്ധാന്മാവിനെ അതിജീവിക്കുവാൻ കഴിയുക? നാലാമത്, "എതിരാളി" എന്നു പറയുന്നത് നീതിന്യായ നിർവ്വഹണമാണെന്ന് ചിലർ പറയുന്നു. ആ "മൂർത്തി" ദുഷ്ടതയെ പ്രതിനിധീകരിക്കുന്നു എന്ന വിശ്വാസക്കാരാണ് ആ കാഴ്ച്ചപ്പാട് സ്വീകരിച്ചിരിക്കുന്നത്. എതിർക്കുന്ന ശക്തിയായി ഇവിടെ വിവരിച്ചിരിക്കുന്നത്, ഗവൺമെന്റിലും സമൂഹത്തിലുമുള്ള ചില ഘടകങ്ങളാണെന്ന് അവർ കരുതുന്നു. ചടുക്കുന്നവനെ കുറിച്ച്, റോബർട്സൺ എഴുതിയിരിക്കുന്നത്, "ച,ാടുക്കുന്നവൻ (പിന്തിരിപ്പിക്കുന്നവൻ എന്നതിന്റെ

ഗ്രീക്ക് വാക്ക് [κατέχω] *കാറ്റെക്കോൺ*), ഇവിടെ നപുംസകമായും, വാക്യം 7 ൽ പുല്ലിംഗമായും [ὁ κατέχων] *ഹോ കാറ്റെകോൺ*)."[9]

എങ്ങനെയായാലും, "മൂർത്തി" ഒരു വ്യക്തി ആയാലും ശക്തിയായാലും, ദൈവം അനുവദിച്ച "ശരിയായ സമയത്തിന്" (എൻഐവി) മുൻപ് പ്രത്യക്ഷനാകാതിരിക്കുവാൻ തടസപ്പെടുത്തിയിരിക്കുന്നു. പൗലൊസ് പറയുന്നത്, തെസ്സലൊനിക്യരെ, നിങ്ങൾ ഇപ്പോൾ ഉപദ്രവിക്കപ്പെടുന്നുവെങ്കിലും, ദൈവമാണ് സകലത്തെയും നിയന്ത്രിക്കുന്നത് എന്നാണ്. ദൈവം തന്റെ ജനത്തതെ മറന്നു കളയുകയില്ല.

**വാക്യം 7. അധർമ്മത്തിന്റെ മർമ്മം** എന്നു പറയുന്നത്, പൗലൊസിന്റെ കാലത്ത്, പുളിപ്പ് പോലെ, സജീവമായിരുന്ന ലോക സ്വാധീനമായിരുന്നു. വാക്യം 3 ൽ അധർമ്മത്തെ "അധർമമ മൂർത്തി" യുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു. പൊതുവിൽ ഒരു വ്യ്കിയായ "മനുഷ്യന്" ദുഷ്ടത ചെയ്യുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അവൻ പൗലൊസിന്റെ കാലത്ത് പ്രവർത്തിച്ചിരുന്നു, **ഇപ്പോൾ തടുക്കുകയണ്**, തുടർച്ചയായി പ്രവർത്തിച്ചകൊണ്ടിരിക്കയും ചെയ്യും. വഴിയിൽ നിന്ന് തടുക്കുന്നവൻ **നീങ്ങി പോകാതെ അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത** സംഭവിക്കുകയില്ല. ആ പ്രയോഗത്തിന്റെ ഗ്രീക്ക് വാക്ക് ἐκ μέσου γένηται (*ഏക്മെസോ ജെനെറ്റായി*) ഒരുപക്ഷെ അക്രമം നീങ്ങി പോകുന്നതാകാം, (മുൻപ് പറഞ്ഞതുപോലെ അത് പരിശുദ്ധാത്മാവ് ആയിരിക്കുവാൻ സാധ്യതയില്ല). "അധർമ്മ മൂർത്തി" യുടെ പ്രത്യക്ഷത വരെ "തടുക്കും" (സ്കോഫീൽഡ് റെഫറൻസ് ബൈബിൾ പറയുന്നതുപോലെ). അവൻ വഴിയിൽ നിന്നു "മാറി പോകണം," "നീങ്ങിപ്പോക" എന്നെല്ലാം ഇവിടെ പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവ് ആയിരിക്കുകയില്ല. ദൈവത്തിന് മാത്രമെ അത് ചെയ്യുവാൻ കഴിയു. എന്നാൽ അവൻ അത് ചെയ്യുകയില്ല.[10] അത് നിർബ്ബന്ധിച്ച് നീക്കി കളയുന്നതല്ല എന്നു പറയുന്നതിനും തെളിവില്ല.[11]

മുകളിൽ പറഞ്ഞതുപോലെ, ആണെങ്കിൽ, തടുക്കുന്ന ശക്തി വിവിധ സർക്കാരുകളും സമാമൂഹ്യ ഘടകങ്ങളു ഉൾപ്പെടുന്ന ശക്തി ആണെന്ന് കരുതുന്നവർ നിയമ നിർവ്വാഹണത്തിൽ വിശ്വസിക്കുന്നവർ അതിൽ ഉറച്ചു നിൽക്കും. അത്തരം സെന്റിമെനറൽ ഒഴിവാക്കിയിലല്ലെങ്കില, അഓധർമ്മം തുചരുകയും, ദുഷ്ട ശക്തികളെ തടയാതിരിക്കുകയും ചെയ്യുംയ ഇത്തരം സംഭവങ്ങൾ ബ്രിട്ടനും യൂഎസും തമ്മിൽ ദശാബ്ദങ്ങളോളം നിലനിന്നിരുന്നു. പേജ് 62 ൽ [2:6, 7] "കൂടുതൽ പഠനത്തിന്: ഇപ്പോൾ തടുക്കുന്നവൻ" (എന്നതിന്റെ ചർച്ച നോക്കുക).

**വാക്യം** 8. അധർമ്മ മൂർത്തി വ്യക്തിയായാലും, ശക്തിയായാലും ശരി വഴിയൽ നിന്നു നീങ്ങിപ്പോയാൽ മാത്രമെ അധർമ്മ മൂർത്തി "വെളിപ്പെടുകയുള്ളു." ക്രിസ്തുവിന്റെ പ്രത്യക്ഷതയെ കുറിച്ചു പറയുമ്പോൾ 1:7 ൽ ഇതേ വാക്ക് കാണാം, അർത്ഥം, "പ്രദർശിപ്പിക്കുക." യേശുക്രിസ്തുവും അധർമ്മ മൂർത്തിയും വാസ്തവത്തിൽ പോരാളികളാണ്, അവനെ ആണ്, **കർത്താവായ** [യേശു] **നശിപ്പിക്കും** അഥവാ പരാജയപ്പെടുത്തും എന്നാണ് പൗലൊസ് പറഞ്ഞത്. അധർമ്മ മൂർത്തി നശിപ്പിക്കുവാൻ സാധ്യമല്ല എന്ന് തോന്നിയാലും, യേശു **തന്റെ വായിലെ ശ്വാസത്താലാണ്** അവനെ ഓടുക്കി കളയുന്നത് (യെശ. 11:4 നോക്കുക). അവൻ സംസാരിക്കുന്ന സത്യം ദുഷ്ടതയെ നശിപ്പിക്കും (വെളി. 1:16).

കൂടാതെ, "മൂർത്തിയെ" ജയിക്കുന്നത് വളരെ എളുപ്പത്തിലായിരുന്നു.

ക്രിസ്തുവിന് അവനോട് യുദ്ധം ചെയ്യേണ്ടി വന്നില്ല; യേശു ഒന്നു സംസാരിക്കുമ്പോൾ അവൻ "നിഷ്പ്രഭമാകും". ദുഷ്ടനായ "അധർമ്മ മൂർത്തിയെ" യേശു ശക്തരഹിതനും ഉപദ്രവരഹിതനുമാക്കും.

**അവന്റെ വരവിന്റെ പ്രത്യക്ഷത** ശക്തിയുള്ളതും പ്രഭയോടുകൂടിയ ഒരു സാന്നിധ്യമായിട്ടാണ് പറയുന്നത്. "പ്രത്യക്ഷത" ἐπιφάνεια (*എപിഫാനെയിയാ*) "വരവ്" παρουσία (*പരൗസിയ*) യുടെ മറ്റൊരു സംഭവമാണ്. *എപഫാനെയിയ* തർജിമ ചെയ്തിരിക്കുന്നത്, മെക്കോർഡ് പറഞ്ഞതനുസരിച്ച് "പ്രഭ"[12] അക്ഷരികമായി "പ്രകാശം പരത്തൽ"[13] (മത്താ. 24:27; 1 തിമൊ. 6:14; 2 തിമൊ. 1:10 ലെ *എപിഫാനെയിയ* താരതമ്യം ചെയ്യുക).

"ശത്രു ഇല്ലാതാകുവാൻ യേശുവിന്റെ സാന്നിധ്യം മതിയാകും."[14] "മൂർത്തി" യിലുള്ള ദുഷ്ടത എത്ര ശക്തമാണെന്ന് തോന്നിയാലും, മോശെയുടേയും അഹരോന്റേയും വടികൾ മന്ത്രവാദികളുടെ വടികൾ വിഴുങ്ങികളഞ്ഞതിനേക്കാൾ ശക്തിമായി കർത്താവ് "അധർമ്മ മൂർത്തിയെ" ഇല്ലാതാക്കും. (പുറ. 7:6-13; 2 തിമൊ. 3:8).

വിവരിച്ചുകൊണ്ടിരുന്ന സംഭവ പരമ്പരകൾ പൗലൊസ് ഇവിടെ അവസാനിപ്പിച്ചു. ആദ്യം തടുക്കുന്ന വ്യക്തിയോ ശക്തിയോ നീങ്ങി പോകണം. പിന്നെ, "അധർമ്മ മൂർത്തി" വെളിപ്പെടും. മൂന്നാമതായി, ക്രിസ്തു ഹണാമത് ഉന്ന്, "അധർമ്മ മൂർത്തിയെ" നശിപ്പിക്കയും ഭൂമിയിലുള്ളവയെ എല്ലാം പാറ്റി കളായുകയും ചെയ്യും.

പൗലൊസ് കൃത്യമായി അങ്ങനെ പറയുന്നില്ലെങ്കിലും, ആദ്യത്തേത് സംഭവിച്ചചാൽ, പിന്നെ മറ്റു സംഭവങ്ങളെല്ലാം ധ്രുതഗദിയയിൽ സംഭവിക്കും. നാശത്തെ വിവരിച്ച് പൗലൊസ്, "അധർമ്മ മൂർത്തി" യുടെ നാശം വിശദമാക്കുകയാണ് ചെയ്യുന്നത്.

**വാക്യം 9**. "അധർമ്മ മൂർത്തിയും" കർത്താവിനെ പോലെ **വരും** (παρουσία *പരൗസിയ*). രണ്ടു വരവും മനോഹരമായിരിക്കുമെന്ന് സൂചിപ്പിച്ച് ഒരേ ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ വിവരിക്കുന്നത്, ദുഷ്ട **വ്യക്തി**യാണെങ്കിൽ, ആ സന്ദർഭത്തിൽ ദുഷ്ടത ജയിക്കുന്ന സമയമായിരിക്കും. അധർമ മൂർത്തിയുടെ വരവ്, **സാത്താന്റെ ശക്തിയോടുകൂടിയായിരിക്കും**. മുൻപ് ശ്രദ്ധിച്ചതുപോലെ, ഇവിടെ പൗലൊസ് പറയുന്നത് സാത്താനെ കുറിച്ചല്ല എന്ന് സ്പഷ്ടം. "അധർമ്മ മൂർത്തി" യുടെ പ്രവൃത്തി സാത്താന്റെ പ്രവൃത്തിക്ക് സമാന്തരമായിരിക്കാം. അവനും സാത്താനും പോരാടുന്നത് ഒരു വശത്തു നിന്നായിരിക്കും, അവന് സാത്താന്റെ ശക്തിയാലുള്ള പ്രവർത്തനമായിരിക്കും അവന്റേത്.

അവന്റെ ശക്തി പ്രത്യേകമായി പരഞ്ഞാൽ, **വ്യാജത്തിന്റെ വ്യാപാരശക്തിയിലള്ള അടയാളങ്ങളും അത്ഭുതങ്ങളു**ം ആയിരിക്കും. "ശക്തി" "അടയാളം," "അത്ഭുതം" എന്നിവ യേശുവും അവന്റെ അപ്പൊസ്തലന്മാർക്കും (പ്രവൃ 2:22; എബ്രാ. 2:4 താരതമ്യം ചെയ്യുക) ഉള്ളതായിരുന്നു. ("അത്ഭുതങ്ങൾ"; എൻഐവി). അമാനുഷ ശക്തിക്ക് ഊന്നൽ കൊടുത്തിരിക്കുന്നതാണ് അത്; "അടയാളങ്ങൾ" അവരേക്കാൾ അവയുടെ സ്വഭാവത്തെ ആകർഷിക്കുന്നതാണ് അത്; "വീര്യപ്രവൃത്തികൾ" എന്നു പറുന്നത് മനുഷ്യർക്ക് വിവരിക്കുവാൻ കഴിയാത്തവയാണ്. എങ്ങനെയായാലും, "അധർമ്മ മൂർത്തിയുടെ" വീര്യപ്രവൃത്തികൾ "വ്യാജവും," "നാട്യവുമാണ്" (ആർഎസ്വി).

അതിനർത്ഥം ആ വീര്യപ്രവൃത്തികൾ തോന്നിക്കുന്നവ മാത്രമാണെ

ന്നാണോ അർത്ഥമാക്കുന്നത്? എൻഐവിയും ആർഎസ്‌വിയും തർജിമ ചെയ്തിരിക്കുന്നത് ആ ചിന്തയിലാണ്. ഗ്രീക്ക് പറയുന്നത്, "അത്തരം എല്ലാ ശക്തികളും, അടയാളങ്ങളും വീര്യപ്രവൃത്തികളും വ്യാജം" എന്നാണ്. ഉപയോഗിച്ചിരിക്കുന്ന മൂന്നു വാക്കുകൾ δύναμις (*ഡുനാമിസ്* "ശക്തി"), σημεῖον (*സെമെയിയോൺ*, "അടയാളം,"), τέρας ψεῦδους (*ടെറാസ് സൂഡൗസ്*, "വ്യാജത്തിന്റെ വീര്യപ്രവൃത്തികൾ"). മോറിസ് താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് തർജിമ ചെയ്തിരിക്കുന്നത്. "അത്ഭുതങ്ങളെല്ലാം വ്‌ായജമെന്നുള്ളതല്ല ... അങ്ങനെ വന്നാൽ ശരിയായ അത്ഭുതങ്ങളെയും തള്ളിക്കളയും.യഥാർത്ഥത്തിൽ അതിനെ ചുരുക്കിയിരിക്കുകയാണ് (സാത്താൻ എന്തെങ്കിലും കുറഞ്ഞത് ചെയ്യുമോ?). അവ മോശമായ മനോഭാവത്തെ വളർത്തുന്നതാണ് എന്നത്രെ പൗലൊസ് പറയുന്നത്."[15]

മത്തായി 24:24 അനുസരിച്ച്, യേശുവും അപ്പൊസ്തലന്മാരും ചെയ്ത അത്ഭുങ്ങളും സാന്ഡറെ അത്ഭുതങ്ങളും തമ്മിൽ വ്യത്യാസം കാണുന്നതൊഴിച്ചാൽ മോറിസിനോട്, ഇറ്റാലി.യൻ തർജിമക്കാരൻ നർഡോനി യോജിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെ വഞ്ചിക്കുവാൻ സാധ്യമല്ല (അവർ ആത്മാർത്ഥമായി സത്യം ആഗ്രഹിച്ചവരാണ്); എന്നാൽ ആത്മാർത്ഥതയില്ലാത്ത മറ്റുള്ളവർ അത്തരം പ്രവൃത്തികളിൽ വഞ്ചിതരാകും (വാ. 10 നോക്കുക).[16] അതുകൊണ്ട്, മോറിസിൽ നിന്നു വ്യത്യസ്തമായി, ആത്മമാർത്തതയുള്ള ക്രരിസ്ത്യാനികൾ സത്യമായ അത്ഭുതവും, സാത്താന്റെ വ്യാജമായ അത്ഭുതവു തമ്മിലുള്ള വ്യത്യാസം മനസിലാക്കും മറ്റെന്തിന്റെ അടിസ്ഥാനത്തിലാണ് നമുക്ക് വ്യത്ാസം മനസിലാക്കുവാൻ കഴിയുക?

കൂടാതെ, "അധർമ്മ മൂർത്തി" യെ തന്റെ പ്രവൃത്തി തുരുവാൻ അനുവദിതചച്ചാൽ (വീണ്ടും ചെയ്യുവാൻ) ക്രിസ്തീയ കാലഘട്ടത്തിൽ നടന്ന യഥാർത്ഥ അത്ഭുതങ്ങൾ, ദൈവം തന്റെ ശക്തിയാൽ വീണ്ടും ശരിക്കുള്ള അത്ഭുതങ്ങൾ ചെയ്യുവാൻ നിർബ്ബന്ധിതനാകം. എങ്ങനെയായാലും, ദൈവം വീണും അത്ഭുതങ്ങൾ നടത്തുമെന്നതിന് പുതിയ നിയമത്തിൽ തെളിവുകളില്ല. ആ "വീര്യപ്രവൃത്തികൾ," "വ്യാജം" ആണെന്നും ആ "അത്ഭുതങ്ങൾ" ആധാരിക-മല്ലാത്തതിനാൽ, വഞ്ചനയുടെ പ്രവൃത്തികളാണ്.

ഇവിടെ പറയുന്ന "വ്യാജ" വീര്യപ്രവൃത്തികൾ എന്താണ്? അറിയ-പ്പെടുന്ന "അത്ഭുതരോഗശാന്തിക്കാർ" നടത്തുന്ന അത്ഭുതങ്ങളായിരിക്കാം. ആ "അത്ഭുതങ്ങളെ" ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടേയും അത്ഭുതങ്ങളുമായി താരതമ്യം ചെയ്ത് വ്യത്യാസം കാണാമായിരുന്നു. ശിമൊന്റെ ആഭിചാരത്തെ ഫിലിപ്പൊസിന്റെ "അത്ഭുത" വുമായി താരതമ്യം ചെയ്തു വയത്യാസം കാണുവാൻ കഴിഞ്ഞു (പ്രവൃ. 8:9-19). ശിമോൻ ചെയ്തതു നന്നായിരുന്നു, പക്ഷെ ഫിലിപ്പൊസിൽ നടന്നത് ദൈവികമായിരുന്നു. അധർമ്മ മൂർത്തി തന്നെ ഏതെല്ലാം വിധത്തിലാണ് പ്രദർശിപ്പിക്കുന്നത് എന്ന് പൗലൊസ് തുടർച്ചയായി പറയുന്നു.

**വാക്യം 10. ദുഷ്ടതയുടെ സകല വഞ്ചനയോടുംകൂടെയായിരിക്കും** അവൻ വരുന്നത്, ഊഹിക്കാൻ കഴിയുന്ന എല്ലാ ദുപ്രവണതകളുമായി വരും. അവന്റെ ലക്ഷ്യം മുഴുവൻ ആളുകളെ വഞ്ചിക്കുക എന്നതാണ്. ആളുകളെ തന്റെ പക്കലേക്ക് ആകർഷിക്കുവാൻ അവൻ എന്തും ചെയ്യും. ഏതു തരം ആളുകളായിരിക്കും അവനെ പിൻപറ്റുന്നവർ? **നശിക്കുന്നവർ** ആണ് അവനെ അനുഗമിക്കുന്നത് എന്നാണ് പൗലൊസ് പറഞ്ഞത്. ആർഎസ്‌വി

യിൽ നശിക്കുവാനുള്ളവർ എന്നാണ്. നശിക്കുക, നശിപ്പിക്കുക എന്നാൽ, "നിത്യമായി നശിപ്പിക്കുക" എന്നാണ് അർത്ഥം (1:9). അവർ "നിത്യനാശത്തിന്റെ പാതയിൽ സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു."

പൗലൊസ് ഇവിടെ ഗ്രീക്ക് പാർട്ടിസിപ്പിൾ ആണ് ഉപയോഗിച്ചിരിക്കുന്നത്, τοῖς ἀπολλυμένοις (*ടോയിസ് അപൊല്ലുമെനോയിസ്*), അർത്ഥം "നശിക്കപ്പെടുന്നവർ." "നശിക്കുന്നവർ"[17] എന്നും അതിനെ തർജിമ ചെയ്യാം.

സ്വാഭാവികമായ ഒരു ചോദ്യം ഉയരാം: നാശത്തിലേക്കുള്ള വഴിയിലായവനരെ സാത്താൻ പിന്നെ വഞ്ചിക്കുന്നത് എന്തിന്? അവന്റെ വലയിൽനിന്നു വിട്ടുപോരുവാൻ കഴിയാത്ത വിധത്തിൽ പാപത്തിന്റെ ആഴത്തിലേക്ക് എത്തിക്കുവാ ാനാണ് അവൻ ആഗ്രഹിക്കുന്നത്. കൂടാതെ, കെൽസി പറയുന്നതുപോലെ, "മൽസര സൈന്യത്തിൽ [സജീവമായി പ്രവർത്തിക്കുന്നവരോടൊപ്പം] പ്രവർത്തിക്കമാറാക്കുകയാണ് അവൻളെ ലക്ഷ്യം."[18]

ആ ആളുകൾ നാശത്തിലേക്ക് പോകുവാനുള്ള യഥാർത്ഥ കാരണം എന്താണ്? അവർ **സത്യത്തെ സ്നേഹിക്കായ്ക കൊണ്ടാണ്** അങ്ങനെ സംഭവിച്ചത് എന്നാണ് പൗലൊസ് പറഞ്ഞത്. സുവിശേഷത്തിലെ ക്രിസ്തുവിനെയും, സ്വിശേഷത്തെയും അവർ മനപ്പൂർവ്വം തള്ളി കളഞ്ഞു (എഫെ. 4:21). "ഹൃദയത്തിന്റെ ... മനോഭാവത്തെയാണ് [ഇത്] കാണിക്കുന്നനത്, അവർക്ക് നിത്യ ശിക്ഷാവിധിയാണ് ലഭിക്കുന്നത്."[19] സത്യത്തെ സ്നേഹിക്കുന്നവർക്ക് **രക്ഷപ്പെടുവാൻ** കഴിയും, അല്ലെങ്കിൽ, ദൈവത്തോട് നിത്യമായി നിരന്നു കൊൾവാനും കഴിയും, എന്നാൽ ഇപ്പോൾ വഞ്ചിക്കപ്പെട്ടവർ, എതിർ ദിശ തിരഞ്ഞടുക്കുവാനുള്ള അവസരം ഇപ്പോൾ ഉണ്ട്. പക്ഷെ അകന്നു പോയാൽ എന്നാൽ ദൈവത്തോട് നിരന്നകൊള്ളാഞ്ഞാൽ, അടുത്ത വാക്യത്തിൽ അങ്ങനെയുള്ള മനുഷ്യനെ കുറിച്ചാണ് പറയുന്നത്.

**വാക്യം 11. അക്കാരണത്താൽ** എന്നു പറഞ്ഞിരിക്കുന്നതിന്റെ കാരണം വാക്യം 10 ൽ പറഞ്ഞിരിക്കുന്നു. **സ**ത്യത്തെ സ്നേഹിച്ചു കൈക്കൊണ്ടില്ല. അതുകൊണ്, **ദൈവം അവരിലേക്ക് വ്യാജത്തിന്റെ വ്യാപാരശക്തി** അയക്കും "അയക്കും" എന്നത് ഭാവിയിൽ (പ്രവചനപരം) "അധർമ്മ മൂർത്തി" പ്രത്യക്ഷനാകുമ്പോൾ സംഭവിക്കുന്നതാണ്.[20]

ഏത് അർത്ഥത്തിലാണ് ദൈവം അത്തരര സ്വാധീനശക്തി അയക്കുന്നത്? ലോകത്തിന്റെ നാടകത്തെ നിയന്ത്രിക്കുന്നവൻ എന്ന രീതിയിൽ, ഒരാളുടെ തീരുമാനം ക്രിസ്തുവിനെതിരാക്കുകയും, ഏക സത്യത്തിന് എതിരായി–സാത്താനെയും തെറ്റിനേയും സ്വീകരിക്കുന്ന, സത്യത്തെ തള്ളിക്കളയുന്നവനും വ്യാജത്തെ ഇഷ്ടപ്പെടുന്നവനും എന്ന നിലയിലായി തീരുന്നതിന് തന്നെത്താൻ ഉത്തരവാദിയാകുന്നു, അവിശ്വാസിയിലേക്ക് ദൈവം "ശക്തമായ വ്യാപാരശക്തിയെ" അയക്കും എന്നു പറയുന്നു (ആർഎസ്വി) അങ്ങനെ [അയാൾ] അധർമ്മ മൂർത്തി ദൈവം ആണെന്ന **ഭോഷ്ക്ക് വിശ്വസിക്കുന്നു** (വാ. 4), [അല്ലെങ്കിൽ സ്വീകരിക്കുന്നു].

നന്മയുടേയും സകല സത്യത്തിന്റേയും ഉറവിടമായ ദൈവത്തിന് എങ്ങനെ ചിലർ ഭോഷ്ക്ക് "വിശ്വസിക്കേണ്ടതിന്" "വ്യാജത്തിന്റെ വ്യാപാരശക്തി" അയക്കുവാൻ കഴിയുന്നു എന്നത് പ്രശ്തമാണ്, ദൈവത്തിന്റെ പ്രവർത്തനത്തിന് സമാന്തരമായി ഒരു വ്യാപാരശക്തിയാണ് എന്നോർക്കുക. ഒരാൾ സ്വയം കുന്നിന്റെ മുകളിൽ നിന്നു ചാടുമ്പോൾ, അയാൾ മരണത്തിലേക്കാണ് പോകുന്നത്, ദൈവം അത്തരം ആളുകളെ മരണത്തിലേക്ക്

തള്ളുകയോ അഥവാ കൊല്ലലുകയോ ആണോ ചെയ്യുന്നത്? പൗലൊസിന്റെ കാഴ്ച്ചപ്പാടിൽ നോക്കിയാൽ, അവൻ സ്വയം ആ ആകർഷണശക്തിക്കു വിധേയനാവുകയാണ്. ജീവിതത്തെ സ്വയം ഇഷ്ടപ്പെടുന്നില്ല എന്ന് തീരുമാനിക്കാതെ, ദൈവം ആരിലേക്കും മരണം അയക്കുകയില്ല. ജീവിക്കുന്നതിനെതിരായി നീങ്ങുവാൻ അയാൾ തീരുമാനിച്ചു കഴിഞ്ഞു എന്നതാണ് കാര്യം.

ഇത്തരത്തിൽ, ദൈവം ഭോഷ്ക്ക് വിശ്വസിക്കുവാൻ ചിലരിലേക്ക് വ്യാജത്തിന്റെ വ്യാപാരശക്തി അയക്കും. ദൈവത്തിന്റെ നിയമത്തിന്റെ സ്വഭാവം അനുസരിച്ച്, ചില ആളുകൾ ഭോഷ്ക്ക് വിശ്വസിക്കയും ദൈവം അവനിലേക്ക് നാശം "അയക്കുകയും ചെയ്യുമെന്ന് അന്തർലീനമാക്കിയിരിക്കുന്നു". വീണ്ടും, ഓർക്കേണ്ട കാര്യം സത്യം കൈക്കൊള്ളുവാൻ വിമുഖത കാണിച്ചവരിലേക്കാണ് ദൈവം ഇങ്ങനെ അയക്കുന്നത് എന്നതാണ്. സത്യത്തെ നിഷേധിച്ച ആളുകൾക്ക് പിന്നെ നടക്കുവാൻ വേറെ ഒരു വഴിയേയുള്ളു: വഞ്ചിക്കപ്പെടുന്നതും, ഭോഷ്ക്ക് വിശ്വസിക്കുന്നതും, നശിക്കുന്നതുമായ വഴി.

അത്തരം കാഴ്ച്ചപ്പാട് നോക്കി, ദൈവം ഫറവോന്റെ ഹൃദയം കഠിനമാക്കിയതുപോലെ കഠിനമാക്കുകയാണ് (പുറ. 9:12). സത്യത്തിനെതിരായി തീരുമാനം എടുക്കുന്നവരിലാണ് ദൈവം ഇപ്രകാരം ചെയ്യുന്നത് (വാ. 10); മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അതിന് അയാൾ തന്നെയാണ് ഉത്തരവാദി. ബൈബിൾ പറയുന്നത്, ഫറവോനാണ് തന്റെ ഹൃദയത്തെ കഠിനപ്പെടുത്തിയതിന് ഉത്തരവാദി (പുറ. 8:32). 2 തെസ്സലൊനിക്യർ 2 ൽ പറഞ്ഞിരിക്കുന്ന ആളുകൾ, മുൻപ് ശ്രദ്ധിച്ചതുപോലെ, തസ്യത്തെ സ്നേഹിക്കായ്കയാൽ, അതിനെ നിഷേധിച്ചവരായിരുന്നു (വാ. 10). അതുകൊണ്, അവർ "അധർമ്മമൂർത്തി" ദൈവം ആണംന്ന ഭോഷ്ക്ക് വിശ്വസിച്ചു (വാ. 4).

**വാക്യം 12**. "സത്യത്തെ സ്നേഹിക്കാതിരുവാന്" ആളുകൾ തീരുമാനം എടുത്തപ്പോൾ, ദൈവം അവരിലേക്ക് ഭോഷ്ക്ക് വിശ്വസിക്കുവാൻ വ്യാജത്തിന്റെ വ്യാപാരശക്തി "അയക്കുകയും" അങ്ങനെ തെറ്റിൽനിന്ന് തെറ്റിലേക്കും അവസാനം നാശത്തിലേക്കും പോകും-സത്യത്തിനും രക്ഷക്കും എതിരായ ഏകവഴിയാണ് അത്-അങ്ങനെ അവരെയെല്ലാം **ദൈവം ന്യായം വിധിക്കും** അല്ലെങ്കിൽ അന്ത്യ നാളിൽ കുറ്റത്തിനുള്ള ശിക്ഷ അനുഭവിക്കേണ്ടിവരും. **അവർ സത്യത്തെ സ്നേഹിക്കാതെ** സുവിശേഷത്തെ തള്ളിക്കളഞ്ഞതാണ് കാരണം (വാ. 10). ഈ അവിശ്വാസികളെ "ലിധിക്കും." അതിന്റെ ഗ്രീക്ക് വാക്ക് κρίνω (*ക്രിനോ*) അത് 1:5 ലെ നാമവുമായി യോജിക്കുന്നു.[21] അവർ **ദുഷ്ടതയിൽ സന്തോഷം കണ്ടെത്തി** എന്നതാണ് യഥാർത്ഥകാരണമായി പൗലൊസ് പറഞ്ഞത്, അല്ലെങ്കിൽ, "അനീതിയിൽ രസം കണ്ടെത്തി" (ആർ എസ്വി). "സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളായ്കയാൽ" എന്ന വാക്യം 10 ലെ പ്രയോഗത്തോടൊപ്പം, "നീതിമാൻ യഹോവയുടെ ന്യയപ്രമാണത്തിൽ സന്തോഷിക്കും" എന്നു കൂടെ നാം ഓർക്കണം (സങ്കീ. 1:2).

## പ്രബോധനവം സ്തോത്രവും (2:13-15)

**[13]ഞങ്ങളോ കർത്താവിന്നു പ്രിയരായ സഹോദരന്മാരേ, ദൈവം നിങ്ങളെ ആദിമുതൽ കർത്താവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷക്കായി തിരഞ്ഞെടുത്തതുകൊണ്ട്. നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടമ്പെട്ടിരിക്കുന്നു. [14]നമ്മുടെ കർത്താ**

**വായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷെക്ക് വിളിച്ചത്. [15]ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറച്ചു നിന്നു ഞങ്ങൾ വാക്കിനാലോ ലേഖന ത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറകെ പിടിച്ചുകൊൾവിൻ.**

**വാക്യം 13. ഞങ്ങൾ നിങ്ങൾക്ക് വേണ്ടി സ്തോത്രം ചെയ്യുവാൻ നാം കടമ്പെട്ടിരിക്കുന്നു.** ദൈവം ക്രിസ്തു മുഖാന്തരം ദൈവം അവരെ തന്നോട് നിരപ്പിച്ചു, അങ്ങനെ ചെയ്യുമ്പോൾ, തന്റെ ജനത്തിന് പൗലൊസിനെ പോലെ യുള്ള മറ്റുള്ളവരുമായി നല്ല ബന്ധം അവൻ സാധ്യമാക്കി കൊടുത്തു (1:3 ന്റെ ചർച്ച നോക്കുക). തീർച്ചയായും, നാമും നമ്മുടെ **സഹോദരങ്ങൾക്ക്** വേണ്ടി സ്തോത്രം ചെയ്യുന്നവ "രാകണം". 1 തെസ്സലൊനിക്യർ 1:4 ൽ ശ്രദ്ധിച്ചതപേ ാലെ, പൗലൊസിന് പ്രിയപ്പെട്ടതും, അടിക്കടി ഉപയോഗിച്ചതുമായ വാക്കാണ് "സഹോദരന്മാർ"-പുതിയ തെസ്സലൊനിക്യ ലേഖനങ്ങളിൽ ഇരുപതു പ്ര ാവശ്യം.[22] നാം അതിലും കൂടുതൽ ഉപയോഗിക്കേണ്ടേ?

എല്ലാ ആളുകളും **കർത്താവിന്നു പ്രിയപ്പെട്ടവരാണ്** (യോഹ.3:16), എന്നാൽ ക്രിസ്ത്യാനികൾക്കു മാത്രമാണ് അവന്റെ പ്രത്യേകമായ അനുഗ്രഹ ങ്ങളുള്ളത്, കാരണം അവർ അവന്ന് വിലപ്പെട്ടവരാണ് (യൂദാ 21 നോക്കുക) . ക്രിസ്തു മുഖാന്തരം അവർ ദൈവത്തോട് നിരപ്പ് പ്രാപിച്ചവരാണ് (2 കൊ. 5:19). [അവരെ] **ആരംഭം മുതൽ രക്ഷക്കായി ദൈവം തിരഞ്ഞെടുത്തതു** [കൊണ്ട്], അവൻ ദൈവത്തോട് സ്തോത്രം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. ചില പഴയ കയ്യെഴുത്തുപ്രതികളിൽ വായിക്കുന്നത്, "ആരംഭം മുതൽ" എന്ന തിന് പകരം "ദൈവം തന്റെ ആദ്യജാതന്മാരായി തിരഞ്ഞെടുത്തു" എന്നാണ് (എൻഈബി യിലെ കുറിപ്പുകൾ നോക്കുക). എങ്ങനെയായാലും, മോഖിസ് ഇഷ്ടപ്പെട്ടത് "ആരംഭം മുതൽ" എന്നാണ്, അദ്ദേഹം എഴുതി:

> ഗ്രീക്ക് വാക്ക് ἀπαρξήν [*അപാർക്സെൻ*], പല രീതിയിൽ വായി ക്കുന്നതിനാൽ, "ആദ്യജാതൻ" എന്ന വാക്ക് ചിലർ ഇഷ്ടപ്പെട്ടിരി ക്കുന്നു. വരുവാനുള്ളവരിൽ നിന്നു വ്യത്യസ്തമാണ് അർത്ഥമാണ് ആദ്യത്തേത് ... വിവിധ രീതിയിലുള്ള രണ്ടു കയ്യെഴുത്തു പ്ര തികളും നല്ല പിന്തുണയാണ് നൽകുന്നത്. പകർത്തെഴുത്തുകാർ ഇഷ്ടപ്പെട്ടത് ഒരുപക്ഷെ ["ആരംഭം മുതൽ"] എന്നതായിരിക്കാം, കാരണം ഇത് പൗലൊസിന്റെ പ്രത്യേക പ്രയോഗ ശൈലി അല്ല ...[23]

"ആരംഭം മുതൽ" എന്നാണ് നാം എടുക്കുന്നതെങ്കില് എന്തിന്റെ "ആരംഭം മുതൽ?" എന്ന് ചോദിക്കേണ്ടി വരും. അത് പൗലൊസിന്റെ ശുശ്രൂഷ ആരം ഭിച്ചതുമുതലാണോ അതോ, ദൈവം തന്റെ രക്ഷാപദ്ധതി ആരംഭിച്ചതുമുത ലാണോ? "ആരംഭം മുതൽ" എന്നതാണ് ശരിയായി കണക്കാക്കുന്നതെങ്കിൽ, പൗലൊസിന്റെ ശുശ്രൂഷ ആരംഭിച്ചതുമുതൽ എന്നു വായിക്കുന്നതായിരിക്കും ഉചിതം. എങ്ങനെയായാലും, "ആരംഭം മുതൽ" എന്നത് നല്ല ഒരു പരിഹാരമല്ല. മറിച്ച്, "അവന്റെ ആദ്യജാതന്മാർ" എന്ന് വായിക്കുന്നതായിരിക്കും ഏറ്റവും ഉചിതം. വാസ്തവത്തിൽ യുബിഎസ് പിന്തുണക്കുന്നത് "ആത്യജാതന്മാർ" എന്നതാണ്, അതിന് ബി റേറ്റിങ് കൊടുത്തിരിക്കുന്നു.[24] ഇങ്ങനെ വായിച്ചാൽ, "ആദ്യ ജാതന്മാർ" എന്നു പറയുന്നത് മക്കെദോന്യയിൽ ആദ്യം ക്രിസ്ത്യാ

നികളായവരാണ്. അത് അങ്ങനെയെങ്കിൽ, ഈ ക്രിസ്ത്യാനികളെ ദൈവം എപ്പോഴാണ് "തിരഞ്ഞെടുത്തത്?"

ഇതേ ആശയത്തെ കുറിച്ച് പൗലൊസ് വിവരിക്കുന്ന മറ്റുവേദഭാഗങ്ങൾ കൂടെ പരിശോധിച്ചാൽ, രക്ഷയെ കുറിച്ച് ദൈവം പദ്ധതിയിട്ടതും ഉദ്ദേശിച്ചതും മുതലാണ് ഏന്നു തീർച്ചപ്പെടുത്താം. ഈ ചിന്ത എഫെസ്യർ 1:4 മായി താരതമ്യം ചെയ്യുക (എൻഐവി). അവിടെ പൗലൊസ് പറഞ്ഞു, "ലോക സൃഷ്ടിക്കു മുമ്പെ വിശുദ്ധരാകുവാൻ നമ്മെ അവൻ തിരഞ്ഞെടുത്തു ..." (എഫെ. 3:5-9; 1 കൊ. 2:7.) ക്രിസ്ത്യാനികളെ "സോത സൃഷ്ടി മുതൽ" തിരഞ്ഞെടുത്തിരിക്കുന്നു എന്നു എഫെസ്യർ 1:4 അടിവരയിട്ട് പറയുന്നു. എന്നാൽ എഫെസ്യർ 3:5-9 ഊന്നി പരയുന്നത് ആ തിരഞ്ഞെടുപ്പിൽ ജാതികളും ഉൾപ്പെടുന്നു എന്നതാണ്. മനുഷ്യന്റെ വീഴ്ച്ചയും അനുസരിക്കുന്നവരെ തന്റെ പുത്രൻ മുഖാന്തരം രക്ഷിക്കേണതിന്റെ ആവശ്യകതയും അവൻ മുൻകണ്ടിരുന്നു. അതുകൊണ് ദൈവം കന്റെ അത്ഭുതശക്തിയാൽ, ചിലരെ "തിരഞ്ഞെടുത്ത്" "രക്ഷിക്കുവാൻ തീരുമാനിച്ചു."

ഇവിടെ തീർച്ചയായും, ഒരു ചോദ്യം ഉയർത്തും. ദൈവം മുൻ-കണ്ട്, മുൻ-തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ, മനുഷ്യന്റെ ഭാഗത്തുമിന്നുള്ള തിരഞ്ഞെടുപ്പ് പുറന്തള്ളപ്പെടുന്നില്ലേ? അങ്ങനെയാണെങ്കിൽ, നാം തിരഞ്ഞെടുക്കാത്ത വിധത്തിൽ രക്ഷ ചിലർക്ക് അടച്ചുകളയുകയല്ലലേ ചെയ്യുന്നത്? അങ്ങനെ ദൈവം ചെയ്യുകയില്ല. ദൈവം വ്യക്തികളെ തിരഞ്ഞെടുത്തിട്ടില്ല; വിസ്തൃതമായ ജനത്തെയാണ് ദൈവം "തിരഞ്ഞെടുത്തത്." പഴയ നിയമകാലത്തിലും ദൈവം തന്നെ അനുസരിച്ചവരെയാണ് വാസ്തവത്തിൽ "തിരഞ്ഞെടുത്തത്." പ്രവവാചകന്മാർ മുഖേന അവൻ തന്റെ വചനം നൽകി (ആവ. 18:14-20). തീർച്ചയായും പ്രവാചകന്മാരിൽ വെച്ച് ഏറ്റവും വലിയ യേശുക്രിസ്തുവിലും അത് വാസ്തവമായിരുന്നു (എബ്രാ. 5:8, 9). അനുസരിച്ചവരെല്ലാം അവനെ പിൻപറ്റിയിരുന്നു, ജാതികളും ദൈവത്തെ അനുസരിച്ചപ്പോഴായിരുന്നു തിരഞ്ഞെടുപ്പിൽ ഉൾപ്പെട്ടത് (റോമ. 9:23-26; ഉദ്ധരിച്ചിരിക്കുന്നത് ഹോശെ. 1:10; 2:23). യഥാർത്ഥത്തിൽ, ലോകസൃഷ്ടിക്ക് മുൻപ്, ദൈവം, ക്രിസ്തുവിനെ അനുസരിക്കുന്ന ഏവരേയും രക്ഷിക്കുവാനും, ക്രിസ്തുവവിനെ അനുസരിക്കാതിരിക്കുന്ന ഏവരെയും ശിക്ഷിക്കുവാനും തീരുമാനിച്ചിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. ഇതിൽ ഏതു കൂട്ടത്തിൽ ഉൾപ്പെടണമെന്ന് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം വ്യക്തികളിൽ നിക്ഷിപ്തമാണ്. അതുകൊണ്ട് നാം ഏതു കൂട്ടത്തിൽ പോകണമെന്ന് തിരഞ്ഞെടുക്കേണ്ടതിന് ലോകസൃഷ്ടിക്കു മുമ്പ് തന്നെ പദ്ധതി തയ്യാറാക്കി. ഓരോരുത്തരും ഏതു വഴിയിൽകൂടെയാണ് പോകുന്നത്? അത് ഓരോരുത്തരുടേയും തീരുമാനം അനുസരിച്ചായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക. (പേജ് 53 ലെ "ദൈവം എന്തു ചെയ്തു?" എന്ന ചാർട്ട് നോക്കുക.)

രക്ഷിക്കപ്പെടുവാൻ തിരഞ്ഞെടുത്തവരുടെ ഗണത്തിൽ ഉൾപ്പെടുത്തുവാൻ, സത്യം അനുസരിച്ചതുകൊണ്ട്, തെസ്സലൊനിക്യരെ "രക്ഷയ്ക്കായി" ദൈവം തിരഞ്ഞെടുത്തു. അവർ സത്യം കേട്ടപ്പോൾ, അതിനെ സ്നേഹിച്ചു, അതിനെതിരായി, "അധർമ്മ മൂർത്തിയെ" പിൻപറ്റുന്നവർ "സത്യത്തെ സ്നേഹിക്കുവാൻ" കൂട്ടാക്കിയില്ല (വാ. 8, 10). രണ്ട് കാര്യങ്ങളിൽ **കൂടെയാണ്** ആ തെസ്സലൊനിക്യർ രക്ഷിക്കപ്പെട്ടത് എന്നാണ് പൗലൊസ് പറയുന്നത്. ആദ്യമായി, ദൈവഭാഗത്തുനിന്നുള്ള **ആത്മാവിന്റെ വിശുദ്ധീകരണവും**, പിന്നെ

മനുഷ്യരുടെ ഭാഗത്തുനിന്നും, **സത്യത്തിലുള്ള വിശ്വാസം** നിമിത്തവും. “ആത്മാവിന്റെ വിശുദ്ധീകരണം” എന്നതുകൊണ്ട് പൗലൊസ് ഉദ്ദേശിച്ചത്, വചനം മുഖാന്തരമുള്ള പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. “സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു” (യോഹ. 17:17), “ആത്മാവിന്റെ വാൾ ... ദൈവത്തിന്റെ വചനം ആകുന്നു” എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെ. 6:17). ദൈവ വചനം എന്ന ഉപകരണം മുഖാന്തരം, ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു, അല്ലെങ്കിൽ വിശദ്ധീകരിക്കുന്നു എന്നാണ് ആ വേദഭാഗങ്ങൾ വ്യക്തമാക്കുന്നത്. അത് ആരംഭത്തില് പരിവർത്തനം നടക്കുമ്പോൾ സംഭവിക്കുന്നു (1 കൊ. 1:2) ക്രിസ്ത്യാനികളുടെ ജീവിതത്തിൽ അന്തിമ രക്ഷ പ്രാപിക്കുവോളം ജീവിതത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും (1 യോഹ. 1:7; 1 പത്രൊ. 1:2 താരതമ്യം ചെയ്യുക). ദൈവഭാഗത്തുനിന്നുള്ള പ്രവർത്തിയാണ് അത്. മനുഷ്യരുടെ ഭാഗത്തുനിന്നു വരുന്നതാണ് “സത്യത്തിലുള്ള വിശ്വാസം.” “അധർമ്മ മൂർത്തിയുടെ” ഭോഷ്ക്ക് വിശ്വസിക്കുന്നതിന് പകരം (വാ. 4) തെസ്സലൊനിക്യയിലുള്ളവർ യേശു ആണ് കർത്താവ് അല്ലാതെ “അധർമ്മ മൂർത്തിയല്ല” എന്ന് വിശ്വസിച്ചു. ആ സത്യം അവർ വിശ്വസിക്കയാൽ, യേശു അവരുടെ പാപങ്ങൾ മോചിച്ച് രക്ഷിച്ചു (യോഹ. 8:32).

**ദൈവം എന്തു ചെയ്തു**

നിങ്ങൾക്ക്?

എനിക്ക്?



| **അനുസരിച്ചവരെ രക്ഷയ്ക്കായി തിരഞ്ഞെടുത്തു** | “ഇഛിക്കുന്നവൻ ജീവജലം കുടിക്കട്ടെ” (വെളി. 22:17) | **അനുസരിക്കാത്തവരെ നഷ്ടപ്പെടുത്താൻ തിരഞ്ഞെടുത്തു** |
|---|---|---|

രക്ഷിക്കപ്പെടുവാൻ
ഇഛിക്കുന്ന നമ്മെ
“സത്യത്തിലുള്ള
വിശ്വാസത്തിലേക്ക്”
നയിക്കുന്നു
(2 തെസ്സ. 2:13).

**വാക്യം. 14.** വാക്യം 13 ൽ പറഞ്ഞിരിക്കുന്ന പിതാവായ ദൈവത്തെ ആണ് **അവൻ** എന്നു പറഞ്ഞിരരിക്കുന്നത്. തെസ്സലൊനിക്യരെ തന്റെ വഴിയിലേക്ക് **വിളിച്ചത്** പിതാവായ ദൈവം ആണ് (പ്രവൃ. 17:1–4). “മുകളിൽ ‘തിരഞ്ഞെടുത്തു’ എന്നു പറഞ്ഞതുപോലെ ‘വിളിച്ചു’” അതിന്റെ ഗ്രീക്ക് വാക്ക് καλέω (*കലെയോ*), വിവരിക്കുന്നത്, ഏക പ്രവൃത്തിയെയാണ്. വർത്തതമമാനകാലത്തിൽ “വിളിക്കുന്നു” എന്നു പറയുന്നതിൽ നിന്നു വ്യത്യസ്തമാണ് 1 തെസ്സ. 2:12; 5:24 ൽ പറയുന്നതുപോലെ[25] **ഞങ്ങളുടെ സുവിശേഷ ഘോഷണത്താൽ** അവരെ രക്ഷക്ക് വിളിച്ചു എന്നു പറയുന്നതിനാൽ, പൗലൊസും സഹപ്ര

വർത്തകരും “സുവിശേഷം” പിടിച്ചുകൊള്ളുകയും പ്രഖ്യാപിക്കുവാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തു എന്നു കാണിക്കുന്നു.

ഈ കാലത്ത് ദൈവം നേരിട്ടല്ല ആളുകളെ ക്രിസ്ത്യാനികളാകുവാൻ സാധാരണ വിളിക്കുന്നത്, മറിച്ച് സുവിശേഷ സന്ദേശം പ്രസംഗിക്കുന്നതിൽകൂടെയാണ്. നാം അനുസരിക്കുമ്പോഴാണ് ആ സന്ദേശം നമ്മിൽ പ്രവർത്തിക്കുന്നത്.

ആളുകൾ **കർത്താവായ യേശുവിന്റെ മഹത്വം പ്രാപിച്ച്** അതിൽ പങ്ചേരുവാനാണ് ദൈവം സുവിശേഷത്താൽ അവരെ രക്ഷക്ക് വിളിക്കുന്നത്. ഒരർത്ഥത്തിൽ, ക്രിസ്ത്യാനികൾ ഇവിടെ വെച്ച്, ഭൂമിയിൽവെച്ച് തന്നെ തേജസും മാനവും “മഹത്വവും” ആസ്വദിച്ചു തുടങ്ങും. നാം “അവന്റെ രൂപത്തോട് അനുരൂപപ്പെട്ട് തേജസിന്മേൽ തേജസ് പ്രാപിക്കും” (2 കൊ. 3:18). അവൻ വീണ്ടും വരുമ്പോൾ, വലിയ തോതിൽ നമുക്ക് തേജസ് ലഭിക്കും. “നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്” എന്നാണ് റോമർ 8:18 പറയുന്നത്. “നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് വിചാരിച്ചാൽ, ഇപ്പോൾ നേരിടുന്ന കഷ്ടതകൾ സാരമില്ല” (എൻഐവി). മുകളിലെ വേദഭാഗത്തില് തുടർന്നു പറയുന്നത്, സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്ന് വിടുതലും ദൈവമക്കളുടെ തേജസാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നാണ് (റോമ. 8:21). “തേജസ്ക്കരിക്കപ്പെട്ട ശരീരം” നമുക്ക് ലഭിക്കുമെന്നാണ് കൊലൊസ്യർ 3:4 ഉം ഫിലിപ്പിയർ 3:21 ഉം വ്യക്തമാക്കുന്നത് (എൻഐവി). വാക്യം 14 ൽ, യേശുവിനെ “നമ്മുടെ” കർത്താവായ യേശു എന്നാണ് വിളിച്ചിരിക്കുന്നത് സൂചിപ്പിക്കുന്നതെന്തെന്നാൽ ക്രിസ്ത്യാനികൾക്ക് ക്രിസ്തുവുമായി അടുത്ത ബന്ധം ഉണ്ടെന്നാണ്.

**വാക്യം 15. ആകയാൽ** എന്നു പറഞ്ഞിരിക്കുന്നത്, മുൻപോട്ട് നോക്കുവാനായി അവർക്ക് ഈ “മഹത്വം” ലഭിക്കുന്നതുകൊണ്ട് (വാക്യം 14 നോക്കുക) അവർ “പെട്ടെന്ന് ഇളകാതെ” **ഉറച്ചു നിൽക്കണം** (വാ. 2). **വാക്കിനാലോ വചനത്താലോ അല്ലെങ്കിൽ ലേഖനത്താലോ** അവർക്ക് ഏൽപിച്ചുകൊടുത്ത **പാരമ്പര്യത്തിൽ** നിന്നും ഇളകി പോകരുത്. പൊലൊസും സംഘവും [അവരിലേക്ക് “കൈമാറിയ”] ഉപദേശരൂപത്തെ അവർ പിടിച്ചുകൊള്ളണം ആ സമ്പ്രദായം പൗലൊസ് തെസ്സലൊനിക്യയിലായിരുന്നപ്പോൾ വാമൊഴിയായോ വചനത്താലോ നൽകിയതാകാം (പ്രവൃ. 17:1), “അല്ലെങ്കിൽ ഈ ലേഖനം എഴുതുന്നതിന് മുൻപ് എഴുതിയ ലേഖനത്താൽ.”

ഗ്രീക്ക് വാക്ക് παράδοσις (*പാരാഡോസിസ്*) തർജിമ ചെയ്തതാണ്, “സമ്പ്രദായം,” “ഉപദേശങ്ങൾ.” അർത്ഥം “കൈമാറി കിട്ടിയത്.”[26] ഒരു തലമുറ മറ്റൊന്നിലേക്ക് “കൈമാറി” കൊടുക്കുന്നതാണ് അത്. ഡേവിഡ് ജെ.വില്യംസ് പറഞ്ഞു:

> ആ വാക്കിന്റെ പ്രാധാന്യമെന്തെന്നാൽ, ക്രിസ്തീയ ഉപദേശരൂപം ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് മാറുക മാത്രമല്ല (1 കൊ. 11:23; 15:3), അവന്റെ ഉപദേശം ആധികാരികവും ഉപദേഷ്ടാവിന് മുകളിൽ നിൽക്കുന്നതുമാണ്.[27]

ആ വാക്കിനുള്ളിലോ വാക്കു തന്നെയോ നന്മയും തിന്മയുമില്ല എന്നു പറയാം. ആ പ്രത്യേക ഉപദേശത്തിന്റെ ഉറവിടത്തെ അടിസ്ഥാനമാക്കിയാണ് അത് നല്ലതോ മോശമോ എന്നു തീരുമാനിക്കുവാൻ കഴിയുക. ഇവിടെ പറയുന്ന “സമ്പ്രദായങ്ങളും” (3:6 ലുള്ളതും) നല്ലതാണ് കാരണം അവ വന്നി

രിക്കുന്നത് ദൈവശ്വാസിയ അപ്പൊസ്തലന്മാരിൽ നിന്നാണ്, അതുകൊണ്ട് അത് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ദൈവശ്വാസിയരല്ലാത്ത മനുഷ്യരുടെ ഉപദേശങ്ങളെ നാം നിരാകരിക്കണം, കാരണം അവ ആരാധനയെ "വ്യർത്ഥ മാക്കും" (മത്താ. 15:1–9). "സമ്പ്രദായങ്ങള പിടിച്ചുകൊൾക" എന്ന താഴെ കൊടുത്ത ചാർട്ട് നോക്കുകി (2 തെസ്സ. 2:15).

കത്തോലിക്കർ ഈ വേദഭാഗം എടുത്ത് (വാ. 15) ഇന്ന് ക്രിസ്ത്യാനികൾക്ക് പുതിയ നിയമത്തിലെ വചനങ്ങൾ മാത്രം പോരാ, വാമൊഴിയായി കിട്ടിയ മറിയ സ്വർഗാരോഹണം ചെയ്തു തുടങ്ങിയ സമ്പ്രദായങ്ങളും സ്വീകരിക്കണം എന്നു പറയുന്നു. എങ്ങനെയായാലും, മുകളിൽ നാം ശ്രദ്ധിച്ചതുപോലെ, ഒരു സമ്പ്രദായത്തെയോ (ഉപദേശത്തെയോ) നല്ലതും മോശവുമാക്കുന്നത് അവയുടെ ഉറവിടത്തെ ആസ്പദമാക്കിയാണ്. "ഒരു സമ്പ്രദായത്തെയോ ഉപദേശത്തെയോ അത് ദൈവശ്വാസിയമാണോ എന്നു പരിശോധിക്കുവാൻ കഴിയുമോ?" എന്ന ചോദ്യം ഉയരാം. ആധികാരികതയില്ലാത്തതിനാൽ, മറിയ സ്വർഗാരോഹണം ചെയ്തു എന്നത് സ്വീകരിക്കാവവുന്നതല്ല.

ഏ.ഡി. 51 അല്ലെങ്കിൽ 52 ലെ തെസ്സലൊനിക്യൻ ക്രിസ്ത്യാനികളും നമ്മളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം എന്തെന്നാൽ, അന്ന് ദൈവ വചനം പൂർണ്ണമായി എഴുതപ്പെട്ട് അവർക്ക് ലഭിച്ചിരുന്നില്ല, എന്നാൽ ഇന്ന് നമുക്ക് ലഭിച്ചിരിക്കുന്നു. അന്ന് ലഭ്യമായ വാമൊഴിയിൽ അവർക്ക് ആശ്രയിക്കേണ്ടിയിരുന്നു. ഏകദേശം ഏ.ഡി. 95 ൽ യോഹന്നാൻ വെളിപ്പാട് എഴുതി തീർന്നപ്പോഴേക്കും അവ പൂർണ്ണമായി ലഭിക്കുവാൻ തുടങ്ങി. ദൈവ ശ്വാസിയ മനുഷ്യരാൽ–അവ കൈമാറി അടുത്ത തലമുറയിലേക്കും–പിന്നീടും എല്ലാവർക്കും പുതിയ നിയമ തിരുവെഴുത്ത് എത്തി ചേർന്നു. അതുകൊണ്, ഇന്ന് "വാമൊഴിയായി" കിട്ടിയത് എന്നു പറയുന്നത് ഉചിതമായിരിക്കുകയില്ല.

### സമ്പ്രദായങ്ങളെ പിടിചുകൊൾക

(2 തെസ്സ. 2:15)

**സമ്പ്രദായങ്ങൾ (=ഉപദേശങ്ങൾ) ആയവ:**

| ചിലപ്പോൾ മോശം | ചിലപ്പോൾ നല്ലത് |
|---|---|
| മത്താ. 15:2, 3, 6<br>(ഒ.വാ. വാ.9) | 2 തെസ്സ. 2:15<br>2 തെസ്സ. 3:6<br>1 കൊ. 11:2 |
| *ഉറവിടം:*<br>മനുഷ്യർ<br>മത്താ. 15:9 | *ഉറവിടം:*<br>*ദൈവം* അപ്പൊസ്തലന്മാർ മുഖേന<br>1 കൊ. 11:2 |

### തെസ്സലൊനിക്യർക്ക് വേണ്ടിയുള്ള പ്രാർത്ഥന (2:16, 17)

**[16]നമ്മുടെ കർത്താവായ യേശുപക്രിസ്തു താനും നമെമ സ്നേഹിച്ചു**

**നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയിരിക്കുന്ന നമ്മുടെ പിതാവായ ദൈവവും [17]നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ.**

**വാക്യം 16.** തെസ്സലൊനിക്യയിലെ സഹോദരന്മാരോടട് പൗലൊസ് "ഉറച്ചു നിൽപിൻ" എന്നു പറഞ്ഞു, പക്ഷെ അത് അവരിൽ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നത് എന്ന് അവന് അറിയാമായിരുന്നു. ആകയാൽ, **നമ്മുടെ കർത്താവായ യേശുവിന്റെ** സഹായത്തിനായി അവൻ പ്രാർത്ഥിച്ചു–അങ്ങനെ അവൻ വ്യക്തിപരമായി അവരെ [സഹായിക്കുകയും]–**പിതാവായ ദൈവം** ക്രിസ്ത്യാനികളായ നമ്മെ "പുത്രന്മാരായി" ദത്തെടുക്കുകയും ചെയ്യും (റോമ. 8:12–17).

1 തെസ്സലൊ1നിക്യർ 3:11 ൽ ആദ്യം ദൈവത്തെ പറഞ്ഞിരിക്കുന്നു, എന്നാൽ 2 തെസ്സലൊനിക്യ ലേഖനത്തിൽ ക്രിസ്തുവിനെ ആദ്യം പറയുന്നതിനാൽ, ഈ ലേഖനം പൗലൊ1സ് അല്ല എഴുതിയത് എന്ന് വദിക്കുന്നു. എങ്ങനെയായാലും, മുൻപ് നാം ശ്രദ്ധിച്ചതുപോലെ, പൗലൊസ് പ്രാർത്ഥിക്കുന്നതുകൊണ്ടും, ക്രിസ്തു നമ്മുടെ "മദ്ധ്യസ്ഥൻ" ആകകൊണ്ടും ഈ ക്രമം ഉചിതം തന്നെയാണ് (1 തിമൊ. 2:5), പൗലൊസും 2 കൊരിന്ത്യർ 13:14 ലും, ഗലാത്യർ 1:1 ലും ക്രിസ്തുവിനെ ആദ്യം പറഞ്ഞിട്ടുണ്ട്.

പൗലൊസ് പ്രാർത്ഥിച്ച ആ വലിയ "പിതാവ്" തന്നെയാണ് **നമ്മെ സ്നേഹിച്ചത്** (യോഹ. 3:16 നോക്കുക), ആകയാൽ തന്റെ **കൃപയാൽ** അല്ലെങ്കിൽ അനർഹമായ ഉപകാരത്താൽ നമുക്ക് "നിത്യമായ പ്രചോദനം" നൽകി (എൻ ഐവി). എൻഎഎസ്ബിയിൽ കൊടുത്തിരിക്കുന്നത് **ആശ്വാസം** എന്നാണ്, എന്നാൽ പ്രചോദനം എന്നതാണ് നല്ല തർജിമ. ആ "പ്രചോദനം" ഒരിക്കലും നമ്മെ വിട്ടുപോകയില്ല. എന്തു സംഭവിച്ചാലും, അത് നമ്മിൽ **എന്നേക്കും** നിലനിൽക്കുന്നതാണ്. കൂടാതെ പൗലൊസ് പയുന്നു, ദൈവം നമുക്ക് **നല്ല പ്രത്യാശ** നൽകി, അത് 2:14 ൽ പൗലൊസ് പറഞ്ഞ പ്രത്യാശയാണ്, അത് നാംഅവന്റെ "തേജസിൽ" പങ്കാളികളാകുമ്പോൾ ലഭിക്കുന്നതാണ്. തിത്തൊസ് 2:13 ൽ പൗലൊസ് "നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും ०ഹൈദൗവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യാശക്കാിട്ടം കാത്തിരിക്കുന്നു" എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

**വാക്യം 17.** ആ സഹോദരന്മാർക്ക് വേണ്ടി പൗലൊസിന്റെ പ്രാർത്ഥന ഇതായിരുന്നു: അവരെ "സ്നേഹിച്ചവനും" അവർക്ക് "നിത്യാശ്വാസവും നല്ല പ്രത്യാശയും" നൽകിയ ദൈവം (വാ. 16) നിങ്ങളുടെ **ഹൃദയങ്ങളളെ** ഇപ്പോഴും **ആശ്വസിപ്പിക്കുകയും** [παρακαλέω *പാരാകലെയോ*] **ശക്തിപ്പെടുത്തുകയും** [στηρίζω, *സ്റ്റെരിസോ*] ചെയ്യും.

"ഹൃദയങ്ങൾ" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ആന്തരിക വ്യക്തികത്വങ്ങളെയാണ്. അവർക്ക് നിത്യാശ്വാസം നൽകുവാൻ ദൈവത്തിന് കഴിഞ്ഞു; അതുകൊണ് ഓരോ നിമിഷവും അവർക്ക് ആവശ്യമായ പ്രചോദനവും നൽകി. "പ്രോൽസാഹിപ്പിക്കുക" എന്നതിനർത്ഥം "ഹൃദയ സ്പർശിയാകുക" എന്നാണ്. (ലാറ്റിൻ *കോർ* എന്നതിന്റെ അർത്ഥം "ഹൃദയം.") നിരാശയിലായ മനുഷ്യന്റ ഹൃദയത്തെ സ്പർശിക്കുക എന്ന ആശയമാണ് അതിൽ അടങ്ങിയിരിക്കുന്നത്. "ശക്തിപ്പെടുത്തുക" അല്ലെങ്കിൽ "സ്ഥിരപ്പെടുത്തുക" (ആർഎസ്‌വി) ഊന്നി പറയുന്നത്, ഒരാളെ ചിലതിൽ ഉറപ്പിക്കുക എന്നാണ്. ഇവിടെ ആ ചിലത് എന്നു പറുന്നത് **നല്ല വാക്കും പ്രവൃത്തിയും** ആണ്.

ജോൺ സ്റ്റോട്ട് താഴെ കൊടുത്ത നിരീക്ഷണം നടത്തിയിരിക്കുന്നു:

> നിങ്ങളുടെ ഹൃദയങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ അല്ലെങ്കിൽ പ്രോൽസാഹിപ്പിക്കട്ടെ എന്നതായിരുന്നു പൗലൊസിന്റെ രണ്ട് പ്രാർത്ഥനയും: അവരെ ആന്തരികമായി ഉറപ്പിച്ച്, ശക്തിപ്പെടുത്തി (1 തെസ്സ. 3:13 ൽ പറയുന്നതുപോലെ) ആന്തരിക ശക്തിയുടെ ബാഹ്യ പ്രകടനമായ വാക്കിലും സൽപ്രരവൃത്തിയിലും ബലപ്പെടേണം.[28]

അത്തരം പ്രോൽസാഹനത്താൽ തെസ്സലൊനിക്യർ എല്ലാ സർപ്രവൃത്തിയിക്കും പ്രാപ്തരാകയും സഹായം ആവശ്യമായവരെ സഗായിക്കുവാനും, രോഗികളെ സന്ദർശിക്കുവാനും, സൽപ്രവൃത്തികൾ ചെയ്തു മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും, ഉൾക്കരുത്തില്ലാത്തവരെ താങ്ങുവാനും, ഉപദേശം ലഭിക്കാത്തവരെ ടുപദേളിപ്പാനും അങ്ങനെ കഴിവുള്ളവരാകുന്നു. കർത്താവിന്റെ രണ്ടാം വരവിനെ ഓർത്ത് വിഷമിച്ചിരിക്കാതെയും (വാ. 2) ഊഹാപോഹഘങ്ങളിൽ കുടുങ്ങാതെയും അവർ സൽപ്രവൃത്തികൾ ചെയ്തും നല്ല വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുകയും വേണമായിരുന്നു.

### കൂടുതൽ പഠനത്തിന്: “അധർമ്മ മൂർത്തി” (2:3-10)

ചരിത്രം നോക്കിയാൽ, ഭരണകർത്താക്കളിൽ പലരും അവരുടെ ജനത്തെ തിരഞ്ഞെരുക്കുകയും, കൂട്ടക്കൊല നടത്തുകയും, എന്നു കാണാം, അത് മറ്റുള്ളവരുടെ ചെലവിൽ അവരുടെ സ്വാർത്ഥതാൽപര്യം നിറവേറ്റുന്നതിനായിരുന്നു. അത്തരം പ്രവർത്തിഖൽ അധാർമ്മികമായിരുന്നു. ക്രിസ്ത്യാനികൾക്കെതിരായി മാത്രമല്ല, സർവ്വദേശങ്ങളിലും ഇത്തരം ക്രൂരകൃത്യങ്ങൾ നടന്നിരുന്നു. വാസ്തവത്തിൽ അവയെല്ലാം ദുഷ്ടതയുടെ പ്രതീകങ്ങളായിരുന്നു. അവ ചിലപ്പോൾ, “അധർമ്മ മൂർത്തിയുടെ” പ്രവൃത്തിയായും കാണപ്പെട്ടു.

2 തെസ്സലൊനിക്യർ 2 ൽ, പൗലൊസ് “അധർമ്മ മൂർത്തിയെ” കുറിച്ച് എഴുതിയിരിക്കുന്നു. “വിശ്വാസ ത്യാഗം” സംഭവിച്ച ഒരു വ്യക്തിയാണ് അവൻ (വാ. 3). അധർമ്മ മൂർത്തി ഒരു രാജ്യം കീഴടക്കുവാൻ പോകുന്ന നായകനെ പോലെയാണ്. കള്ളപ്രവാചകന്മാർ വരുമെന്ന് യേശു മുന്നറിയിച്ചിരുന്നു (മത്താ. 7:15). ഉപദേശപരമായ മൽസരത്തെ കുറിച്ച് പൗലൊസും പ്രവചിച്ചിരുന്നു (പ്രവൃ. 20:28–30). പൗലൊസ് എങ്ങനെയാണ് “അധർമ്മ മൂർത്തിയെ” വിവരിക്കുന്നത് എന്ന് ഈ പഠനത്തിൽ നമുക്ക് നോക്കാം (വാ. 3).

*അധർമ്മ മൂർത്തിയുടെ സ്വഭാവം എന്തായിരിക്കും?* വാക്യം 7 ൽ പൗലൊസ് എഴുതി, “അധർമ്മ മൂർത്തിയുടെ പ്രവൃത്തി ഇപ്പോഴേ വ്യാപരിച്ചിരിക്കുന്നു.” ദുഷ്ടന്റെ സ്വഭാവം വലിയ തോതിൽ അവൻ വിവരിച്ചിരിക്കുന്നു.ആദ്യമായി അധർമ്മ മൂർത്തി ദൈവത്തോട് എതിർക്കുന്നു എന്നാണ് പറഞ്ഞത് (വാ. 4). അവൻ പിശാചിനെ പോലെ “ദൂഷകനും,” “കുലപാതകനും” ആകുന്നുഎല്ലാ നല്ലതിനേയും ശരിയായതിനേയും അവൻ എതിർക്കും.

രണ്ടാമതായി, അറിയ-പ്പെടുന്ന ദേവന്മാരേക്കാൾ അധർമ്മ മൂർത്തി “തന്നെത്തന്നെ ആരാധനാ മുർത്തിയായി” ഉയർത്തിയിരിക്കുന്നു (വാ. 4). ആരാധനാക്ക് യോഗ്യനായ ദൈവത്തിന് വിട്ടുകൊടുക്കാതെ (മത്താ. 4:10), അധർമ്മ മൂർത്തി, സ്വയം ആരാധിക്കപ്പെടുവാൻ ആഗ്രഹിക്കുനനു. അതിൽ

അന്യദേവന്മാരെ നമസ്ക്കരിക്കുന്ന ദേവന്മാരായ സീയസിനെയും ജുപ്പീറേ്‌ററെയും മാത്രമല്ല, യഹോവയെയും അവൻ ഉൾപ്പെടുത്തി. അധർമ്മ മൂർത്തി അഹങ്കാരിയും നിഗളിയുമാണ്.

മൂന്നാമതായി, അധർമ്മ മൂർത്തി ദൈവാലയത്തിൽ കയറിയിരുന്നു "ദൈവം എന്നു നടിച്ചു. തന്നെത്തൻ ദൈവമാക്കി അവനെ ഉയർത്തി" (വാ. 4). .ദൈവാലയം എന്നതിന്റെ ഗ്രീക്ക് വാക്ക് ναός, (*നാവോസ്*) മൊത്തത്തിലുള്ള ദൈവാലയത്തെ അല്ല, മറിച്ച് അകത്തെ പ്രാകാരത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ സ്ഥാനത്ത് ഒരാൾ തന്നെത്തന്നെ ദൈവമാക്കി "സിംഹാസനാരൂഡനാക്കിയ" ഭാവനയാണ് ചിത്രീകരിച്ചിരിക്കുന്നത്. അവൻ ആ ഇരിപ്പിടത്തിൽ ഇരുന്ന് ഔദ്യോഗികമായി ആഘോഷിക്കുവാൻ ശ്രമിക്കുകയാണ്. "തന്നെത്താൻ ദൈവം ആക്കി" എന്നതിനാൽ ആ ദുഷ്ട മനുഷ്യൻ ദൈവം ആണെന്ന് സ്വയം നടിക്കുകയാണ്, ദൈവികമായ അധികാരത്തിലേക്ക് അവനെ സ്വയം ഉയർത്തി. ഇത് യെശ്ശയാവ് 13 ലെ ബാബേൽ രാജാക്കന്മാരുടെ നിഗളത്തെ ദൈവം താഴ്ത്തുന്ന ചിത്രമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്, ബി.സി. 538 ൽ ദൈവം ബാബേലിനെ മേദ്യ-പാർസിയുടെ കൈകളാൽ കീഴ്പ്പെടുത്തി ചരിത്രം നമുക്ക് അവിടെ വായിക്കുവാൻ കഴിയും. ദൈവം അതുപോലെ അധർമ്മ മൂർത്തിയെയും തോൽപ്പിക്കും.

നാലാമതായി, അധർമ്മ മൂർത്തിയെ "നാശയോഗ്യൻ" എന്നാണ് വിളിച്ചിരിക്കുന്നത് (വാ. 3). അവനെ ശിക്ഷക്ക് വിധിച്ചു കഴിഞ്ഞിരിക്കുന്ന. യേശുവിന്റെ സ്വഭാവം നീതിയായിരിക്കുന്നതുപോലെ, പാപമാണ് ആ മൂർത്തിയുടെ സ്വഭാവം. "യേശു മടങ്ങി വരുമ്പോൾ, [അധർമ്മ മൂർത്തിയെ] ഇല്ലാതാക്കും" (വാ. 8).

*ആരാണ് ഈ അധർമ്മ മൂർത്തി?* ആരാണ് ആ മനുഷ്യൻ എന്നു പ്രത്യേതകമായി നമുക്ക് അറിയുവാൻ കഴിയുമോ? അധർമ്മ മൂർത്തിയെ കുറിച്ച് നാല് സിദ്ധാന്തങ്ങൾ പ്രചാരത്തിലിരിക്കുന്നു.അവയെല്ലാം വ്യക്തിയെ ആസ്പദമാക്കിയുള്ളതാണ്.

ഒന്ന്, അധർമ്മ മൂർത്തി എന്നു പറയുന്നത് *റോമൻ കത്തോലിക്കരുടെ പോപ്പ്മാരാണ്* എന്നു ചിലർ പറയുന്നു. പ്രസിദ്ധ പ്രെസ്ബിറ്റേറിയൻ കമെന്റേറ്റർ ആൽബർട്ട് ബാർണെസ് ഇതു വിശ്വസിക്കുന്നു (വാ. 4 ന്റെ ചർച്ച നോക്കുക). റോമൻ കത്തോലിക്കരുടെ പോപ്പുമാർ "കർത്താവ് മടങ്ങി വരുന്നതുവരെ തുടർന്നാൽ, ആ പ്രവചനത്തിന്റെ ഒരു ഭാഗം നിരഘേറിയതായി"[29] ആർബർട്ട് ബാർണെസ് പറഞ്ഞതു പരിഗണിക്കാമെന്നാണ്, ജെ..ഡബ്ലിയു. മെക്കാർവേയും, ഫിലിപ് വൈ. പെൻലെറ്റണും പറഞ്ഞത്.അവരുടെ കാഴ്ച്ചപ്പാടുകൾക്ക് ഒമ്പതു കാരണങ്ങൾ മെക്കാർവെയും പെൻലെറ്റണും പറഞ്ഞിരിക്കുന്നനു. (1) ധാർഷ്ട്യമായ അവകാശങ്ങൾക്ക് കാരണമായി തീർന്നിരിക്കുകയാണ് കത്തോലിക്കസഭ (2) പൗലൊസ് പറഞ്ഞതുപോലെ വിശ്വാസത്യാഗം സംഭവിച്ച് വന്നതാണ് പോപ്പുമാർ. (3) പൗലൊ1സിന്റെ കാലത്ത്, വിശ്വാസത്യാഗത്തെ തടയാൻ കൈസർമാർ ശ്രമിച്ചിരുന്നു. (4) റോമാ ബിഷപ്പുമാർ, ആത്മിയരാണെന്ന് തറപ്പിച്ചു പറയുമ്പോൾ തന്നെ, ചക്രവർത്തിമാരുടെ ഭരണത്തെ നിയന്ത്രിക്കുവാൻ ശ്രമിച്ചിരുന്നു. (5) അഞ്ചാം നൂറ്റാണിൽ സാമ്രാജ്യശക്തി ക്ഷയിച്ചപ്പോൾ, ആ വിടവ് നികത്തുവാൻ പോപ്പുമാർ മുൻപോട്ടു വന്നു., അന്നു മുതൽ അവർ അത് തുടർന്നു പോരുന്നു. (6) പോപ്പുമാർ ശ്രദ്ധയോടേ അവരുടെ പിന്തുടർച്ചാവകാശം തുടരുന്നു. (7) "ലോർഡ് ഗോഡ് ദ

പോപ്" എന്ന് പോപ്പിനെ സംബോധന ചെയ്യുന്നതിനാൽ, പോപ്പിനെ ദൈവത്തിന്റെ സ്ഥാനത്ത് നിർത്തിരിക്കുകയാണ്. (8) സഭയുടെ അധികാരി എന്ന നിലയിൽ പോപ്പ് ദൈവാലയത്തിൽ "ദൈവം" എന്ന കണക്കിന് ഇരിക്കുന്നു. (9) തെറ്റായ അത്ഭുത പ്രചരണത്താൽ, തന്റെ അധികാരത്തെ പോപ്പ് നിലനിർത്തുവാൻ ശ്രമിക്കുന്നു (വാ. 9 നോക്കുക).[30] മെക്ഗാർവെയും പെൻലെറ്റണും ബാർണെസും തെറ്റാവുന്ന വിവരണങ്ങളാണ് നൽകിയത്. എങ്ങനെയായാലും അവരുടെ വാദഗതികൾ ബലഹീനമാണ്.

ഈ വേദഭാഗത്തെ കുറിച്ച് ഡേവിഡ് ലിപ്സ്കോമ്പ് പറഞ്ഞു,

> "അധർമ്മ മൂർത്തി" എന്നു കരുതുന്നത്, ഏതെങ്കിലും സംഘടയാണ് എന്നു പറയുന്നതിനെ ഞാൻ സംശയിക്കുന്നു. ദൈവത്തിന്റെ ക്രമവും സ്ഥാപനവും തത്വവും അതിനെ വേർ തിരിച്ച് നിർത്തുന്നു. ആ മനുഷ്യൻ നാശത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്–അവനെ നാശയോഗ്യൻ എന്നാണ് വിളിച്ചിരിക്കുന്നത്. ഈ അധർമ്മ മൂർത്തിയെ അപേക്ഷിച്ച് റോമൻ കത്തോലിക്കർ ... *വളരുകയാണ്* ചെയ്യുന്നത് (ഏംഫസിസ് ആഡഡ്).[31]

തിരുവെഴുത്തിൽ പറയുന്ന അലങ്കാരത്തിന് റോമൻകത്തോലിക്കാ സഭയുമായി ബന്ധമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഒന്ന് കത്തീഡ്ര്രലിന് പുറത്ത് പോപുമാരുടെ പാപത്തിലകപ്പെടാത്ത സ്വഭാവം എന്ന അവകാശത്തിന് പരിമിതികളാണുള്ളത്. രണ്ട്, ഏധർമ്മ മൂർത്തിയെ 1 യോഹന്നാനൻ 2:18 ൽ പറയുന്ന എതിർക്രിസ്തുവായി അധർമ്മ മൂർത്തിയെ തിരിച്ചറിഞ്ഞാൽ, ദുഷ്ടന്റെ മൊത്തത്തിലുള്ള സ്വഭാവം പോപ്പുമാർക്ക് നൽകാവുന്നതല്ല.[32] പോപ്പുമാർ യേശുവിനെ ക്രിസ്തു എന്നു ഏറ്റു പറയുന്നു, പക്ഷെ എതിർക്രിസ്തു ഏറ്റുപറയുന്നില്ല (1 യോഹ. 2:22). ഭ്രൂണഹത്യ അടക്കമുള്ള പല ധാർമ്മിക നിലവാരങ്ങൾക്ക് പോപ്പുമാർ ബൈബിൾ സത്യത്തെ എടുക്കുന്നു. മൂന്ന്, ക്രിസ്തു മടങ്ങി വരുന്നതുവരെ ശക്തിയിൽ വളരുന്ന ദുഷ്ടമനുഷ്യനെയാണ് പൗലൊസ് ഇവിടെ വിവരിക്കുന്നത് അത് അധർമ്മ മൂർത്തിയെ നാശത്തിലേക്കാണ് നയിക്കുന്നത് (വാ. 8). ആ മനുഷ്യന്റെ വഞ്ചനയുടെ മൂർദ്ധന്യാവസ്ഥയിലായിരിക്കും ക്രിസ്തുവിന്റെ പ്രത്യക്ഷത. എങ്ങനെയായാലും, പോപ്പുമാരുടെ ശക്തി ഉച്ചസ്ഥായിയിലെത്തിയ കാലം കഴിഞ്ഞുപോയി. എട്ടാം നൂറ്റാണ്ടു മുതൽ പന്ത്രണ്ടാം നൂറ്റാണ്ടു വരെയായിരുന്നു കത്തോലിക്കാസഭ കൊടികുത്തി വാണിരുന്ന കാലഘട്ടം, ഇപ്പോൾ ശക്തി കുറഞ്ഞു വരികയാണ്.

അധർമ്മ മൂർത്തിയായി കരുതപ്പെടുന്ന രണ്ടാമത്തെ സിദ്ധാന്തമാണ് *റോമാ ചക്രവർത്തിമാർ*. ഒന്നാം നൂറ്റാണ്ടു മുതൽ പല ചക്രവർത്തതിമാരും, ദൈവതുല്യമായി ആരാധിക്കപ്പെടുവാൻ ആഹ്വാനം ചെയ്യപ്പെട്ടിട്ടുണ്ട്. ജീവനോടെ ഇരുന്നപ്പോൾ തന്നെ പരസ്യമായി തന്നെ ആരാധിക്കുവാൻ കൽപന പുറപ്പെടുവിച്ച ആദ്യത്തെ റോമാ ചക്രവർത്തതിയായിരുന്നു ഡൊമീഷ്യൻ (ഏ.ഡി. 81 –96).[33] *നീറോ* (ഏ.ഡി. 64) *മു*തൽ പലരും ക്രിസ്ത്യാനിത്വം എതിർക്കുകയും (വാ. 4) ഉപദ്രവിക്കപ്പെടുകയും ചെയ്തു. ഏ.ഡി. 60 നും 70 നും ഇടക്ക് സംഭവിച്ച ചക്രവർത്തിമാരുടെ അക്രമം അടയാളപ്പെടുത്തിയായിരിക്കാം പത്രൊസ് 1പത്രൊസ് 4:12 പരാമർശിച്ചത്.

റോമാ ചക്രവർത്തിമാരുടെ ദുഷ്ടത ചരിത്രം എടുത്തു പറയുന്നുവെങ്കി

ലും, പൗലൊസ് പറഞ്ഞ അധർമമ മൂർത്തി അവരല്ല. റോമാ ചക്രവർത്തിമാർ നൂറു കണക്കിന് വർഷങ്ങളോളം ലോകശക്തിയായിരിക്കുകയും, ആദ്യ നാല് നൂറ്റാണ്ടുകളോളം സഭയ്ക്ക് വേദന വരുത്തുകയും ചെയ്തിരുന്നുഎന്നത് തർക്കമറ്റ കാര്യമാണ്. എങ്ങനെയായാലും, അഞ്ചാം നൂറ്റാണായപ്പോൾ, റോമാ സാമ്രാജ്യം നശിച്ചുപോയതിനാൽ, ഇനി നശിപ്പിക്കുവാനില്ല. അതിനാൽ അവ രല്ല "അധർമ്മ മൂർത്തി" (വാ. 8).

അധർമ്മ മൂർത്തിയെ കുറിച്ചുള്ള മൂന്നാമത്തെ സിദ്ധാന്തം, *അവൻ പിശാച് തന്നെ* എന്നതാണ്. ജോൻ വെതർലി എഴുതി, "പൗലൊസിന്റെ പോയിന്റ് എന്തെന്നാൽ, ക്രിസ്തുവിന്റെ നാളിൽ സകല പ്രവൃത്തികകളും പൂർത്തീ കരിക്കണം, അതിൽ ദൈവഹിതത്തിനെതിരായി ജീവിക്കുന്ന സകല മനു ഷ്ഷ്യരെയും തന്റെ മുമ്പിൽ അണിനിരത്തുന്ന സാത്താന്റെ പ്രവൃത്തതിയും അതിൽ ഉൾപ്പെടും."[34] വെതർലി പറയുന്നതനുസരിച്ച് അധർമ്മ മൂർത്തിയെ പിശാചായി കണക്കാക്കുന്നത് തെറ്റില്ല എന്നു വന്നേക്കാം. "സാത്താൻ" എന്നാൽ "ശത്രു" എന്നാണ് അർത്ഥം. അധർമ്മ മൂർത്തി ദൈവത്തിന്റെ സഭയെ എകിർക്കുന്നനവനാണ് (വാ. 4). ഈ കാഴ്ച്ചപ്പാട് വിശ്വസിക്കുന്ന ചിലർ കരുതുന്നത്, സാത്താൻ തന്റെ സകല സൈന്യത്തെയും കൂട്ടിവരുത്തി തന്റെ ശക്തി തെളിയിക്കുവാൻ അവസാനം ഒരു യുദ്ധത്തിന് ഒരുങ്ങുമെന്നാ ണ്. ക്രിസ്തു വരുമ്പോൾ സാത്താനെ നശിപ്പിക്കും എന്നാണ് തിരുവെഴുത്ത് പറയുന്നനത് (വെളി. 20:10), അങ്ങനെ അധർമ്മമൂർത്തിയോടൊപ്പം സാത്താന ും നശിപ്പിക്കപ്പെടും (വാ. 8).

ഒറ്റ നോട്ടത്തില് ഈ സിദ്ദാന്തം ആകർഷണിയമായി തോന്നിയേക്കാം. എങ്ങനെയായാലും, വാക്യം 9 പറയുന്നത് "അധർമ്മ മൂർത്തി വരുന്നതു സാത്താന്റെ പ്രവൃത്തിയോടുകൂടിയായിരിക്കും" എന്നാണ്. മറ്റൊരു വിധ ത്തിൽ പറഞ്ഞാൽ അവൻ സാത്താൻ അല്ല, പക്ഷെ അവൻ വരുന്നത് സ്താന്റെ സമാന്തര പ്രവൃത്തികളോടുകൂടെയാണ്. ഈ വാക്യത്തെ "സാത്താന്റെ പ്ര വൃത്തതിയിൽ വരുന്ന അധർമ്മ മൂർത്തി" എന്ന് തർജിമ ചെയ്തുകൊണ്ടാണ് വെതർലി ഈ പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്നത്, എന്നാൽ അയാളുടെ തർജിമ ബോധ്യപ്പെടുത്തുവാൻ പര്യാപ്തമല്ല. അദർമ്മ മൂർത്തി സാത്താൻ അല്ല. അവൻ സാത്താനോടുകൂടെ ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന വനാണ്.

നാലാമത്തെ സിദ്ധാന്തം പറയുന്നത് *ദുഷ്ടതയെ വ്യക്തിപരമാക്കിയ* മനുഷ്യനാണ്. അധർമ്മ മൂർത്തി എന്നതാണ്. അവൻ അക്ഷരികമായി ഒരു മനുഷ്യൻ അല്ല. പൗലൊസിന്റെ കാലശേഷം, ക്രിസ്തീയ യുഗത്തിന്റെ അവ സാനം, കർത്താവ് മടങ്ങി വരുന്നതിന് മുൻപ് ദുഷ്ടത അതിന്റെ പാരമ്യത്തി ലെത്തും എന്നതാണ് ആശയം. പൗലൊസ് തിമൊഥെയൊസിന് എഴുതി, "... ഭാവികാലത്ത് ചിലർ വ്യാജാത്മക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും" (1 തിമൊ. 4:1). ഇവർ "വിവാഹം വിലക്കുകയും വിശ്വാസികൾ സ്തോത്ര ത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കൽപിക്കയും ചെയ്യും" (1 തിമൊ. 4:3). ഇത് രണ്ടാം നൂറ്റാണ്ടിലെ നേ ാക്സിസ്റ്റുകാരുടേയും കത്തോലിക്കരുടേയും ചില സമ്പ്രദായങ്ങൾ ഇതുമായി യോജിക്കുന്നു. 2 തിമൊഥെയൊസ് 3:13 ൽ പൗലൊസ് എഴുതി, "ദുഷ്ട മനു ഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ് മേൽക്കുമേല ദോഷ

ത്തിൽ മുതിർന്നു വരും." കുറച്ചു വാക്യങ്ങൾ കഴിഞ്ഞ് അവൻ പിന്നെയും എഴുതി, "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുന്ന കാലം വരും" (2 തിമൊ. 4:3). ഇവയെല്ലാം അധർമ്മ മൂർത്തി വരുമ്പോൾ, ഉച്ചസ്ഥായിയിലെത്തും-ഈ ശക്തികളെല്ലാം സാത്താന്റെ വ്യാപാരശക്തിയോടുകൂടെ പ്രവർത്തിക്കും-അത് പൂര്ണ്ണമായി വെളിപ്പെട്ടു വരികയും ചെയ്യും (വാ. 3, 8).

ആ അലങ്കാര പുരുഷൻ ക്രിസ്ത്യാനിത്വത്തെ വിഴുങ്ങി കളയുവാനും, സത്യദൈവത്തെ ആരാധിക്കുന്നതു തടയുകയും ചെയ്യും. അധർമ്മ മൂർത്തിയും എല്ലാ ദുഷ്ടശക്തികളും എന്നു പറയുന്നവരിൽ, വ്യാജമതങ്ങളും, ഭൗതികവാദികളും, ലൗകികന്മാരും, അവിശ്വാസ ശക്തികളും ഉൾപ്പെടും. അവർ നോഹയുടെ കാലത്തിലേതുപോലെ, ദൈവം ആരാണെന്നും അവൻ എന്തു ചെയ്തു എന്നും അറിയാത്തവരോ, വളരെ കുറച്ചു മാത്രമം മനസിലാക്കിയവരോ ആയിരിക്കും (മത്താ. 24:37).

അവസാനം വരുമ്പോൾ, യുദ്ധത്തിൽ തിന്മ ജയിക്കുമെന്ന് തോന്നും; എന്നാൽ ഇരുണ്ട നിമിഷത്തിലെന്ന പോലെ, ക്രിസ്തു തന്റെ തേജസോടു കൂടി മടങ്ങി വരും. ക്രിസ്തു തന്റെ "മഹത്വത്തിൽ" "ദൂതന്മാരുമായി" വരും (മത്താ. 25:31), "ഗംഭീര നാദത്തോടും പ്രധാന ദൂചന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ വരും" (1 തെസ്സ. 4:16). അധർമ്മ മൂർത്തി പ്രത്യക്ഷനാകുന്നതിനേക്കാൾ അധികം തേജസോടെയായിരിക്കും കർത്താവ് വരുന്നത്. കർത്താവ് "[അവനെ] കൊല്ലുകയും അവസാനം തന്റെ വായിലെ ശ്വാസത്താൽ [അവനെ] ഒടുക്കി കളയുകയും ചെയ്യും" (വാ. 8), ഒരു യുദ്ധവും കൂടാതെ അവനെ എളുപ്പത്തിൽ ശിക്ഷക്ക് വിധിക്കും (മത്താ. 25:46).

നമ്മുടെ ഈ ഭൂമിയിലെ ജീവിത കാലത്ത്, ദുഷ്ടത ജയിക്കുന്നതായി നമുക്ക് തോന്നിയേക്കാം. സാത്താനും അവന്റെ സൈന്യവും ചില യുദ്ധങ്ങൾ ജയിക്കും. കാര്യങ്ങളെല്ലാം, മോശമായി വന്ന്, കൂടുതൽ വഷളായിത്തീരും എന്നു പോലും തോന്നിയേക്കാം. എങ്കിലും, അവസാനം ക്രിസ്തു തന്നെ ജയിക്കുമെന്ന് ആശ്വസിക്കുക! യോഹന്നാൻ എഴുതി,

> പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റേയും ജീവികളുടേയും മൂപ്പന്മാരുടേയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം ഞാൻ കേട്ടു, അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു. അവർ അത്യുച്ചത്തിൽ, "അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ" എന്നു പറഞ്ഞു സ്വർഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും "സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ" എന്നു പറയുന്നത് ഞാൻ കേട്ടു. നാല് ജീവികളും "ആമേൻ" എന്നു പറഞ്ഞു. മൂപ്പന്മാർ വീണ് നമസ്ക്കരിച്ചു (വെളി. 5:11-14).

വിജയം ക്രിസ്തുവിനുള്ളതാണ്. നാം അവന്റെ കൂടെ ആയിരിക്കുമോ?

## കൂടുതൽ പഠനത്തിന്:
## "ഇപ്പോൾ തടുക്കുന്നത്" എന്ത് (2:6, 7)

ഒരു ദിവസം, സുവിശേഷ യോഗത്തിന്റെ ഭാഗമായി, ഭവന സന്ദർശനം നടത്തിയപ്പോൾ, ഒരു ചെറിയ കുട്ടിയാണ് വാതിൽ തുറന്ന് എന്നെ സ്വാഗതം ചെയ്തത്. അപ്പോഴേക്ക് ഒരു വലിയ പട്ടി എന്നെ ആക്രമിക്കുവാനായി ചാടി, ഭാഗ്യവശാൽ മൂത്ത മകൻ അവന്റെ ചങ്ങലയിൽ വിടിച്ചതിനാൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല. അതുപോലയാണ് അധർമ്മ മൂർത്തിയെ വഴിയിൽ തട.യുന്നത്. അധർമ്മ മൂർത്തിയെ തടയുന്നവനെ കുറിച്ച് ബൈബിൾ എന്താണ് പറയുന്നത്?

"*ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങി പോകണം*" (വാ. 7). പൗലൊസ് എഴുതി, "അധർമ്മ മൂർത്തിയുടെ മർമ്മം ഇപ്പോഴേ വാപരിച്ചിരിക്കുന്നു." അദൃശ്യമായ വിധത്തിലാണ് പ്രവർത്തിക്കുന്നത്. പൗലൊസിന്റെ കാലത്തും സമൂഹത്തിൽ അധർമ്മത്തിന്റെ മർമ്മം നിലനിന്നിരുന്നു.

എങ്ങനെയായാലും, അയാൾ-അല്ലെങ്കിൽ അത്-സജിവമായി തടുക്കുന്ന ശക്തിയായി പ്രവർത്തിച്ച്, തുടരുകയും ചെയ്യുന്നു. ഈ ശക്തി അധർമ്മ മൂർത്തിയെ ചങ്ങലകൊണ്ട് തടയുകയാണ് അത് പ്രത്യക്ഷത നീട്ടിക്കൊണ്ടു പോകുവാനാണ്.

"*ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപോക മാത്രം വേണം*" (വാ. 7) "അവൻ ... വഴിയിൽനിന്ന് നീങ്ങി പോക മാത്രം വേണം" എന്ന പ്രയോഗം ശ്രദ്ധിക്കത്തേക്കതാണ്.

ആരാണ് തടുക്കുന്നത്? അവനെ വഴിയിൽനിന്നും ആരാണ് മാറ്റുന്നത്? തടുക്കുന്നവന്റെ വ്യക്തിത്വത്തെ കുറിച്ച് നമുക്ക് എന്തു തീർച്ചപ്പെടുത്താം? അവനെ തിരിച്ചറിയുവാൻ പൊതുവായി ചില അഭിപ്രായങ്ങളിൽനിന്നു തുടങ്ങാം. തടുക്കുന്നത് "അവൻ" എന്നാണ് വാക്യം 7 ൽ പറഞ്ഞിരിക്കുന്നത്.ഗ്രീക്കിൽ, "ഇപ്പോൾ തടുക്കുന്നവൻ" എന്നാണ്, അത് വന്നിരിക്കുന്നത് പാർട്ടിസിപ്പിൾ ὁ κατέχων (*ഹോ കാറ്റേകോൺ*) എന്നതിൽനിന്നാണ്, അത് പുല്ലിംഗമാണ്. പൊതുവിൽ ഇത് ഒരു വ്യക്തിയെ സൂചിപ്പിച്ചാണ് ഉപയോഗിക്കുന്നത്, എന്നാൽ എല്ലായ്പോഴും അല്ലതാനും.

തടുക്കുന്നത് ഒരു വസ്തുവോ അല്ലെങ്കിൽ ശക്തിയോ ആകാം. വാക്യം 6 പറയുന്നു, "അവനെ ഇപ്പോൾ തടുക്കുന്നത്." ഇവിടത്തെ ഗ്രീക്ക് κατέχω (*കാറ്റെക്കോ*) ഉപയോഗിച്ചിരിക്കുന്നത് നപംസക പാർട്ടിസിപ്പിൾ ആയിട്ടാണ്. സൂചിപ്പിക്കുന്ന വിഷയം വ്യക്തി അല്ലാത്തവസ്തുവോ, ശക്തിയോ ആയേക്കാം. അത് വൈപരീത്യമല്ല. വാക്യം 7 ൽ പറഞ്ഞ "അവൻ" വ്യക്തിയല്ലാത്ത ഒന്നിന്റെ പ്രതീകമായി ഉപയോഗിച്ചതായി കണക്കാക്കാം. വ്യക്തിപരമാക്കുന്ന പ്രയോഗങ്ങൾ ബൈബിളിൽ ധാരാളം കാണാം. തടുക്കുന്നത് ഒരു വ്യക്തിയായിരിക്കുവാനല്ല, വസ്തു ആയിരിക്കുവാനാണ് കൂടുതൽ സാധ്യത.

അടുത്തതായി, അവന്റെ (അതിന്റെ) തിരിച്ചറിയൽ നടത്തണം. പൊതുവിൽ തടുക്കുന്നതിന്റേയും അധർമ്മ മൂർത്തിയുടേയും തിരിച്ചറിയൽ ഒത്തിരിക്കുന്നു.

(1) അധർമ്മ മൂർത്തിയായി പോപ്പുമാരെ നാമനിർദ്ദേശം ചെയ്യുന്നവർ തടുക്കുന്നതായി പറയുന്നനത് റോമാ സാമ്രാജ്യമാണ്.

(2) അധർമ്മ മൂർത്തിയായി റോമാ ചക്രവർത്തിമാരെ എടുക്കുന്നവർ തടുക്കുന്നതായി പറയുന്നത്, ദുഷ്പ്രവൃത്തതികളെ എതിർത്ത നല്ല ചക്രവർത്തിമാ

രുടെ പ്രവർത്തനങ്ങളാണ്, അവർ മറ്റു ചക്രവർത്തിമാരുടെ ദുഷ്ചെയ്തികളെ എതിർത്തവരാണെന്നും പറയുന്നു.

(3) അധർമ്മ മൂർത്തി പിശാച് ആണെന്ന് വാദിക്കുന്നവർ പറയുന്നത്, പരിശുദ്ധാത്മാവാണ് തടുക്കുന്നവൻ എന്നാണ്. എങ്ങനെയായാലും, താഴെ കൊടുത്തത കാരണങ്ങളാൽ തടുക്കുന്നവൻ പരിശുദ്ധാത്മാവ് ആകുവാനിടില്ല:

1. തടുക്കുന്നവനെ നീക്കുന്നത്, ശക്തിയാൽ, ഒരുപക്ഷെ ബലം പ്രയോഗിച്ചാകാം.
2. പരിശുദ്ധാത്മാവിനെ തോൽപിക്കുവാൻ പിശാചിന് കഴിയുകയില്ല.
3. ഇത് ചെയ്യുവാൻ ദൈവത്തിന് മാത്രമെ ശക്തിയുള്ളു, പക്ഷെ പരിശുദ്ധാത്മാവിന് എതിരായി പ്രവർത്തിക്കുകയില്ല.

(4) അധർമ്മ മൂർത്തി ദുഷ്ട വ്യക്തികളാണെന്ന് വാദിക്കന്നവർ തടുക്കുന്നതായി പറയുന്നത് ധാർമ്മിക ശക്തിയായി തീരുന്ന ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ദുഷ്ടതയെ തടുക്കുന്നതാണെന്നാണഅ അവർ കുതുന്നത്. അധർമ്മ മൂർത്തിയെ തടുക്കുന്നവൻ, അപ്പോൾ പിന്നെ, സത്യത്തിനും നീതിക്കും വേണ്ടി നിൽക്കുന്ന വ്യക്തികളോ ശക്തികളോ ആയിരിക്കും. ഈ വ്യഖ്യാനം റോമാ സാമ്രാജ്യം, യോഗ്യരായ ചക്രവർത്തിമാർ, പരിശുദ്ധാത്മാവ് എന്നിവെക്കാൾ നല്ലതായി തോന്നുന്നു.

## പ്രായോഗികത

ഈ എഴുത്തിന് നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല വിശദീകരണമാണ് ഈ അദ്ധ്യായം. ഇതിലെ മുഖ്യ ചർച്ചാ വിഷയം "അധർമ്മ മൂർത്തിയെ" കുറിച്ചുള്ള ചർച്ചയാണ്. ക്രിസ്തു ഉടനെ വരുമെന്ന്, ഏതോ കാരണത്താൽ തെസ്സലൊനിക്യർ വിശ്വസിച്ചിരുന്നു, അല്ലെങ്കിൽ കർത്താവ് ആ തലമുറ കടന്നുപോകുന്നതിന് മുമ്പ് വരുമെന്ന് കരുതി. സ്പഷ്ടമായും അവരിൽ ഒരു ജോലിയും ചെയ്യാതെ മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കുവാൻ തുടങ്ങിയിരുന്നു. കർത്താവിന്റെ മടങ്ങി വരവ് അവർ വിചാരിക്കുന്നതുപോല അത്ര പെട്ടെന്നല്ല എന്നതിന് പൗലൊസ് വിശദീകരണം നൽകുന്നു.

അധർമ്മ മൂർത്തി പ്രത്യക്ഷപ്പെടാതെ കർത്താവ് മടങ്ങി വരാൻ പോകുന്നില്ല എന്നതാണ് ഈ അദ്ധ്യായത്തിലെ പൗലൊസിന്റെ പോയിന്റ്. അവസാന സമയം വരെ നിലനിൽക്കുന്ന ഭയാനകവും വിശദവുമായ ഒരു വിശ്വാസ ത്യാഗം സംഭവിക്കേണ്ടതാകുന്നു എന്നു മുന്നറിയിച്ചിരിക്കുന്നു.

### ക്രിസ്തുവിന്റെ മടങ്ങി വരവിനോടുള്ള നമ്മുടെ മനോഭാവം (2:1, 2)

അധർമ്മ മൂർത്തി വരുന്നതുവരെ ക്രിസ്തുവിന്റെ രണ്ടാം വരവ് സംഭവിക്കുകയില്ലഎന്നാണ് പൗലൊസ് പഠിപ്പിച്ചത് (വാ. 3). അവൻ അവനോടുകൂടെ ആയിരുന്നപ്പോൾ ഈ കാര്യങ്ങൾ അവരെ പഠിപ്പിച്ചിരുന്നു എന്നാണ് അവൻ ഇവിടെ പറഞ്ഞത് (വാ. 5), എന്നാൽ അവർ അവയെ തെറ്റിദ്ധരിച്ചു. ചിലർ കർത്താവ് ഉടനെ വരുമെന്ന വിശ്വാസത്തിൽ വിശ്രമത്തിലേർപ്പെട്ട് ഭൂമിയിലെ അവരുടെ വിലയേറിയ സമയം പാഴാക്കുകയുമായിരുന്നു (3:10-12).

കർത്താവ് മടങ്ങിവരുന്നതിനെ കുറിച്ചും, അവന്റെ വരവിൽ സംഭവി

ക്കുന്നതിനെ കുറിച്ചും പൗലൊസ് അവരെ പഠിപ്പിച്ചു. കൂട്ടിച്ചേർക്കുക എന്നതിന്റെ ഗ്രീക്ക് വാക്ക് ἐπισυναγωγή (*എപിസുനഗോഗേ)*, അർത്ഥം, "ഒരുമിച്ചു ചേർക്കുക." ആ വാക്ക് വീണ്ടും വീണ്ടും ഉപയോഗിചച്ചിരിക്കുന്നത് കാണാം, എബ്രായർ 10:25 ൽ, വിശുദ്ധന്മാരുടെ സഭായോഗത്തിനാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്.

ക്രിസ്തുവിന്റെ മടങ്ങി വരവിനെ കുറിച്ച് വിശദ വിവരണങ്ങളായിരുന്നു പൗലൊസ് തെസ്സലൊനിക്യർക്ക് നൽകിയത്, അത് അവർക്ക് അറിവ് പകരുന്നതായിരുന്നു. അതിനെ കുറിച്ച് നാം എന്തു ചെയ്യും?

*വസ്തുനിഷ്ഠമായി കേൾക്കൽ.* അവന്റെ രണാം വരവിനെ കുറിച്ച് തെസ്സലൊനിക്യർ കേട്ടു. അവർ എന്താണ് പറഞ്ഞിരുന്നത് എന്ന് കൃത്യമായി നമുക്ക് അറിയില്ല. "കർത്താവിന്റെ നാൾ വന്നു കഴിഞ്ഞു" എന്നായിരിക്കാം അവർ വാദിച്ചത്. കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ച് ആരെന്തു പറഞ്ഞാലും അതിനെ വസ്തുനിഷ്ഠമായി പരിശോധിക്കണം എന്നാണ് പൗലൊസ് പറഞ്ഞത്.

*തിരുവെഴുത്തുകളെ പിൻപറ്റുക.* ക്രിസ്തു മടങ്ങി വരുന്നതിനെ കുറിച്ചുള്ള വസ്തുതകൾ അവർ അറിയണമെന്ന് പൗലൊസ് ആഗ്രഹിച്ചു ക്രിസ്തുവിന്റെ വരവിനെ കുറിച്ചുള്ള സത്യം വിവരിക്കുന്ന തന്റെ ലേഖനം അവർ വായിച്ച് ഹൃദിസ്ഥമാക്കുകയും പ്രായോഗികമാക്കുകയും വെണമായിരുന്നു.

*സത്യത്തിൽ ഉറച്ചു നിൽക്കുക.* കർത്താവിന്റെ രണാം വരവിനെ സംബന്ധിച്ച ദുരുപദേശങ്ങൾ കേട്ട് അവർ ഇളകിപ്പോകാതിരിക്കുവാനാണ് അപ്പൊസ്തലൻ പറഞ്ഞത് (വാ. 1, 2). "തെറ്റായി നയിക്കപ്പെടരുത്." അവൻ പറഞ്ഞു, "ആത്മാവിനാൽ വന്നതായ സന്ദേശമോ, അല്ലെങ്കിൽ ലേഖനമോ." കർത്താവിന്റെ നാൾ വന്നു കഴിഞ്ഞു എന്നു സൂചിപ്പിക്കുന്ന വിധത്തിൽ പലൗസിൽനിന്ന് തങ്ങൾക്ക് ഒരു ലേഖനം ലഭിച്ചു എന്ന് ചിലർ അവകാശപ്പെട്ടു (വാ. 2). ക്രിസ്തുവിന്റെ മടങ്ങി വരവ് സംഭവിച്ചു എന്ന ഒരു വെളിപ്പാട് ആത്മാവിനാൽ ലഭിച്ചു എന്നു ചിലർ പറഞ്ഞിരിക്കാം.

ക്രിസ്തുവിന്റെ വരവിനെ കുറിച്ച് തെറ്റായ ഉപദേശങ്ങൾ കേട്ട് നിങ്ങൾ ഇളകുകയോ ഭ്രമിക്കയോ ചെയ്യരുതെന്നാണ് പൗലൊസ് പ്രബോധിപ്പിച്ചത് ക്രിസ്തുവിന്റെ മ മടങ്ങി വരവിനെ കുറിച്ചുള്ള ദുരുപദേശം അവർ തള്ളിക്കളഞ്ഞ്, പൗലസിന്റെ ഉപദേശം അവർ സ്വീകരിക്കണമായിരുന്നു. നാമും അങ്ങനെ തന്നെ ആയിരിക്കണം. നാം ക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ചുള്ള പുതിയ നിയമോപദേശം മനസിലാക്കി ആ സത്യത്തിൽ സ്ഥിരമായിരിക്കണം. ഈസി

**അധർമ്മ മൂർത്തിയുടെ വരവ് (2:3-9)**

വരുവാനുള്ള അധർമ്മ മൂർത്തിയുടെ വരവിനെ വിവരിക്കുകയായിരുന്നു പൗലൊസ് ആദ്യം പറഞ്ഞത്. കർത്താവ് മടങ്ങി വരുന്നതിന് മുൻപ് അധർമ്മ മൂർത്തി വരണം എന്ന് തെസ്സലൊനിക്യർ അറിയുവാൻ പൗലൊ1സ് ആഗ്രഹിച്ചു. ക്രിസ്തു മടങ്ങി വരുന്നതിന് മുൻപ് അധർമ്മ മൂർത്തി സ്വയമായി വരണം. ഈ വസ്തുതയ.യിൽ ആരും അവരെ ചതിക്കരുത് എന്ന് അപ്പൊസ്തലൻ മുന്നറിയിച്ചു.

നാല് കാഴ്ച്ചപ്പാടിൽകൂടെയാണ് അവൻ അധർമ്മ മൂർത്തിയെ ചിത്രീകരിചത്.

*ന്യായപ്രമാണത്തോടുള്ള അവന്റെ ബന്ധം.* അവൻ അധർമ്മ മൂർത്തിയാണ് (വാ. 3), നൽകപ്പെട്ട ഏതൊരു പ്രമാണത്തെയും, അത് ആത്മികമായാലും, രാഷ്ട്രീയമായാലും അതിനെ ലംഘിക്കുവാൻ പ്രേരിപ്പിക്കും, അതിനാലാണ് അവന് "അധർമ്മ മൂർത്തി" എന്ന് പേർ വീണത്.

*ഭാവിയോടുള്ള അവന്റെ ബന്ധം.* പൗലൊസിന്റെ കാലത്ത് വ്യാപരിച്ച അധർമ്മത്തിന്റെ മർമ്മത്താലായിരുന്നു വ്യാപരിച്ചിരുന്നത്, അവൻ നാശയോഗ്യനാണ് (വാ. 3). അവന്റെ പ്രവൃത്തിയും അന്തിമ സ്ഥാനവും നാശമായിരുന്നു. തന്നെ അനുഗമിക്കുന്ന ആരെയും നാശത്തിലേക്ക് എത്തിക്കുകയായിരുന്നു അവന്റെ ലക്ഷ്യം. പൗലൊസിന്റെ കാലത്ത് ഈ അധർമ്മ മൂർത്തിയെ വ്യക്തിയോ ശക്തിയോ മറ്റൊ തടുത്തിരുന്നു (വാ. 6). അതുകൊണ്ട്, ഭാവിയിൽ, അവൻ രംഗപ്രവേശനം നടത്തി കർത്താവ് വരുന്നതുവരെ ആത്മിയ നാശം വരുത്തിക്കൊണ്ടിരിക്കും. കർത്താവായ യേശു മടങ്ങി വരുമ്പോൾ, അവൻ തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി കളയും.

പൗലൊസ് ഇത് എഴുതുമ്പോൾ തന്നെ അധർമ്മത്തിന്റെ മർമ്മം വ്യാപരിച്ചിരുന്നു എന്നാണഅ അവൻ പറഞ്ഞത് (വാ. 7). ആകയാൽ, പൗലൊസിന്റെ കാലത്ത് തന്നെ ആ പ്രവചനം നിറവേറിത്തുടങ്ങും വാക്യം 6 ൽ പൗലൊസ് പറഞ്ഞത്, തന്റെ "കാലത്ത്" അധർമ്മ മൂർത്തി പ്രത്യക്ഷനാകും എന്നാണ്. അവന്റെ വരവിനെ തടസപ്പെടുത്തിയിരുന്നതുകൊണ്ടാണ് ആരംഭത്തിൽ അവൻ പ്രത്യക്ഷനാവാതിരുന്നത്.

*ദൈവത്തോടുള്ള അവന്റെ ബന്ധം.* അറിയ-പ്പെടുന്ന എല്ലാ ദേവന്മാരേക്കാളും, ആരാധനാ വസ്തുവേക്കാളും തന്നെത്താൻ ഉയർത്ത് ദൈവാലയത്തിൽ കയറി ദൈവം എന്ന് നടിച്ച് ഇരുന്നു. മതുപമായ സന്ദർഭത്തിലാണ് അവൻ വപ ുന്നക്, അവന്റെ വരവ് സൂചിപ്പിക്കുന്നത് വളരെ ഗൗരവതരത്തിലാണ്. വലിയ വിശ്വാസത്യാഗത്തിന്റെ തലയായിരിക്കും അവൻ എന്നാണ് അന്തർലീനമാക്കുന്നത്, പൗലൊസിന് അതിന്റെ ആരംഭത്തെ മനസിലാക്കുവാൻ കഴിഞ്ഞിരുന്നു. ലോകം മുഴുവൻ അവനാണ് വലിയ വ്ശ്വാസത്യാഗത്തിന് നേതൃത്വം കൊടുക്കുന്നത്.

*സാത്താനോടുള്ള അവന്റെ ബന്ധം.* അവൻ പ്രവർത്തിക്കുന്നതും നിലനിൽക്കുന്നതും സാത്താനാലാണ് (വാ. 9). വ്യാജമായ അത്ഭുതത്തോടും അടയാളത്തോടും കൂടിയായിരിക്കും അവൻ വരുന്നത് (വാ. 9), അവനെ അനുഗമിക്കുവാൻ അനൻ ലരെയും സ്വാധീനിക്കും. ദുഷ്ടതയും, നാശവും, വഞ്ചനയുമായി അവൻ വന്ന് (വാ. 10), തന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കും.

പുതിയ നിയമത്തിൽ വെച്ച് ഏറ്റവും ഭീതിജനകമായ ചിത്രമാണ് പൗലൊസ് ഇവിടെ നൽകിയിരിക്കുന്നത്. വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വം റോമാ സാമ്രാജ്യത്തിലുടനീളം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, അതിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കുവാൻ പിശാച് എല്ലാ തന്ത്രങ്ങളും ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതേയുള്ളു. അധർമ്മ മൂർത്തിയിൽകൂടെ പിശാച് അന്നു ചെയ്തിരുന്ന പ്രവർത്തി തുടർന്നുകൊണ്ടിരിക്കുന്നു!

ഈസി

**സ്നേഹവാനായ ദൈവത്തിന് "വ്യാജത്തിന്റെ വ്യാപാരശക്തി" അയക്കുവാൻ കഴിയുമോ? (2:11)**

സ്നേഹമുള്ള ദൈവത്തിന് എങ്ങനെയാണ് "വ്യാജത്തിന്റെ വ്യാപ

ാരശക്തി" അയക്കുവാൻ കഴിയുന്നത്? സ്വതന്ത്രമായ ചിന്താഗതി ദൈവം സ്ത്രീക്കും പുരുഷനും നൽകിയിരിക്കുന്നു. എങ്ങനെയായാലും, സത്യാന്വേഷിക്ക്, ശരിയും തെറ്റും തിരിച്ചറിയുവാൻ കഴിയും. സത്യത്തെ നിഷേധിക്കുന്നവർ അസത്യത്തെ സത്യമായി സ്വീകരിച്ചിരിക്കുന്നു. അങ്ങനെയുള്ള ആളെ ദൈവം ഭോഷ്ക്ക് വിശ്വസിക്കുമാറാക്കുന്നു.

ആളുകൾക്ക് തിരഞ്ഞെടുക്കുവാൻ ദൈവം രണ് വഴികളാണ് കൊടുത്തിരിക്കുന്നത് (മത്താ. 7:13, 14). ജീവങ്കലേക്ക് പോകുന്ന ഇടുങ്ങിയ വഴിയും, നാശത്തിലേക്ക് പോകുന്ന വിശാലമായ വഴിയുമാണ് അവ. വഞ്ചിക്കപ്പെട്ടവരാണ് വിശാലമായ വഴി തിരഞ്ഞെടുക്കുന്നത്. വഞ്ചിക്കപ്പെട്ടവരെയെല്ലാം ശിക്ഷക്ക് വിധിച്ചിരിക്കുന്നു (വാ. 12). അങ്ങനം സംഭവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല (2 പത്രൊ. 3:9). എങ്കിലും ഒരാൾ സത്യത്തിനെതിരായി ജീവിക്കുവാൻ തീരുമാനിച്ചാൽ, തെറ്റു വിശ്വസിക്കുവാൻ ആ വ്യക്തിയെ ദൈവം അനുവദിക്കുകയും, അങ്ങനെ അയാൾ ശിക്ഷക്ക് വിധിക്കപ്പെടുകയും ചെയ്യും (അതായത് ശിക്ഷിക്കും).

തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം അനുവദിക്കുന്നു, എന്നാൽ സ്വവർഗ രതി, വിവാഹേതിര ലൈംഗിക ബന്ധം, തുടങ്ങിയവ നമ്മുടെ ജീവിതത്തെ സ്വാധീനിക്കാതെ ശ്രദ്ധിക്കണം. ക്രിസ്തു *ഒരു* വഴി മാത്രം എന്നു കരുതാതെ ക്രിസ്തു മാത്രമാണ് *ഏക*വഴി എന്നു ഉറപ്പാക്കണം. ശരിയും തെറ്റും തിരിച്ചറിയുവാൻ നമുക്ക് കഴിയണം.

ശരിയും തെറ്റും മനസിലാക്കുവാനുള്ള ഏകഴവി, സത്യം അറിയുന്നതാണ്. ദൈവത്തിന്റെ വചനം ആണ് സത്യം (യോഹ. 17:17). ഐസക് വാറ്റ്സ് എഴുതി,

ബാല്യക്കാർ തങ്ങലുടെ ഹൃദയങ്ങളെ എങ്ങനെ ഭദ്രമാക്കി,
തങ്ങളുടെ ജീവിതങ്ങൾ പാപമുക്തമാക്കി സൂക്ഷിക്കും?
മനസാക്ഷി ശുദ്ധമായി സൂക്ഷിപ്പാൻ നൽകിയത്
നിന്റെ വചനമാണല്ലൊ.

'അത് സൂര്യനെ പോലെ. സ്വർഗീയ' പ്രകാശത്താൽ,
പകൽ മുഴുവനും വഴി നടത്തുകയും;
രാത്രി മുഴുവൻ സകല അപകടങ്ങളിൽനിന്നും,
ഒരു ദീപം പോലെ നമമുടെ മാർഗത്തെ നയിക്കും.[35]

ഈഈ

**അധർമ്മ മൂർത്തിയുടെ അപകടം (2:3-9)**

ഈ വേദഭാഗത്തിന്റെ അർത്ഥത്തെ കുറിച്ച് നാം വാദിച്ചേക്കാം, ആരാണ് ഈ അധർമ്മ മൂർത്തി എന്നതിനെ കുറിച്ച് നാം തർക്കിച്ചേക്കാം, എന്നാൽ പൗലൊസ് വരച്ചുകാണിച്ച ഈ അപകടസംഭവത്തെ ആരും വാദിക്കുകയോ തർക്കിക്കുകയോ ചെയ്തു കാണുന്നില്ല.

*അവൻ ദൈവത്തെ എതിർക്കുന്നു*. വരുവാനുള്ളവൻ ദൈവത്തിന്റെ സ്ഥാനം എടുത്ത് സകല-വിധത്തിലും ദൈവത്തോടു യുദ്ധം ചെയ്യുവാൻ ഒരുങ്ങുന്നു.

*അവൻ ദൈവത്തെ എതിർക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നു.* വരുവാനുള്ളവൻ തന്റെ ഭാഗത്തേക്ക് എത്ര പേരെ കൂട്ടാമോ അത്രയും പേരെ കൂട്ടിച്ചേർക്കും. വാസ്തവത്തിൽ, അവൻ ക്രിസ്തുവിനെ പിൻപറ്റുന്നവരെ പേ

ാലും തന്റെ ഭാഗത്തേക്ക് ചേർത്ത് ദൈവത്തിനെതിരായി യുദ്ധത്തിന് അണി നിരത്തും.

*അവൻ മറ്റുള്ളവരെ ചതിക്കും.* ഈ വരുന്നവൻ തന്റെ സാമ്രാജ്യം സ്ഥാപിക്കുന്നത് വഞ്ചനയിലാണ്. ആരെയും ദൈവത്തിനെതിരായി വഞ്ചിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അവൻ തെറ്റിനെ കുമ്പിടുവാൻ ശീലിപ്പിച്ചാണ് ആളുകളെ നയിക്കുന്നത്.

*അവൻ തന്നെ തെറ്റിന് ഏൽപിച്ചിരിക്കുകയാണ്.* തെറ്റിനെ സ്നേഹിച്ച്, തെറ്റിൽ ജീവിച്ച് മരിക്കുവാൻ ആളുകളെ പ്രേരിപ്പിക്കുകയാണ് അധർമ്മ മൂർത്തിയുടെ ദൗത്യം.

*തിന്മക്കും ദുഷ്ടതക്കും അവൻ തന്നെ നൽകിയിരിക്കുന്നു.* വരുവാനുള്ള ആ അധർമ്മ മൂർത്തി ദുഷ്ടക്ക്, അതിന്റെ അനന്തരഫലം അറിഞ്ഞുകൊണ്ടു തന്നെ സമർപ്പിക്കപ്പെട്ടിരിക്കുന്നു. തെറ്റ് ചെയ്ത് ദുഷ്ടതയെ വളർത്തുകയാണ്.

*അവൻ മറ്റുള്ളവരെ നാശത്തിലേക്ക് നയിക്കുന്നു.* വരുന്നവൻ ശിക്ഷക്ക് വിധിക്കപ്പെട്ടവനാണ്. അധർമ്മമ മൂർത്തിയുടെ ആരംഭം മുതൽ അനന്റെ അവസാനം വരെയുള്ള കാര്യങ്ങൾ പൗലൊസ് വരച്ചു കാണിച്ചിരിക്കുന്നു. “ആരും നരകത്തിലേക്ക് പോകുവാൻ ആഗ്രഹിക്കുകയില്ല.” നമ്മെ സംബന്ധിച്ച് അങ്ങനെ ആയിരിക്കാം, പക്ഷെ അധർമ്മ മൂർത്തിയെ സംബന്ധിച്ച് അങ്ങനെയല്ല.

അത്തരം സ്വഭാവത്തെ ആർക്കും ഒളിച്ചുവെക്കുവാൻ സാദ്യമല്ല. വിശ്വാസ ത്യാഗത്തെ ദുഷ്ടതക്കും നാശത്തിനുമായി വിൽക്കുന്നതിനെ കുറിച്ചാണ് പൗലൊസ് വിശദമാക്കുന്നത്. ഈസി

**അധർമ്മ മൂർത്തിയുടെ നാശം (2:3-9)**

ഈ മനുഷ്യനെ കുറിച്ച് പല ചോദ്യങ്ങളും ഉയർന്നേക്കാം, എന്നാൽ ഈ വസ്തുതകൾ വളരെ വ്യക്തമാണ്: പൗലൊസിന്റെ കാലശേഷവും അവൻ നിലനിൽക്കും, ലോകാവസാനം വരെ അവന്റെ വഞ്ചനാ പ്രവൃത്തികൾ തുടരുകയും ചെയ്യും.

*യേശു വരുമ്പോൾ.* യേശുക്രിസ്തു വരുമ്പോൾ അധർമ്മ മൂർത്തിയെ നശിപ്പിക്കും. അവൻ തന്റെ വീര്യത്താലും, ശക്തിയാലും, വായിലെ ശ്വാസത്താലും അധർമ്മ മൂർത്തിയെ ഇല്ലാതാക്കും. ആ പാപമനുഷ്യൻ യേശുവിന്റെ മുഖ്യശത്രുവായിരിക്കും. അവൻ സാത്താനല്ല എങ്കിലും, സാത്താന്റെ ശക്തിയോടുകൂടിയായിരിക്കും വരുന്നത്. പാപ മനഷ്യൻ കാറാണെങ്കിൽ, സാത്താൻ അതിലെ ഇന്ധനം ആയിരിക്കും. പാപ മനുഷ്യൻ മഴു ആണെങ്കിൽ, സാത്താൻ അതിന്റെ വീശുന്ന കൈകളായിരിക്കും.

*അവന്റെ വായിലെ ശ്വാസത്താൽ.* തന്റെ പ്രത്യക്ഷതയുടെ പ്രഭയാലും, വായിലെ ശ്വാസത്താലുമായിരിക്കും യേശു അവനെ കൊല്ലുന്നത്. കർത്താവ് എങ്ങനെ അവനെ ഇല്ലാതാക്കുമെന്ന വസ്തുതയാണ് ഈ വസ്തുത സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ വായിൽനിന്നു പുറപ്പെടുന്ന വായുവിന്റെ ഒരു കുമിളയാൽ അവൻ അധർമ്മ മൂർത്തിയെ നശിപ്പിക്കും. അവനെ ഇല്ലാതാക്കവാൻ യേശുവിന് ഒരു വാക്ക് മതി.

*പൂർണ്ണമായ നാശത്തോടെ.* പാപമനുഷ്യനെ മുഴുവനായും ഇല്ലാതാക്കും. അവന്റെ നാമത്തിനെതിരായ ഏതൊരു എതിർപ്പിനെയും കർത്താവ് നശിപ്പിക്കുമെന്ന് നമുക്ക് ഉറപ്പിക്കാം. അവസാനം വരെ നിൽക്കുവാൻ അധർമമ

മൂർത്തിയെ ദൈവം അനുവദിക്കും, എന്നാൽ കർത്താവ് വരുമ്പോൾ ആദ്യം ചെയ്യുന്ന പ്രവൃത്തി അവനെ നീക്കം ചെയ്യുക എന്നതായിരിക്കും. പിശാചിനേ ാടും അവന്റെ ദൂതന്മാരോടുംകൂടെ അവനെ കർത്താവ് ഗന്ധക തീപൊയ്ക യിലേക്ക് തള്ളിക്കളയും. അവനെ അനുഗമിക്കുന്ന ഏവനും അവനോടുകൂടെ നശിക്കും. ഈസി

**എപ്പോഴായിരിക്കും അധർമ്മ മൂർത്തി വരുന്നത് (2:3-9)**

ഒരാൾ 2:3–9 വായിക്കുമ്പോൾ, അപകടസാധ്യത അവസാനം ഒഴിവാകു മെങ്കിലും, പാപമനുഷ്യൻ ഇപ്പോൾ തന്നെ ഉണ്ടല്ലോ എന്ന് ചിന്തിക്കും. ആ ചോദ്യത്തെ സംബന്ധിച്ച് നാല് വസ്തുതകൾ പൗലൊസ് നൽകുന്നു.

*പൗലൊസ് ലേഖനം എഴുതുന്ന സമയത്ത് പാപമനുഷ്യനെ വഴിയിൽ തട യുകയായിരുന്നു.* ചില ശക്തി-ഒരുപക്ഷെ അത്ഭുത കാലഘട്ടമാകാം, അല്ലെ ങ്കിൽ റോമാ സാമ്രാജ്യമാകാം–സമയം ആകുന്നതിന് മുൻപ് രംഗപ്രവേശനം ചെയ്യാതിരിക്കുവാൻ അവനെ തടയുകയായിരുന്നു എങ്ങനെയായാലും, ഭാവി യിൽ തടയുന്നവനെ വഴിയിൽ നിന്നു നീക്കം ചെയ്യും എന്നാണ് പൗലൊസ് പറഞ്ഞത്, അങ്ങനെ അധർമ്മ മൂർത്തി “അവന്റെ” സമയത്ത് പ്രത്യക്ഷനാകും.

*അധർമ്മത്തിന്റെ മർമ്മം പൗലൊസിന്റെ കാലത്ത് തന്നെ വ്യാപരിച്ചിരു ന്നു*. പൊലൊസ് തെസ്സലൊനിക്യ ലേഖനം എഴുതുമ്പോൾ തന്നെ വലിയ ഒരു വിശ്വാസ ത്യാഗം തുടങ്ങിയിരുന്നു.

*അധർമ്മ മനുഷ്യൻ പൗലൊസിന്റെ ജീവിത കാലശേഷമാണ് ഭാവിയിൽ വെളിപ്പെടുവാനിരിക്കുന്നത്*. ശരിയായ സമയത്ത്, തടുക്കുന്നവൻ വഴിയിൽന ിന്ന് മാറുമ്പോൾ, അധർമ്മ മനുഷ്യൻ പ്രത്യക്ഷനാകും. പൗലൊസിന്റെ കാലത്ത് തന്നെ അധര്മ്മത്തിന്റെ മർമ്മം പ്രവർത്തിച്ചിരുന്നു.

*അധർമ്മ മൂർത്തി പ്രത്യക്ഷനായാൽ, അവൻ ലോകാവസാനത്തോവും ഉണ്ടാകു ം.* ലോകാവസാനത്തിൽ കർത്താവ് വരുമ്പോൾ അധർമ്മ മനു ഷ്യനെ നശിപ്പിക്കും. അധർമ്മ മൂർത്തി വരുന്നത് പൗലൊസിന്റെ കാലശേഷ മായിരിക്കും എന്നു നമുക്ക് തീർത്തു പറയാം. അതിനാൽ അവൻ ഇപ്പോൾ ലോകത്തിലുണ്ട് എന്നു നമുക്ക് ധൈര്യത്തോടെ പറയാം. ദൈവത്തിന്റെ സത്യത്തിൽ നിന്നും ആളുകളെ അകറ്റുകയാണ് അവന്റെ ദൗത്യം എന്നും നമുക്ക് ധൈര്യത്തോടെ പറയാം. എവിടെയാണ് അവൻ ഇത് ചെയ്യുന്നത്? പോപ്പ് അടക്കമുള്ള വലിയ നാമധേയ വിഭാങ്ങളിലും, സത്യത്തിൽ നിന്നും അകന്നു പോയിരിക്കുന്ന മറ്റു സമുദായസംഘടനകളിലുമല്ലേ?

ഇന്ന് നടക്കുന്ന ഏറ്റവും വലിയ യുദ്ധം ഈ അധർമ്മ മൂർത്തിയുടേതാണ്. അവൻ ആരെയെല്ലാം സ്വാധീനിക്കുന്നുവോ, അവരെല്ലാം അന്തിമ സ്ഥാനത്ത് കഷ്ടപ്പെടേണ്ടി വരും. ഈസി

**അധർമ്മ മൂർത്തിയിൽനിന്നുമുള്ള നമ്മുടെ വിടുതൽ (2:10-12)**

അധർമ്മ മൂർത്തിയുടെ പ്രത്യക്ഷതയെ സംബന്ധിച്ച ഭയാനകമായ ഈ കാഴ്ച്ചപ്പാട് കണ്ട ശേഷം, അവൻ ലോകത്തിൽ ഉണ് എന്നറിങ്ങളാൽ ചോദ്യം ഉയരാം. “എങ്ങനെ എനിക്ക് അവനെ ഒഴിഞ്ഞു മാറാം? അവൻ എന്നെ പിടിക്കാതിരിപ്പാൻ ഞാൻ എന്തു ചെയ്യണം?” പൗലൊസ് വിടുതൽ വഴി നൽകിയിരിക്കുന്നു.

*ആത്മാർത്ഥമായി സത്യത്തെ സ്നേഹിക്കുക*. അധർമ്മ മനുഷ്യൻ ചതിക്കു

ന്നത് സത്യം അനുസരിക്കാത്തവരെയാണ് (വാ. 10). “സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളാത്തവരിലേക്ക് ദൈവം ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാര ശക്തി അയക്കും” (വാ. 11). റെയ്മണ്ട് സി.കെലി എഴുതി, “തനിക്ക് ഇഷ്ടമുള്ളത് ദൈവം ൽകുവാൻ തക്കവണ്ണം പാപത്തിന് ഒരു പുരോഗമന സമയമുണ്ട്.”[36]

റോമർ 1:24, 26, 28 ൽ ആളുകളെ പാപത്തിലേക്ക് തള്ളിവിടുന്ന തത്വത്തെ കുറിച്ച് പറയുന്ന വേദഭാഗം പൗലൊസ് നൽകിയിരിക്കുന്നു:

> അകുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്ത ശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്ന് അശുദ്ധിയിൽ ഏൽപിച്ചു (റോമ. 1:24).

> അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏൽപിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കി കളഞ്ഞു (റോമ. 1:26).

> ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന് തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്വാൻ നികൃഷ്ടബുദ്ധിയിൽ ഏൽപിച്ചു (റോമ. 1:28).

ഒരാളെ തന്റെ ഇഷ്ടപ്രകാരവും ആഗ്രഹപ്രകാരവും ഭോഷ്ക്കിനാൽ പിടിക്കപ്പെടുവാൻ അനുവദിക്കും. സത്യ്യെ സ്നേഹിക്കാതെ അനീതിയിൽ രസിക്കുന്നവരെ, അധർമ്മ മനുഷ്യൻ സ്വാധീനിക്കും.

*സത്യത്തെ ആത്മാർത്ഥമായും സത്യസന്ധമായും അനുസരിക്കുക.* തീർച്ചയായും, സത്യത്തെ സ്നേഹിക്കുന്നതിൽ ആത്മാർത്ഥമായ അനുസരണവും ഉൾപ്പെടുന്നു. സത്യത്തെ സ്നേഹിക്കുക എന്ന് പൗലൊസ് പറഞ്ഞ സ്വഭാവം അതാണ് വ്യക്തമാക്കുന്നത്. അധർമ്മ മൂർത്തിയിൽനിന്ന വിടുതലിനായി സത്യത്തെ സ്നേഹിച്ച് അനുസരിക്കുകയാണ് വേണ്ടത്.

അധർമ്മ മൂർത്തി ആരാണെന്നതിന്റെ വിശദാംശങ്ങൾ നമുക്ക് അറിയില്ല, എന്നാൽ നാം സത്യത്തെ സ്നേഹിച്ച് അനുസരിച്ച് നിലനിന്നാൽ, അധർമ്മ മൂർത്തി നമ്മെ വഴി തെറ്റിക്കുവാൻ “എടുക്കുകയില്ല.” കൃപാലുവായ ദൈവം നമുക്ക് അവന്റെ നിത്യമായ സത്യം നൽകിയിരിക്കുന്നത്, അതിനെ സ്നേഹിക്കുവാനും, അതിൽ സന്തോഷിക്കുവാനും, അതിൻപ്രകാരം ജീവിക്കുവാനും, അങ്ങനെ നമുക്ക് തെറ്റിൽ അകപ്പെടാതിരിപ്പാനും കഴിയും. ഈസി

**സത്യത്തെ അനുസരിക്കാത്തതിന്റെ വിപത്ത് (2:10-12)**

ദൈവത്തിന്റെ സത്യം അനുസരിക്കാതിരുന്നാലുള്ള അപകടത്തെ പൗലൊസ് മുന്നറിയിച്ചിരിക്കുന്നു. ആ പരാജയത്തിന് നമുക്ക് ഏറ്റവും മോശമായ അനുഭവമായിരിക്കും നേരിടേണ്ടി വരിക.

*സത്യത്തെ സ്നേഹിക്കാത്തവർ വഞ്ചിക്കപ്പെടും.* സത്യത്തെ സ്നേഹിക്കാത്തവർ അധർമ്മ മൂർത്തിയുടെ വഞ്ചനക്ക് ഇരയാകും. വലിയ വിശ്വാസത്യാഗം അങ്ങനെയുള്ളവരെ വിഴുങ്ങുകയും.നശിപ്പിക്കുകയും ചെയ്യും. ദൈവത്തിന്റെ സത്യത്തെ കുറിച്ച് വഞ്ചിക്കപ്പെടുന്നതാണ് ഒരാൾക്ക് പറ്റാവുന്ന

എറ്റവും വലിയ ആപത്ത്.

*സത്യത്തെ സ്നേഹിക്കാത്തവൻ സത്യമെന്ന പോലെ ഭോഷ്ക്ക് വിശ്വസിക്കും.*അവൻ വഞ്ചിക്കപ്പെടുക മാത്രമല്ല, ഭോഷ്ക്ക് സത്യമാണെന്ന് കരുതി വിശ്വസിക്കും. ദുഷ്ടതയുടെ നടപടി അവനിൽ പൂർത്തീകരിക്കപ്പെടും. "തെറ്റ് ചെയ്യുവാനായി ദൈവം അനുവിദിക്കും" എന്നാണ് പൗലൊസ് വിവരിച്ചത്. അവൻ അത് തിരഞ്ഞെടുത്തുകൊണ്, ദൈവം അവനെ കൈപിടിച്ച് "ഭോഷ്ക്കിലേക്ക്" നയിക്കുന്നതുപോലെ ആകും. തെറ്റിൽ നടക്കുമ്പോൾ താൻ സത്യത്തിലാണ് ജീവിക്കുന്നതെന്ന് അവന് തോന്നും.

*സത്യത്തെ സ്നേഹിക്കാത്തവൻ അനീതിയിൽ രസിക്കും.* ഭോഷ്ക്ക് സത്യമാണെന്ന വിശ്വാസത്തിൽ അയാൾ അതിൽ ആസ്വദിക്കും. രസം കണെത്തി അതിൽ നടക്കുകയും അതിന് വേണി എന്തു ത്യാഗവും ചെയ്യുവാൻ തുനിയുകയും ചെയ്യും.

*അവൻ സത്യത്താലാണ് വിധിക്കപ്പെടുന്നത്.* ദൈവം സകല മനുഷ്യരേയും സത്യത്താലാണ് വിധിക്കുന്നത്. ഒരിക്കൽ ഒരാൾ സത്യം കേട്ടിട്ട് അതിനെ തള്ളിക്കളഞ്ഞാൽ, അയാൾ തള്ളിക്കളഞ്ഞ അതേ സത്യത്താൽ തന്നെ ദൈവം അയാളെ വിധിക്കും.

ദൈവത്തിന്റെ സത്യത്തെ ഒരാൾ നിഷേധിച്ചാൽ, അയാൾ .ചെന്ന് വീഴുന്നത് ഏറ്റവും വലിയ കുഴിയിൽ ആയിരിക്കും. അങ്ങനെ ചെയ്യുന്ന ആൾ പാപമനുഷ്യന് തന്നിലേക്കുള്ള വഴി തുറന്നു കൊടുക്കുകയാണ്, തുടർന്ന് പാപത്തിന്റെ അനന്തരഫലമായ ദൈവത്തിന്റെ വിധിയിലേക്ക് നടന്നടുക്കുകയാണ്. ജീവിച്ചിരിക്കുമ്പോൾ, അയാൾക്ക് തിരിച്ച് ദൈവത്തിന്റെ സത്യത്തിലേക്ക് തിരിച്ചുവരുവാൻ കഴിയും എന്നതാണ് പ്രത്യാശ. ഈസി

**ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നു (2:13, 14)**

തെസ്സലൊനിക്യർക്ക് വേണ്ടി സ്തോത്രം ചെയ്യുവാൻ പൗലൊസ് നിർബ്ബന്ധിതനായിരുന്നു. സ്തോത്രം ചെയ്യുവാനുള്ള മുഖ്യ കാരണം ദൈവം അനപെ തിരഞ്ഞെടുത്തു എന്നതായിരുന്നു. അത് ഇരട്ട തിരഞ്ഞെടുപ്പായിരുന്നു–സുവിശേഷ ഘോഷണത്താൽ ദൈവം അവരെ തിരഞ്ഞെടടുക്കുകയും, തിരഞ്ഞെടുക്കപ്പെട്ടവരോട് ചേരുവാനുള്ള ആഹ്വാനം അവർ തിരഞ്ഞെടുക്കുകയയും ചെയ്തു.

*രക്ഷക്കായി തിരഞ്ഞെടുത്തു.* ഓരോരുത്തരം സുവിശേഷം കേട്ട് അനുസരിക്കുമ്പോൾ, ഓരോ ക്രിസ്ത്യാനിയേയും ദൈവം രക്ഷക്കു വിളിക്കുകയാണ് (വാ. 14). തെസ്സലൊനിക്യർ സുവിശേഷം അനുസരിച്ച് രക്ഷിക്കപ്പെട്ടിരുന്നു. പാപത്തിൽ നിന്ന് അവർ മോചിതരായതിനാൽ പൗലൊസിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുവാൻ കഴിഞ്ഞു.

*വിശുദ്ധീകരണത്തിനായി തിരഞ്ഞെടുത്തു.* അവർ ക്രിസ്ത്യാനികളായപ്പോഴാണ് ദൈവം അവരെ വിശുദ്ധീകരിച്ചത്. അവർ തുടർച്ചയായി അങ്ങനെ വളരുകയും ചെയ്തിരുന്നു. തന്റെ പരിവർത്തകർ ദൈവത്തോടുള്ള സമർപ്പണ ജീവിതം നയിക്കുന്നതിനേക്കാൾ ഒരു ഉപദേഷ്ടാവിനെ സന്തോഷിപ്പിക്കുവാൻ മറ്റന്നില്ല.

*സത്യത്തെ വിശ്വസിക്കുന്നത് തിരഞ്ഞെടുത്തു.* തെസ്സലൊനിക്യർ സത്യത്താൽ വേർപെട്ട ജീവിതം നയിക്കുവാൻ തുടങ്ങിയതിനാൽ അവൻ ദൈവത്തിന് സ്തോത്രം ചെയ്തു. ലോകത്തിലൽ തന്റെ വചനം കൈക്കൊള്ളുന്നവ

രെയെല്ലാം കൂട്ടി ചേർക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ സത്യത്തെ വിശ്വസിക്കുവാനായി അവരെ അവൻ തിരഞ്ഞെടുക്കുന്നു.

*ക്രിസ്തുവിന്റെ മഹത്വത്തിനായി തിരഞ്ഞെടുക്കുന്നു*. സ്വർഗത്തിലേക്കും സ്വർഗീയ മഹത്വത്തിലേക്കുമുള്ള യാത്രയിലായിരുന്നു തെസ്സലൊനിക്യയിലെ പുതിയ പരിവർത്തകർ. ഒരിക്കൽ അവർക്ക് ക്രിസ്തുവിന്റെ തേജസ് ലഭിക്കുകയും, അത് പങ്കിടുകയും ചെയ്യുന്നു.

ദൈവികസത്യം തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ മറ്റു പല സത്യങ്ങളും ഉൾപ്പെടുന്നു: രക്ഷം, സത്യത്തെ വിശ്വസിക്കൽ, വിശുദ്ധീകരണം, മഹത്വത്തിലേക്കുള്ള നയിക്കൽ തുടങ്ങിയവയാണ് ക്രിസ്ത്യാനിയായി തീരുന്ന ഏതൊരാൾക്കും സന്തോഷിക്കുവാൻ വകയുണ്ട്, കാരണം തെസ്സലൊനിക്യർക്ക് ലഭിച്ച അതേ അനുഗ്രഹങ്ങൾ അവർക്കും ലഭിക്കും. ഈസി

**ഇപ്പോൾ എന്ത്? (2:15)**

അപ്പോൾ എന്താണ് തെസ്സലൊനിക്യർ ചെയ്യേണ്ടിയിരുന്നത്? അവർ ക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ച് ആഴമായ സത്യം മനസിലാക്കി, വിശ്വാസത്തിലും സ്നേഹത്തിലും വളർന്ന്, ഉപദ്രവങ്ങളെ സഹിച്ച് ജീവിക്കണമായിരുന്നു. ഇനി എന്ത്? നമ്മുടെ ക്രിസ്തീയ ജീവിതം നാം തുടരുമ്പോൾ, നാം എന്തു ചെയ്യണം?

*വിശ്വാസത്തിൽ ഉറച്ചു നിൽക്കുക* (വാ. 15). യേശുവിനെ കുറിച്ചും ദൈവത്തെ കുറിച്ചും ഉള്ള സത്യം അവർ വിശ്വസിച്ചു. ആ വിശ്വാസത്തിൽ അവർ തുടർന്നും ജീവിക്കണം. അവർ വിശ്വാസത്തെ പിടിക്കുകയും, ആ വിശ്വാസം അവരെ പിടിക്കയും വേണം.

*സത്യത്തിൽ ഉറച്ചു നിൽക്കുക.* വാമൊഴിയായും ലേഖനത്താലും, അവരെ അപ്പൊസ്തലന്മാരുടെ ഉപദേശം പഠിപ്പിച്ചിരുന്നു (വാ. 15). പുതിയ നിയമത്തിൽ, "സമ്പ്രദായം" എന്ന വാക്ക് (παράδοσις, *പാരാഡോസിസ്*), ചിലപ്പോൾ ദൈവശ്വാസീയ എഴുത്തുകൾക്കും മറ്റു ചിലപ്പോൾ മാനുഷിക ഉപദേശങ്ങൾക്കും ഉപയോഗിച്ചിരിക്കുന്നു (മത്താ. 15:2, 3). അതിനർത്ഥം, "കൈമാറി കിട്ടിയ ചിലത്" എന്നാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ദൈവശ്വാസിയ എഴുത്തുകൾക്കാണ്. തെസ്സലൊനിക്യർക്ക് പൗലൊസിൽനിന്ന് ദൈവശ്വാസിയ എഴുത്തുകൾ ലഭിച്ചിരുന്നു, അവർ അത് വയിച്ച്, അതിൽ വസിക്കണമായിരുന്നു.

ക്രിസ്ത്യാനിത്വം ഒരു കുട്ടിക്ക് പോലും കടന്നു ചെല്ലുവാനും ആനക്ക് പോലും നീന്തിക്കുളിക്കുവാനുമുള്ള വിസ്തൃതമാണ്. ഈ വാക്യത്തിൽ, നാം ലളിതമായ ക്രിസ്തീയ ജീവിതത്തെ കാണുന്നു. രണ് പടികൾ ഇതില്ഡ ചേർന്നിരിക്കുന്നു: വിശ്വാസത്തെ കാത്ത് സത്യത്തിൽ വസിക്കുക. ഈസി

**മനോഹരമായ ആശിർവാദം (2:16, 17)**

തെസ്സലൊനിക്യയിലെ വിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് ആശിർവാദം നൽകി അധർമ്മ മൂർത്തിയെ കുറിച്ചുള്ള ചർച്ച പൗലൊസ് അവസാനിപ്പിക്കുകയാണ്.

*"നിങ്ങൾക്ക് നിത്യാശ്വാസം ലഭിക്കട്ടെ."* ഈ ജീവിതത്തിലും വരുവാനുള്ള ലോകത്തിലും എന്നേക്കുമുള്ള ആശ്വാസമാണ് അവൻ നേർന്നത്. മറ്റുള്ളവർക്ക് ഭൗതികമായ ആശ്വാസം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നത് ഒരു

കാര്യം, എന്നാൽ അവർക്ക് നിത്യാശ്വാസം ലഭിക്കകണെന്ന് ആഗ്രഹിക്കുന്നത് മറ്റൊരു കാര്യം നമ്മുടെ സഹോദരങ്ങൾക്ക് നിത്യാശ്വാസം ലഭിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം.

"*കൃപയാൽ നിങ്ങൾക്ക് നല്ല പ്രത്യാശ ലഭിക്കുമാറാകട്ടെ.*" ദൈവ കൃപയുടെ അടിസ്ഥാനനത്തിലുള്ള നല്ല പ്രത്യാശ അവർക്ക് ലഭിക്കണമെന്നായിരുന്നു അവന്റെ ആഗ്രഹം. ആ പ്രത്യാശ നിർജീവമായ ഒന്നായിരുന്നില്ല, മറിച്ച് ജീവനുള്ളതും വാസ്തവത്തിലുള്ളതുമായ ഒന്നായിരുന്നു. കൃപയാൽ ലഭിക്കുന്ന ആ പ്രത്യാശ നമ്മുടെ സഹോദരങ്ങൾക്ക് ഉണ്ടാകട്ടെ എന്നു നമുക്ക് ആശംസിക്കാം.

"*എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ.*" സൽപ്രവൃത്തിയിലും, നല്ല സംസാരത്തിലും അവർ തങ്ങളെ ഉറപ്പിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്, ശരിയായി സംസാരിക്കയും, ശരിയായി ജീവിക്കുകയും വേണമെന്നർത്ഥം. ക്രിസ്തു അവരുടെ ജീവിതവും സംസാരവും നിയന്ത്രിക്കുവവാനായീരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. നമ്മുടെ സഹോദരങ്ങളെ നല്ല പ്രവൃത്തതിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ എന്നു നമുക്ക് ആശംസിക്കാം.

ഈ ആശംസ നാം കാണുമ്പോൾ, ക്രിസ്തീയ ജീവിതത്തിന്റെ ഉയർന്ന നിലവാരത്തിലേക്ക് ഉയരുവാൻ കഴിയും എന്നോർക്കുക. എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമായ ആത്മിയ നിലവാരത്തെയും വളർച്ചയെയും അപ്പൊസ്തലന് പ്രകടിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിലുള്ള നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ എന്താണ് ആശംസിക്കുന്നത്? ഈസി

**ക്രിസ്ത്യാനിയെ വിളിക്കകൽ (2:13-17)**

1947 ൽ, എന്റെ അപ്പന് മിസൗറിയിലെ നെവാഡയിൽ ഒരു കൃഷിഭൂമിയുണ്ടായിരുന്നു. എന്റെ മൂത്ത സഹോദരനെ സൈന്യത്തിലേക്ക് തിരഞ്ഞെടുത്തിരുന്നു. എന്റെ അപ്പന് ആണെങ്കിൽ ഹൃദയ സംബന്ധ രോഗവുമുണ്ടായിരുന്നു. അതുകൊണ്, ഭൂരിഭാഗം ജോലിയും പത്തൊമ്പതു വയസുള്ള എന്റെ സഹോദരനിലും എന്നിലും നിക്ഷിപ്തമായിരുന്നു.. എനിക്ക് പതിനാല് വയസുണ്ടായിരുന്നു, ഹൈസ്ക്കുളിലേക്ക് കടന്നിട്ടേ ഉള്ളു. സ്കൂൾ വിട്ടു വന്ന ശേഷമായിരുന്നു ഞാൻ ജോലി ചെയ്തിരുന്നത്. അപ്പോൾ പത്തൊമ്പതുകാരനായ എന്റെ സഹോദരനെ സൈന്യത്തിൽ സേവനത്തിനായി വിളിച്ചു. ആ വിളി എനിക്ക് നല്ല ഓർമ്മയുണ്, കാരണം അതോടെ എന്റെ പഠിത്തം ഒരു വർഷത്തേക്ക് അവസാനിപ്പിച്ച് കൃഷിയിലേക്ക് ഇറങ്ങേണ്ടി വന്നിരുന്നു.

എല്ലാ ക്രിസ്ത്യാനികളെയും സേവനത്തിനാണ് വിളിക്കുന്നത്. പൗലൊസ് എഴുതി, "ദൈവം നിങ്ങളെ ആദി മുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി *തിരഞ്ഞെടുത്തു*കൊണ്ട് നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷെക്ക് *വിളിച്ചത്*" (വാ. 13, 14; എംഫസിസ് മൈൻ). കഴിഞ്ഞ കാലത്ത് ഒരിക്കൽ ദൈവം നമ്മെ വിളിച്ച് അവന്റെ ഭവനത്തിലേക്ക് തചർത്തു.[37]

"കർത്തതാവിന്ന് പ്രിയപ്പെട്ട സഹോദരന്മാരായിരുന്നു" തെസ്സലൊനിക്യയിലുള്ളവർ. എല്ലാവരേയും ദൈവം സ്നേഹിക്കുന്നു (യോഹ. 3:16). ദൈവ

വിളി സ്വീകരിച്ച് ക്രിസ്ത്യാനികളായി തീർന്നവരോട് ദൈവത്തിനു പ്രത്യേക സ്നേഹം ആണുള്ളത് (യൂദാ 21). ഒരാളെ ദൈവം എങ്ങനെയാണ് വിളിക്കുന്നത് അല്ലെങ്കിൽ, എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്? എന്തുകൊണ്ടാണ് ദൈവം എല്ലാവരേയും തിരഞ്ഞെടുക്കാത്തത്? അതിനെല്ലാം ഉള്ള ഉത്തരം, ദൈവം തന്നെ *അനുസരിക്കുന്ന*വരെയാണ് രക്ഷിക്കുന്നത്. എബ്രായർ 5:9 പറയുന്നു, "യേശു അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ *അനുസരിക്കുന്ന* ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു" (എംഫസിസ് ആഡഡ്). പകരം, ദൈവത്തെ അനുസരിക്കാതിരിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ രണ്ടു കൂട്ടരാണുള്ളത്: അനുസരിക്കാതിരിക്കുന്നവരും, അനുസരിക്കുന്നവവരും. നമ്മെ നാം ഏതു കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

തെസ്സലൊനിക്യ സഭ ദൈവത്തെ അനുസരിക്കുവാൻ തീരുമാനിച്ചു; അങ്ങനെ അവർ ദൈവസ്നേഹത്തിലായി. അക്കകാരണത്താൽ, അവർക്ക് വേണ്ടി സ്തോത്രം ചെയ്യുവാൻ പൗലൊസ് നിർബന്ധിതനായി. ദൈവ ഭവനത്തിലെ എല്ലാ അംഗങ്ങൾക്കുമായി അവൻ സ്തോത്രം ചെയ്തു.

*നമ്മെ തിരഞ്ഞെടുക്കുന്നതിൽ ദൈവത്തിന്റെ പങ്ക് എന്താണ്?* കെജെവിയിലും എൻഏഎസ്ബിയിലും, "ആരംഭം മുതൽ" എന്നാണ്. അത് ദൈവം തന്റെ ജനത്തെ തിരഞ്ഞെടുക്കുന്ന സമയം വ്യക്തമാക്കുന്നു. എൻഏഎസ്ബിയിലെ കുറിപ്പ് പറയുന്നു, ഒരു പ്രാരംഭ കൈപ്ര [കയ്യെഴുത്തുപ്രതി] വായിക്കുന്നത് "ആദ്യഫലം" എന്നാണ്. യുഎസ്ബി ഇഷ്ടപ്പെടുന്നത്, "ദൈവം നിങ്ങളെ ആദ്യഫലമായി" തിരഞ്ഞെടുത്തു എന്നതാണ്. അത് ഒരുപക്ഷെ ശരിയായിരിക്കാം. മക്കെദോന്യയിലെ, വിളവെടുപ്പിന്റെ ആദ്യഫലം ആയിരുന്നു തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ (ആവ. 26:1–4).

വിളി എങ്ങനെ സംഭവിക്കുന്നു? വിളിച്ചവരെ "ആത്മാവിനാൽ" വിശുദ്ധീകരിക്കുന്നു. വിശുദ്ധീകരണത്തിൽ നിർമ്മലമാക്കുന്നതും അടങ്ങിയിരിക്കുന്നു. "ആത്മാവ്" എന്നു പറയുന്നത് പരിശുദ്ധാത്മാവാണ്, ആത്മാവ് മുഖേനയാണ് വചനം വെളിപ്പെടുത്തിയത് (യോഹ. 16:13; യോഹ. 17:17; എഫെ. 6:17 നോക്കുക). നാം ആദ്യം വിശുദ്ധീകരിക്കപ്പെട്ടത് സ്നാനപ്പെട്ടപ്പോഴാണ് (പ്രവൃ. 2:38). നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് മാനസാന്തരപ്പെടുമ്പോൾ, ക്രിസ്തുവിന്റെ രക്തത്താൽ നമ്മെ ശുദ്ധീകരിക്കുകയും, അങ്ങനെ നാം തുടർച്ചയായി ശുദ്ധീകരിക്കപ്പെടുന്നു (1 യോഹ. 1:7).

"സത്യത്തിലുള്ള വിശ്വാസം" മൂലവും നാം വിശുദ്ധീകരിക്കപ്പെടുന്നു. വാക്യം 14 ൽ പൗലൊസ് ആ സത്യത്തെ "നമ്മുടെ സുവിശേഷം" എന്നാണ് വിളിച്ചത്. തെസ്സലൊനിക്യരിലേക്ക് തന്റെ സന്ദേശം എത്തിക്കുവാൻ ദൈവമാണ് അവസരം ഒരുക്കിയത്. ദൈവത്തിന്റെ സന്ദേശമായിരുന്നു "സുവിശേഷം." അതായിരുന്നു തന്റെ യാത്രകളിലെല്ലാം പൗലൊസ് പ്രസംഗിച്ചത്.

സന്ദേശം കേൾക്കുന്ന എല്ലാവരും അത് കൈക്കൊള്ളുകയില്ല. അതു കൈക്കൊള്ളുന്നവരെയാണ് "വിളിക്കുന്നത്." സത്യത്തിന്റെ സ്നേഹത്തെ എല്ലാവരും സ്വീകരിക്കുകയില്ല (വാ. 10), അവർ "വ്യാജത്തെ" വിശ്വസിക്കുന്നു (വാ. 11). "സത്യത്തിൽ വിശ്വാസം" ഉള്ളവരായിരുന്നു തെസ്സലൊനിക്യർ. അതുകൊണ്, അവരെ വിളിച്ചു. വെതെർലി എഴുതി, "അവരുടെ വിശ്വാസത്തെ ആസ്പദമാക്കി നിബന്ധനയോടുകൂടിയാണ് അവൻ അവരെ തിര*ഞ്ഞെ*ടുത്തത്."[38]

എന്തിലേക്കാണ് ക്രിസ്ത്യാനികളെ വിളിക്കുന്നത്? "രക്ഷക്കാണ്" നമ്മെ വിളിക്കുന്നത്, അല്ലെങ്കിൽ പാപത്തിൽനിന്നു മോചിക്കുവാനാണ്. "കർത്തതാവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനുമാണ് നമ്മെ വിളിക്കുന്നത്" (വാ. 14; 1 തെസ്സ. 5:9). ചുരുങ്ങിയ രീതിയിൽ, നാം ഈ ജീവിതത്തിൽ അവന്റെ മഹത്വം പ്രാപിക്കും (2 കൊ. 3:18). എങ്ങനെയായാലും, സ്വർഗത്തിലെത്തുമ്പോൾ, ആ തേജസ് വലിയ തോതിൽ നമുക്ക് ലഭിക്കും (റോമ. 8:18; ഫിലി. 3:20, 21). ദൈവം നമ്മെ വിളിച്ചിരിക്കയാൽ അതല്ലാം സാധ്യമാണ്.

*നമ്മെ തിരഞ്ഞെടുക്കുന്നതിൽ നമ്മുടെ പങ്ക് എന്താണ്?* നമ്മുടെ വിളിയിൽ നാം ഉറച്ചു നിൽക്കണം പൗലൊസ് എഴുതി, "ആകയാൽ സഹോദരന്മാരേ നിങ്ങൾ ഉറെച്ചു നിന്ന് ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ" (വാ. 15). വ്യാജ ലേഖനത്താലോ, കള്ളയപ്പൊസ്തലന്മാരാലോ "ഇളകി പോകാതെ" അല്ലെങ്കിൽ "ചഞ്ചലപ്പെടാതെ" (2:2), അവർ "ഉറെച്ചു നിൽക്കണം." പൗലൊസ് അടിക്കടി ഉപയോഗിച്ചിരിക്കുന്ന പ്രയോഗമാണ് ഇത് (1 തെസ്സ. 3:8; 1 കൊ. 16:13).

"വായ്മൊഴിയായി" അവരെ പഠിപ്പിച്ച "പ്രമാണങ്ങളെ" പിടിച്ചുകൊള്ളുവാനാണ് പൗലൊസ് അവരോട് ഉപദേശിച്ചത്. "വായ്മൊഴി" എന്ന പ്രയോഗം വ്യക്തമാക്കുന്നത്, *പൗലൊസ്* അവിടേയായിരുന്നപ്പോൾ അവരെ നേരിട്ട് പഠിപ്പിച്ചത് എന്നാണ്.

ലേഖനം മുഖാന്തരം പഠിപ്പിച്ച "സമ്പ്രദായങ്ങളെയും" പിടിച്ചുകൊൾ എന്നു പൗലൊസ് പറഞ്ഞു. ഏതാനും മാസങ്ങൾക്ക് മുൻപ് അവൻ അവർക്ക് എഴുതിയ 1 തെസ്സലൊനിക്യ ലേഖനവും അതിൽ ഉൾപ്പെടും. അപ്പൊസ്തലനായ പൗലൊസും മറ്റു ദൈവശ്വാസിയമായി എഴുതി നമുക്ക് തന്നിട്ടുള്ള പുസ്തകങ്ങളും ലേഖനങ്ങളും വായിച്ച് നമുക്കും അതേ പരിജ്ഞാനത്തിലെത്താം. തിരുവെഴുത്തുകൾ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടതാണ്. അത് ഉപദേശത്തിനും ശാസനക്കും, തർജ്ജനത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാണ് (2 തിമൊ. 3:16).

വാക്യം 15 എടുത്ത് ചിലർ സമ്പ്രദായങ്ങളെ മുറുകെ പിടിക്കേണ്ട ആവശ്യമില്ല എന്നു വാദിക്കുന്നു. .എല്ലാ സമ്പ്രദായങ്ങളും ദൈവശ്വാസിയമല്ല എന്നതിനാൽ ശോധന ചെയ്യുവാനും നല്ലത് മുറുകെ പിടിക്കുവാനും നമുക്ക് കഴിയണം. പൗലൊസിന്റെ പ്രബോധനം നാം സ്വീകരിക്കണം. നല്ല സമ്പ്രദായങ്ങളും മോശമായവയുമുണ്ട് (1 കൊ. 11:2 മത്താ. 15:6 മായി താരതമ്യം ചെയ്യുക). രണ്ടിനും ഇടക്കുള്ള വ്യത്യാസം ഉറവിടമാണ്. പരിശുദ്ധാത്മനിയോഗത്താൽ അപ്പൊസ്തലന്മാരാൽ നൽകപ്പെട്ടതാണ് നല്ല സമ്പ്രദായങ്ങൾ. മനുഷ്യരിൽനിന്നു ദൈവശ്വാസിയമല്ലാത്ത സമ്പ്രദായങ്ങൾ കൈമാറി കിട്ടിയതാണ് മോശമായവ. അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവ് നയിച്ചിരുന്നതായി പുതിയ നിയമം ഉറപ്പിക്കുന്നു. മറ്റു സ്ത്രീ പുരുഷന്മാർക്കില്ലാത്ത ഉൾക്കാഴ്ച്ച ദൈവം അവർക്ക് നൽകി (യോഹ. 16:13; 1 കൊ. 14:37; 2 പത്രൊ. 1:13 –21).

ഏതൊരു സമ്പ്രദായത്തേയും നാം പരിശോധിക്കേണത് ദൈവശ്വാസിയരായിരുന്ന അപ്പൊസ്തലന്മാരുടെ ഉപദേശവുമായി ഒത്തുനോക്കിയാണ്. കഴിഞ്ഞ രണായിരം വർഷങ്ങൾക്കുള്ളിൽ രൂപപ്പെട്ട സമ്പ്രദായങ്ങളെയാണ് പലരും സ്വീകരിച്ചിരിക്കുന്നത്. ഇന്ന്, നമുക്ക് ആവശ്യമായ എല്ലാ പ്രമാണങ്ങളും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാമൊഴിയായോ അല്ലെങ്കിൽ അപ്പൊസ്തലന്മാർക്ക് ശേഷം ലഭിച്ചു എന്നു പറയപ്പെടുന്നതോ ആയ

എല്ലാ സമ്പ്രദായങ്ങളും തള്ളിക്കളയണം.

ക്രിസ്ത്യാനികളായി തീർന്ന നമുക്ക് വിളിച്ച വിളിയിൽ "ഉറച്ചു നിൽക്കുവാൻ" ഉള്ള ഉത്തരവാദിത്തമുണ്ട്. അതായത്, ആവശ്യയമുള്ളപ്പോൾ പ്രതിരോധിക്കുവാനുള്ള തിരുവെഴുത്ത് ജ്ഞാനം നമുക്ക് ഉണ്ടായിരിക്കണം. നമ്മുടെ വ്യാഖ്യാനങ്ങളിൽ നാം ഊന്നരുത്, മറിച്ച് ബൈബിളിന്റെ ആധികാരികതയിലായിരിക്കണം നമ്മുടെ ആശ്രയം. നമ്മുടെ അദണ മാറ്റി നിർത്തി പരിശുദ്ധാത്മാവിന്റെ വിശദീകരണമാണ് എല്ലാവർക്കും ആവശ്യം. നമ്മുടെ തലമുറയിലേക്കും വരുവാനുള്ള തലമുറയിലേക്കും നാം പകർന്നു നൽകേണ്ടത് ദൈവശ്വാസിയമായ ഉപദേശങ്ങളാണ്.

*നമ്മെ വിളിച്ച വിളിക്കനുസരിച്ചു വിശ്വസ്തമായി ജീവിക്കുവാൻ ദൈവം തുടർച്ചയായി സഹായിക്കും.* നമ്മെ തിരഞ്ഞെടുത്തു വിശുദ്ധീകരിപ്പാൻ ദൈവം നമ്മെ സഹായിച്ചുകഴിഞ്ഞു (വാ. 13), എന്നാൽ വിളിച്ച വിളിയിൽ "ഉറച്ചു നിൽപാൻ" നമുക്ക് ദൈവസഹായം ആവശ്യമാണ്. മനുഷ്യ ജീവിതത്തിന്റെ അവസാനം വരെ നമ്മെ യഥാർത്ഥത്തിൽ സഹായിക്കുവാൻ ഉള്ളത് ദൈവത്തിന്റെ "ഏക ശക്തിയാണ്."[39] അതുകൊണ്ടാണ്, സഹോദരന്മാർ വിഴിച്ച വിളിക്ക് യോഗ്യമായി വിശ്വസ്തരായി തീരുവാൻ യേശുവിനോടും, ദൈവത്തോടും അപേക്ഷിച്ചത് (വാ. 16).

ക്രിസ്ത്യാനികളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനം അവൻ അപേക്ഷിച്ചു (വാ. 17). ഹൃദയെ തകർന്നിരിക്കുന്നവർക്ക് ആശ്വാസം ആവശ്യമാണ്. ദുരുപദേശത്താൽ ഉളകിപ്പോകാതിരിക്കുവാൻ, തെസ്സലൊനിക്യയിലെ ചില സഹോദരങ്ങൾക്ക് പ്രോൽസാഹനം ആവശ്യമായിരുന്നു. ജീവിതത്തതിൽ, ഇന്ന് ആർക്കെങ്കിലും വലിയ പ്രതിസന്ധിയോ, ക്ലേശമോ നേരിട്ടാൽ, അവർക്ക് പ്രോൽസാഹനം കൂടിയേ തീരു. പൗലൊസ് ആശ്വാസത്തിനായി പ്രാർത്ഥിച്ചു, നാമും, ആശ്വാസത്തിനായി പ്രാർത്ഥിക്കണം, കാരണം ആശ്വാസത്തിന്റെ ഉറവിടം ദൈവമാണ്.

"എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും" [അവരുടെ] ഹൃദയങ്ങളെ ശക്തിപ്പെടുത്തുവാനും പൗലൊസ് അവർക്ക് വേണ്ടി പ്രാർത്ഥിച്ചു (വാ. 17). ഏതൊരു നല്ല പ്രവൃത്തിയും ചെയ്യുന്നതിന് നമ്മുടെ ഹൃദയങ്ങളില് ആശ്വാസവും ശക്തിയും വേണം. വ്രണപ്പെട്ടവരെ അല്ലെങ്കിൽ രോഗികളെ നാം സഹായിക്കുമ്പോൾ, നമമുടെ ജീവിതത്തിൽ അത് ശക്തിയും പ്രോൽസാഹനവും നൽകും. ക്രിസ്തുവിനെ അനുഗമിക്കുന്നതിലും, അവന്റെ ഉപദേശങ്ങളെ അനുസരിക്കുന്നതിലും ശ്രദ്ധിച്ച് നല്ല വാക്കുകളാലും, നല്ല പ്രവൃത്തിയാലും പ്രോല്സാഹിപ്പിക്കുകയും ചെയ്യുന്നത് ആശ്വാസവും ശക്തിയും നൽകുവാനിടയാകും. നാം ക്രരിസ്ത്യാനികളായപ്പോൾ എടുത്ത സമർപ്പണം നിറവേറ്റുവാനനും വിളിച്ച വിളിക്ക് യോഗ്യമായി നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും, നമുക്കും എല്ലാ ക്രിസ്ത്യാനികൾക്കും വിശ്വസ്തരായി ജീവിക്കുവാനും വേണ്ടി നാം പ്രാർത്ഥിക്കണം.

ദൈവം നമ്മെ ഒരു ഉദ്ദേശത്തിനായിട്ടാണ് വിളിച്ചത്. ജീവിതത്തിലെ സംഭവങ്ങളോ, ബൈബിളിനോട യോജിക്കാത്ത ഉപദേശങ്ങളോ നമ്മെ നൃതിചലിപ്പിക്കുവാൻ അനുവദിക്കരുത്. "കിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടണം" (ഫിലി. 3:14). ഈഈ

**ദൈവത്തിന്റെ സത്യവും മനുഷ്യരുടെ തെറ്റും (2:1-12)**

പല ആളുകളും വിചാരിക്കുന്നത് പ്രായമാകുക എന്നാൽ അവരുടെ ശക്തിയും, കഴിവും ഇല്ലാതാകുന്നതും ബന്ധുക്കളും സ്നേഹിതരും നഷ്ടമാകുന്നതും എന്നാണ്. ആ സമയത്ത്, എന്നേക്കുമുള്ള പ്രയോജനങ്ങളും, കൂടുതൽ തീർച്ചയുള്ളതും കൂടുതൽ ആസ്വാദ്യകരവുമായി തീരുന്നു. ക്രിസ്ത്യാനിക്ക്, ഈ ജീവിതത്തിന് ശേഷം മാനവും മഹത്വവുമാണ് ലഭിക്കുന്നത്. നാം മരിക്കുന്നതിന് മുൻപ് യേശുക്രിസ്തതു വന്നാൽ പോലും, മഹത്വകരരമായ ഒരു പുനസമ്മേളനത്തിന് വക നൽകുന്നു.

യേശുക്രിസ്തുവുമായുള്ള ഈ പുനസമ്മേളനത്തിൽ, തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവർക്ക് പങ്ക് ചേരുവാൻ കഴിയുകയില്ലല്ലൊ എന്ന വിചാരമായിരുന്നു തെസ്സലൊനിക്യയിലെ ചില ക്രിസ്ത്യാനികൾക്ക്. മരണത്തിന് ഒന്നും യേശുവിന്റെ മടങ്ങിവരവ് സംഭവത്തിൽ വിശ്വസ്ത ക്രിസ്ത്യാനികൾക്ക് പങ്ക് ചേരൽ തടയുവാൻ കഴിയുകയില്ല എന്ന് 1 തെസ്സലൊനിക്യ ലേഖനത്തിൽ പൗലൊസ് പറഞ്ഞിരുന്നു.

2 തെസ്സലൊനിക്യ ലേഖനം എഴുതുമ്പോൾ, യേശു വന്നു കഴിഞ്ഞു എന്ന വാർത്ത ചില ക്രിസ്ത്യാനികളെ വിഷമിപ്പിച്ചു. അത് അങ്ങനെയാണെങ്കിൽ, തങ്ങളുടെ മരിച്ചുപോയവർക്ക് മാത്രമല്ല തങ്ങൾക്കും അത് നഷ്ടമായല്ലോ എന്നു ചിന്തിച്ചിരിക്കാം. 1 തെസ്സലൊനിക്യ ലേഖനം എഴുതിയതുപോലെ, 2 തെസ്സലൊനിക്യ ലേഖനം എഴുതിയതും, ക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ചുള്ള സത്യം വെളിപ്പെടുത്തുവാനായിരുന്നു. ഈ സത്യവും, പ്രചരിക്കപ്പപെട്ട ഭോഷ്ക്കും തെളിയിക്കുന്നത് ക്രിസ്ത്യാനികൾക്ക് ഭാവിയിൽ ഉറപ്പുണ്ട് എന്നാണ്.

യഥാർത്ഥ ജീവിത പാതയിൽനിന്ന്, ക്രിസ്ത്യാനികളെ വഴിതെറ്റിക്കുന്ന അപകടമാണ്. ദുരുപദേശം എപ്പോഴും വരുത്തി വെക്കുന്നത്. അതിന് വലിയ വിലയുള്ളവയിൽ നിന്നു വിലയില്ലാത്തതും അപകടകരവുമായ സ്ഥിതിയിലേക്കാണഅ നയിക്കുന്നത്. അപകടപ്പെടുത്തുന്ന ഈ ദുരുപദേശത്തെ നമുക്ക് എങ്ങനെ ഒഴിവാക്കാം? അത്തരം ഭീഷണിയെ നമുക്ക് എങ്ങനെ നേരിടുവാൻ കഴിയും?

*ദുരുപദേശത്തെ പരിശോധിക്കുക (2:1–5).* സഭയുടെ ചരിത്രം പരിശോഓധിച്ചാൽ, ചില വ്യക്തികൾ പുതിയ ഉപദേശവുമായി രംഗത്ത് വരികയും, അത് വ്യത്യസ്തവും, അതിശകരവുമായി തോന്നിയേക്കാം. അടിക്കടി നൽകുന്ന ഈ ഉപദേശങ്ങൾ പ്രവചന നിവർത്തീകരണമാണ്. പഴയനിയമ പ്രവചനങ്ങളിലെ മുഖ്യ വിഷയങ്ങൾ യേശു വന്നു രാജ്യം സ്ഥാപിക്കുന്നതും, പുതിയ നിയമ പ്രവചനങ്ങൾ കർത്തതാവ് വരുന്നതിനെ കുറിച്ചും വ്യായവിധിയെ കുറിച്ചുമാണ്.

പല സന്ദർഭങ്ങളിലും, ആളുകൾ യേശുവിന്റെ വരവിനെ കുറിച്ച്, അവൻ വരുന്ന തീയതി മുന്നറിയിച്ചുകൊണ്ട്, അല്ലെങ്കിൽ അവൻ രഹസ്യമായി വന്നു കഴിഞ്ഞു എന്നെല്ലാം മുന്നറിയിച്ചു പ്രവസ്താവനകൾ നടത്തിയിരുന്നു. അത് കേട്ട് ആളുകൾ വിസ്മയിക്കുകയോ, ഭയപ്പെടുകയോ ചെയ്ത് തങ്ങളുടെ വിശ്വാസവും ജീവിതവും മാറ്റുവാൻ തുടങ്ങും. അത്തരം തെറ്റുകളെ എങ്ങനെ പരിശോധി.ച്ച് തിരസ്ക്കരിക്കാം?

ആദ്യമായി, നാം തെറ്റിന്റെ ഉറവിടം നോക്കണം. ആരും കണ്ടുപിടിക്കാത്ത ഠഒരു ഉപദേശം ഒരാൾ കൊണ്ടുവരുമ്പോൾ, തനിക്ക് പ്രത്യേക വെളിപ്പാട് ലഭിച്ചു എന്നോ, ഒരു ഉൾക്കാഴ്ച്ച ലഭിച്ചു എന്നോ അവകാശപ്പെടുമ്പോൾ, നാം

സൂക്ഷിക്കണം. എല്ലാ ജ്ഞാനത്തെക്കാളും, നിലവിലുള്ള എല്ലാ വെളിപ്പാടുകളെയും തള്ളി മറ്റൊരു ജ്ഞനനമെന്നോ വെളിപ്പാടെന്നോ പറയുന്നുവെങ്കില്ഡ, മറ്റുള്ളതെല്ലാം തെറ്റും താൻ പറയുന്നതു മാത്രം ശരി എന്നും വരുത്തി തീർക്കുവാനുള്ള ശ്രമമാണ്. അപ്പൊസ്തലന്മാരും പ്രവാചകന്മാരും വെളിപ്പെടുത്തിയ സത്യത്തിന് വിരുദ്ധമായുള്ള ആലങ്കാരിക പ്രയോഗങ്ങളോ ഉപദേശങ്ങളോ എന്തു തന്നെയായാലും സ്വീകരിക്കാവുന്നതല്ല.

തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളുടെ മദ്ധ്യത്തിലേക്ക് ഒരു പുതിയ വെളിപ്പെടുത്തൽ കൊണ്ടുവന്നു (2:1, 2), ഒരുപക്ഷെ അപ്പൊസ്തലിക അധികാരമുണ്ടെന്ന അവകാശവുമായിട്ടായിരിക്കാം വന്നത്. അത് വഞ്ചനയായതിനാൽ, “ഇളകി പോകരുത്” എന്നായിരുന്നു അവരെ മുന്നറിയിച്ചത്. അതുപോലലെ പുതിയ ഉപദേശവുമായി വരുന്നവർ, എത്ര ആകർഷണിയമായി അവതരിപ്പിച്ചാലും, അത് മനുഷ്യ മനസിന്റെ ഉൽപ്പന്നമാണ്, അല്ലാതെ ദൈവത്തിന്റെ വെളിപ്പാട് അല്ല.

രണ്ടാമതായി, ഉപദേശത്തെ തന്നെ നാം പരിശോധിക്കണം. കർത്താവിൽനിന്നും ദൈവശ്വാസിയ എഴുത്തുകാരിൽനിന്നും നാം മനസിലാക്കിയ സത്യത്തോട് അത് യോജിക്കുന്നുണ്ടോ? അത് പുതിയനിയമത്തിൽനിന്നു വ്യത്യസ്തമാണെങ്കിൽ, അത് സത്യമല്ല എന്നു നമുക്ക് അറിയാം. ദുരുപദേശം മനസിലാകക്കുവാൻ പ്രയാസമായി തോന്നിയേക്കാം; നമുക്ക് സത്യം അറിയാമെങ്കിൽ, പുതിയ ഉപദേശം അതിന് വിരുദ്ധമാണെങ്കിൽ, അത് നെറ്റാണെന്ന് നമുക്ക് അറിയാം.

തെസ്സലൊനിക്യർ കലങ്ങി മറിഞ്ഞിരുന്നു, പക്ഷെ അവർക്ക് നേരത്തെ തന്നെ ക്രിസ്തുവിന്റെ മടങ്ങി വരവ് സംബന്ധിച്ച സത്യം ലഭിച്ചിരുന്നു (2 തെസ്സ. 2:5). തങ്ങൾക്ക് ലഭിച്ച സത്യത്തെ അവർ മനസിലാക്കിയിരുന്നുവെങ്കില്ഡ, പുതിയതായി വന്ന തെറ്റ് പരിശോധിക്കുവാൻ അവർക്ക് കഴിയുമായിരുന്നു. തെറ്റ് അവരുടെയിടയിലേക്ക് വന്നപ്പോൾ, അത് കൃത്യമായി അവരെ പഠിപ്പിച്ചിരുനനതുപോലെ അല്ലായിരുന്നു എന്നു മനുസിലാക്കുകയും അവർ ദൈവത്തിനു തന്നെ എതിരായിട്ടാണ് ഉപദേശിക്കുന്നതെന്നും അവർ തിരിച്ചറിയണമായിരുന്നു.

ദൈവത്തിന്റെ സത്യത്തെ എതിർക്കുന്നവർ ദൈവത്തെയാണ് എതിർക്കുന്നത്. അവർ മതത്തിന്റെ അധികാരം തങ്ങളുടെ കൈകളിലാണെന്ന വിധത്തിൽ അവർ തങ്ങളെ ആളുകളുടെ മനസിൽ ദൈവസ്ഥാനത്തേക്ക് ഉയർത്തുന്നു. അവർ ദൈവത്തെ എതിർക്കുകയാണ് എന്ന സത്യം മനസിലാക്കണം, പക്ഷെ തന്റെ ജനത്തിന് മാത്രമെ സത്യം പൂർണ്ണമായും മനസിലാക്കുവാൻ കഴിയു.

തെറ്റിനെ ചെറുക്കുവാനുള്ള വഴി, സത്യം വായിക്കുകയും, പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നതാണ്. ബൗബിളിലുള്ള അജ്ഞതയും അവഗണനയും, അശ്രദ്ധയും ദുരുപദേശത്തിന് വഴി തുറന്നു കൊടുക്കുകയാണ്. സത്യം അറിഞ്ഞാൽ മാത്രമെ നമുക്ക് സത്യത്തിൽ നിന്നു സ്വതന്ത്രരാകുവാൻ സാധിക്കയുള്ളു (യോഹ. 8:32).

*സത്യോപദേശത്തെ ശക്തിപ്പെടുത്തുക (2:6–9).* സത്യം എപ്പോഴും സത്യം തന്നെയാണ്, പക്ഷെ സംഘർഷവും സമ്മർദ്ദവും നേരിടുമ്പോൾ, നാം അത് മറന്നുപോകും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനകാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരുന്നാൽ, ബുദ്ധിമുട്ട് നേരിടുമ്പോൾ നമുക്ക് ധൈര്യവും സമാധാന

വും ലഭിക്കും. അടിസ്ഥാനോപദേശങ്ങൾ നാം ഊന്നൽകൊടുത്ത് ഉപയോഗിക്കാതിരുന്നാൽ, അവയുടെ ഭദ്രത നമുക്ക് ലഭിക്കാതെ പോകും.

നല്ല ബൈബിൾ ഉപദേഷ്ടാക്കന്മാർ സത്യം ആവർത്തിച്ചുകൊണ്ടിരിക്കും. "അതേ കാര്യം നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്ക് മടുപ്പില്ല. നിങ്ങൾക്ക് അത് ഉറപ്പുമാകുന്നു" (ഫിലി. 3:1). ഓരോ ഉപദ്േ ശത്തിനും തുടർച്ചയായ ആവർത്തനം അനിവാര്യമാണ്. പുതിയതും വ്യത്യസ്തവുമായ ഉപദേശമാണ് ആളുകൾക്ക് എപ്പോഴും ആവശ്യമെന്ന് നാം ചിന്തിച്ചാൽ, യേശുവിന്റേയും അപ്പൊസ്തലന്മാരുടേയും ഉപദേശത്തിലെ സത്യം നാം വിസ്മരിക്കുകകയാണ്-ആത്മക്കളുടെ സൂക്ഷിപ്പിനായി അവർ സത്യം ആവർത്തിച്ചിരുന്നു.

തെസ്സലൊനിക്യലേഖനങ്ങളിൽ, പൗലൊസ് ഈ പരിശീലനമാണ് പിൻപറ്റിയത്. ഒരു ഡസനിലധികം പ്രാവശ്യം പൗലൊസ് മുൻപ് പണഞ്ഞതും പഠിപ്പി ിച്ചതും ആവർത്തിച്ചിരിക്കുന്നു. അത് നന്നായി പഠിക്കുവാനും അവരുടെ ആയുഷ്ക്കാലം മുഴുവൻ സൂക്ഷിക്കുന്നതിനും സഹായിച്ചു.

വരുവാനുള്ള വിശ്വാസത്യാഗം അഥവാ വിശ്വാസത്തിൽനിന്നു വീണുപോകൽ തെസ്സലൊനിക്യെരെ മുന്നറിയിച്ചിരുന്നു. ദൈവത്തെ വെല്ലുവിളിക്കുവാൻ പുതിയ വെളിപ്പാടുമായി വരുമെന്ന് അവരെ അറിയിച്ചിരുന്നു. യേശു മടങ്ങിവരുന്നതിന് മുൻപ് ഇത് സംഭവിക്കുമെന്നും അവർക്കക് അറിയാമായിരുന്നു. അത് സംഭവിക്കാതിരുന്നതിനാൽ, യേശു മടങ്ങി വന്നു എന്ന വിവരവും തെറ്റാണെനന്ന് അറിയുവാൻ പ്രയാസമില്ലായിരുന്നു. അത്തരം ദുരുപദേശത്തിൽ അവർ കുലുങ്ങേണ്ട ആവശ്യമില്ലായിരുന്നു, എങ്കിലും ദൈവമനസിൽ ആ സത്യം അവരെ ഉറപ്പിക്കേണ്ടിയിരുന്നു.

*സത്യോപദേശം വിശ്വസിക്കുക (2:10-12).* ആളുകൾ പെട്ടെന്ന് ദുരുപദേശം സ്വീകരിക്കുമ്പോൾ, നമുക്ക് ആശ്ചര്യം തോന്നും ദുരുപദേശമാകയാൽ ആളുകൾ അവയെ ഉടനെ തള്ളിക്കളയുമെന്ന് നാം വിചാരിക്കും. പലപ്പോഴും സംഭവിക്കുന്നത് തിരിച്ചാണ്, ആളുകൾ സത്യത്തെ തള്ളിക്കളഞ്ഞ് ദുരുപദേശം സ്വീകരിക്കും. അവർക്ക് എങ്ങനെ അത് ചെയ്യുവാൻ കഴിയും?

ഈ ചോദ്യത്തിന് ഉത്തരമെന്തെന്നാല, തെറ്റിന് ആകർഷണശക്തിയുണ്ട് എന്നതാണ്. ആദ്യമായി കാണുന്നത്, ദുരഭിമാനമാണ്, അവർ കാണുന്നത് സാമൂഹ്യനിലവാരമാണ് വലുതായി കാണുന്നത്. പുതിയ ഉപദേശത്തിന്റെ സാഹസത്തെ ഇഷ്ടപ്പെടുന്നതാണ് മറ്റൊരു കാരണം. ചിലപ്പോൾ ദുരുപദേശം പരക്കെ സ്വീകരിക്കുന്നതിനാൽ, അവർ വേഗത്തിൽ പ്രചാരത്തിലാകും. മറ്റുള്ളവർ നമ്മെ നിഷേധിക്കുമോ എന്ന ഭയവും ചിലരെ ബാധ്ച്ചേക്കാം, സത്യം അനുസരിച്ച് ത്യജിക്കൽ അനുഭവപ്പെടുന്നതിനേക്കാല, അവർ ഇഷ്ടപ്പെടുന്നത് തെശ്ശു സമ്മതിക്കുവാനാണ്. തെറ്റു വിശ്വസിക്കുന്നതിന്റെ അനന്തരഫലത്തെ തിരിച്ചറിയാത്തതിനാല് ആളുകൾ ചിലപ്പോൾ ദുരുപദേശം കൈക്കൊള്ളും. ദുരുപദേശം ദൈവവചനത്തിൽനിന്നും എപ്രകാരം വ്യത്യസ്തമാണെന്നും, അത് ആത്മാവിനെ എങ്ങനെ നഷ്ടപ്പെടുത്തുമെന്നും മനസിലാക്കുന്നതിൽ അവർ പരാജയപ്പെടുന്നു.

തെറ്റിന്റെ പിന്നിലുള്ളത്, സത്യത്തെ സ്നേഹിക്കാത്താണ്. സത്യം അനുസത്യത്തതെ സ്നേഹിക്കുക എന്നത് ദുരുപദേശം സ്വീകരിച്ചിരിക്കുന്നവരുടെ മുൻഗണനയല്ല; അവർ തെറ്റിനെ കൂടുതൽ ആകർഷണീയമായി കാണുന്നു. അവർക്ക് അഭിമാനവും, തെറ്റിലകപ്പെട്ടവരുമായുള്ള ബന്ധവും, ആണ് സത്യത്തേക്കാൾ പ്രാധാന്യം. സത്യത്തെ സ്നേഹിക്കകാത്തവർത്ത് നേരിടുന്ന അപ

കടം അവുടെ ആത്മാക്കൾ നഷ്ടപ്പെടുന്നു എന്നതാണ്. ടിപി

**ക്രിസ്തുവിന്റെ സത്യത്തിന്റെ വില (2:13-3:5)**

തിരുവെഴുത്തിലെ അടിസ്ഥാനോപദേശങ്ങളുടെ പ്രാധാന്യം ഉപദേഷ്ടാക്കന്മാർ അറിയണം. കേൾക്കുനനവർ ആ ഉപദേശങ്ങളെ കൈക്കൊള്ളുന്നതിൽ അഭിമാനിക്കയും, അവരുടെ സ്വന്ത ജീവിതത്തിൽ അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിക്കയും വേണം.

1 ഉം 2 ഉം തിമൊഥെയൊ1സിന്റെ ലേഖനത്തിലും തിത്തൊസിന്റെ ലേഖനത്തിലും-മൂന്നിലുമായി പതിനൊന്നു പ്രാവശ്യം പ്രത്യേകമായി ഉപദേഷ്ടാക്കന്മരോടായി പറയുന്ന "പത്ഥ്യോപദേശം" ദഎന്നു തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധിക്കുക (1 തിമൊ. 1:10), "സദുപദേശം," (1 തിമൊ. 4:6), "പത്ഥ്യോപദേശം" (2 തിമൊ. 4:3; തിത്തൊ. 1:9; 2:1), "ഉപദേശത്തിൽ നിർമ്മലത" (തിത്തൊ. 2:7), "പത്ഥ്യവചനം" (1 തിമൊ. 6:3; 2 തിമൊ. 1:13), "വിശ്വാസത്തിൽ ആരോഗ്യം" (തിത്തൊ. 1:13; കൂടാതെ 2:2 നോക്കുക), "വിശ്വാസ്യവചനം" (തിത്തൊ. 1:9), നാം ഓരോരുത്തരും ദൈവത്തിന്റെ അടിസ്ഥാന സത്യങ്ങൾ നാം അറിഞ്ഞിരുന്നാൽ നമുക്ക് അവന്റെ വചനം ശരിയായി ഉപയോഗിക്കുവാൻ കഴിയും.

ദൈവ വചനവുമായുള്ള തെസ്സലൊനിക്യരുടെ ബന്ധം എങ്ങന നിലനിർത്താമെന്ന് പൗലൊസ് 2 തെസ്സലൊനിക്യർ 2:15 ൽ വ്യക്തമാക്കി. വചനപ്രകാരമുള്ള ഉപദേശം എന്തുകൊണ്ടാണ്-അവർക്കും നമുക്കും പ്രാധാന്യമുള്ളതാകുന്നുത്? ദൈവത്തിന്റെ സത്യത്തിനുള്ള വില എന്താണ്?

*നമ്മെ രക്ഷിക്കുവാൻ ദൈവം സത്യമാണ് ഉപയോഗിക്കുന്നത് (2:13, 14).* സാത്താന്റെ പാളയത്തു നിന്നു നമ്മെ ദൈവമക്കളുടെ ഭാഗത്തേക്ക് മാറ്റുന്നത് ആരാണ്? ദൈവമാണ്. നഷ്ടപ്പെട്ട ആത്മാക്കളെ രക്ഷിപ്പാൻ അവൻ എന്താണ് ഉപയോഗിക്കുന്നത്? അവന്റെ വചനം.

ജീവനുള്ള വചനമെന്ന സന്ദേശമാകുന്ന സുവിശേഷത്താലാണ്, നമ്മെ വിളിക്കുന്നത്. വ്യക്തിപരമായി ആ സന്ദേശം നാം സ്വീകരിക്കണെന്ന് ദൈവം ആഗ്രഹിക്കുന്നു-അങ്ങനെ യേശു വ്യക്തിയിൽ നാം വിശ്വസിക്കുവാനും. അതുകൊണാണ് യേശുവിനെ വചനം എന്നു വിളിച്ചിരിക്കുന്നത് (യോഹ. 1:1). നമുക്കുള്ള ദൈവ സന്ദേശമാണ് അവൻ. സുവിശേഷത്താൽ മഹത്വത്തിനായി ദൈവം നമ്മെ വിളിക്കുന്നു (2 തെസ്സ. 2:14). മറ്റൊരു മാർഗത്തിൽകൂടെയും ദൈവം നമ്മെ വിളിക്കുന്നില്ല. അതിനാലാണ് ലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിക്കുവാൻ അപ്പൊസ്തലന്മാരോട് കൽപിച്ചത് (മർ. 16:15). ദൈവത്തോട് പ്രതികരികരിക്കുവാനും അവന്റെ അനുഗ്രഹങ്ങൾ പങ്കിടുവാനും മറ്റൊരു വഴിയില്ല.

നമ്മെ വിളിക്കുന്നത് ദൈവ വചനത്താലാകുന്നു; അതേ വചനമാണ് നമ്മെ ശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്നത്. "ദൈവം നമ്മെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലുംസത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തിരഞ്ഞെടുത്തു" (2:13). നമ്മെ അവൻ ശുദ്ധമാക്കി, യേശുവിനോടു ചേരുവാൻ സ്നാനമേറ്റപ്പോൾ, സത്യത്തിലുള്ള വിശ്വാസം നമ്മിൽ വന്നപോപഴാണ് അവൻ വിശുദ്ധീകരിച്ചത്. സ്നാനമെന്ന പാപമോടനത്തിനുള്ള കൽപന നാം അനസരിച്ചപ്പോഴാണ് ദൈവം നമ്മെ രക്ഷിച്ചത്. അനന്യാസ് ശൗൽ/പൗലൊസിനോട് പറഞ്ഞു, "ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റ്

കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് സ്നാനം ഏറ്റ് നിന്റെ പാപങ്ങളെ കഴുകി കളക" (പ്രവൃ. 22:16). സ്നാനപ്പെടുമ്പോൾ, നാം ശുദ്ധീകരിക്കപ്പെടുകയും ദൈവത്തോട് ചേരുകയും ചെയ്യുന്നു.

അപ്പോൾ രക്ഷയിൽ രണ്ട് വിളികൾ അടങ്ങിയിരിക്കുന്നു: ദൈവം നമ്മെ വിളിക്കുന്നതും നാം ദൈവത്തെ വിളിക്കുന്നതും. തന്നിലേക്ക് ചേരുവാനുള്ള ദൈവത്തിന്റെ വചനത്താലുള്ള വിളിയാണ് ആദ്യത്തേത്. സുവിശേഷം നമ്മെ കേൾപ്പിച്ചപ്പോഴാണ് അത് സംഭവിച്ചത്. നാം ആ സുവിശേഷത്തോട് പ്രതിക രിച്ചപ്പോഴാണ് രണ്ടാമത്തെ വിളി നടന്നത്, അതായത് നാം അവന്റെ വചനം കേട്ടപ്പോൾ നമുക്ക് രക്ഷ ആവശ്യമെന്ന് തോന്നുകയും അങ്ങനെ നാം നമ്മുടെ ആശ്രയം അവനിലും അവന്റെ വചനത്തിലും സമർപ്പിച്ചു രക്ഷിക്കേണമേ എന്ന് ദൈവത്തെ വിളിച്ച് പ്രാർത്ഥിച്ചു. മാനസാന്തരപ്പെട്ട് സ്നാനമേറ്റപ്പോൾ,

ദൈവത്തിന്റെ രക്ഷാവാഗ്ദാനം നാം സ്വീകരിക്കുന്നത്, അവന്റെ ഉപദേ ശസന്ദേശം നാം അനിസരിക്കുന്നതിൽകൂടെയാണ്. "നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും, നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദ യപൂർവ്വം അനുസരിച്ചു പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീകിക്ക് ദാസ ന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം" (റോമ. 6:17,18).

*നമ്മെ ശക്തിപ്പെടുത്തുവാൻ ദൈവം ഉപയോഗിക്കുന്നത് സത്യമാണ് (2:15).* നാം രക്ഷിക്കപ്പെട്ടതുകൊണ്, നമ്മെ പ്രോൽസാഹിപ്പിക്കുവാനും ശക്തിപ്പെടു ത്തുവാനും അവന്റെ വചനമാണ് ഉപയോഗിക്കുന്നത്. നമ്മെ വളരുവാനും, ഉയരുവാനും, ഫലംപുറപ്പെടുവിക്കാ ുവാനും അത് നമ്മെ സഹായിക്കുന്നു.

ഇത് എങ്ങനെ സംഭവിക്കുന്നു? അതിനുള്ള ഉത്തരമാണ് 2:15. "ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറച്ചു നിന്ന് ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ." ആ പ്രമാണ ങ്ങൾ മാനുഷിക ഉപദേശങ്ങളല്ല, ദൈവശ്വാസിയ നിർദ്ദേശങ്ങളാണ്.

ക്രിസ്ത്യാനികളുടെ വളർച്ചക്കും ശക്തിക്കും ദൈവത്തിന്റെ ഉപേദശമാണ് ആവശ്യം. ഈ ഉപദേശം നൽകപ്പെട്ടു കഴിഞ്ഞു; എന്നാൽ ചില ആളുകൾക്ക്, ദൈവ വചനത്തിൽ അവതരിപ്പിച്ച സത്യം മാത്രം പോരാ. പുതിയതും വ്യത്യ സ്തവുമായ ഉപദേശങ്ങളാഠണ് അവർ ആഗ്രഹിക്കുന്നത്; ദൈവം നൽകിയ തില് അവർ തൃപ്തരല്ല. അതുകൊണ്ട്, അവർ വചനത്തെ മാറ്റി അതിനു പകരം മാനുഷിക ഉപദേശം സ്വീകരിക്കയും ദൈവശക്തി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. പുതിയ സന്ദേശം ഒരുപക്ഷെ ആകർഷണിയവും ആവേശം ജനി പ്പിക്കുന്നതുമായേക്കാം; ദൈവത്തിന്റെ സന്ദേശത്തിലാണ് ശക്തിയുള്ളത്, മനു ഷ്യന്റേതിൽ അത് ഇല്ല. ദൈവത്തിന്റെ വചനത്തിനു മാത്രമെ നമ്മെ രക്ഷിച്ചു ശക്തിപ്പെടുത്തുവാൻ കഴിയു.

തുടർച്ചയായ വളർച്ചക്കും പോഷണത്തിനും-ഫലം കായ്ക്കുന്നതിനും ക്രിസ്ത്യാനികൾക്ക് വചനം ആവശ്യമാണ്. ലൂക്കൊസ് 8 ൽ, മണ്ണിന്റെ ഉപ മയിൽ, ആളുകൾ വചനം എന്ന വിത്തു തങ്ങളൂടെ ഹൃദയങ്ങളീൽ വീണു മുളച്ചു വളർന്നു ഫലം പുറപ്പടുവിക്കുന്നതിനെ കുറിച്ചു പറയുന്നു. അതുപേ ാലെ നാം ദൈവത്തെ പ്രസാദിപ്പിച്ച് ആത്മിയ ഉയർച്ച പ്രാപിക്കുവാനായി, നാം അവന്റെ വചനത്തെ ഉപയോഗിക്കണം!

*നമ്മെ ആശ്വസിപ്പിക്കുവാൻ ദൈവം തന്റെ സത്യത്തെ ഉപയോഗിക്കുന്നു (2:16, 17).* അവൻ ആഗ്രഹിക്കുന്ന ശക്തി മാത്രമല്ല വചനം പകരുന്നത്; അത് നമ്മിൽ ആശ്വാസവും പ്രത്യാശയും നൽകും. അവന്റെ വചനം മുഖാന്തരം ഒരു

ഭദ്രതയും അന്തിമലക്ഷ്യവും നൽകുന്നു. നിരാസയിലായവരെ ഉൽസഹിപ്പിക്കുന്നതാണ് മുഴുവൻ ബൈബിളുംയ. പൗലൊസ് പറഞ്ഞു, "മുന്നെഴുതിയിരിക്കന്നത് ഒക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും, പ്രത്യാശയുണ്ടാകേണ്ടതിന് തന്നെ" (റോമ. 15:4).

"മനസലിവുള്ള പിതാവും സർവ്വാശ്വാസവും നൽകുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ" എന്നു വിവരിച്ചിരിക്കുന്നതിനാൽ അവന്റെ കരുതലും ദയയും മഹത്തായ സ്വഭാവ വിശേഷണമായി കണക്കാക്കാം (2 കൊ. 1:3). പിതാവായ ദൈവത്തിന്റേയും, യേശുക്രിസ്തുവിന്റേയും സ്നേഹത്താലുള്ള ആശ്വാസം തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളെ ഉപദ്രവിക്കപ്പെട്ട സമയത്ത് പ്രോൽസാഹിപ്പിക്കുന്നതായിരുന്നു. "നമ്മെ സ്നേഹിച്ച് നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയിരിക്കുന്നത്" നമ്മുടെ "പിതാവായ ദൈവവും യേശുക്രിസ്തുവുമാണ്" (2:16).

*നമ്മെ സംരക്ഷിക്കുവാൻ ദൈവം സത്യത്തെ ഉപയോഗിക്കുന്നു (3:1–5).* നമ്മുടെ ശരീരത്തെ സംരക്ഷിക്കുവാൻ സാധാരണ വേണ്ടതെല്ലാം നാം ചെയ്യും. നാം ശരിയായി ഭക്ഷണം കഴിക്കയും, സുരക്ഷിതമായി യാത്ര ചെയ്യുകയും, മറ്റു കാര്യങ്ങളും അതോടൊപ്പം സൂക്ഷിക്കും. ആത്മാക്കൾക്കും അപകടം നേരിടാം. നമ്മുടെ ആത്മാക്കളെ നശിപ്പിക്കുവാനായി എല്ലാ വിധത്തിലുമുള്ള ദുഷ്പ്രേരണകളും ദുശ്ചിന്തകളുമായി നമ്മെ സ്വാധീനിക്കും. നമുക്ക് ഉപദ്രവകരമായ കാര്യങ്ങൾ ഗുണമാണ് എന്ന ചിന്ത പിശാച് നമ്മിൽ ഉണർത്തും. ഭോഷ്ക്ക് സത്യമാണെന്ന് അവൻ പറയും. അവന് ആളുകളെയും, വസ്തുക്കളെയും, ആശയങ്ങളെയും കോട്ടി നമ്മെ നശിപ്പിക്കുവാനായി ഉപയോഗിക്കും. നമ്മുടെ ആത്മാക്കളെ ആക്രമിക്കുവാനായി സാത്താൻ ആരെയും എന്തു ചെയ്യും.

നമ്മുടെ ആത്മാക്കളെ നശിപ്പിക്കുവാൻ ആക്രമിക്കുന്നതിനെ തടയുവാൻ ആർക്കാണ് ശക്തിയുള്ളത്? സാത്താന്റെ കെണിയിൽനിന്നും, പാപത്തിൽനിന്നും നമ്മെ സംരക്ഷിക്കുവാൻ യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു കഴിയും. തെറ്റിൽ നിന്നും സാത്താന്റെ തന്ത്രങ്ങളിൽനിന്നും വിടുവിപ്പാൻ ദൈവത്തിന്റെ വചനത്തിന് ശക്തിയുണ്ട്. ദൈനന്തിന ജീവിതത്തിന് ആവശ്യമായ നടത്തിപ്പ് ദൈവത്തിന്റെ വചനത്തിൽനിന്നു മാത്രമാണ് നമുക്ക് ലഭിക്കുന്നത്. "കർത്താവ് വിശ്വസ്തൻ, അവൻ നിങ്ങളെ ഉറപ്പിച്ച് ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും" (3:3).

സാത്താന്റെ പോരാട്ടത്തിൽനിന്നു നമ്മെ കാത്തുകൊൾവാൻ ദൈവത്തിന്റെ വചനത്തിന് മാത്രമെ കഴിയു എന്നതിനാൽ, അവന്റെ വചനത്തെ എത്ര ഹൃദയങ്ങളിലേക്ക് എത്തിക്കാമോ അത്രയും ഹൃദയങ്ങളിൽ എത്തിക്കുക. എല്ലാവർക്കും അത് ആവശ്യമാണ്–ഏറ്റുവും ബലഹീനനായ മനുഷ്യനും ദരിദ്രനും കൂടെ. സാത്താന്റെ ദൂതന്മാരുടെ ദുഷിച്ച സ്വാധീനത്തിൽ നിന്ന് ആത്മാക്കളെ സംരക്ഷിക്കുവാനായി നമ്മുടെ സഹോദരങ്ങൾക്കായി നാം പ്രാർത്ഥിക്കറണം; അങ്ങനെ ദുഷിച്ച മനുഷ്യരുടെ വലയിൽ നാം കുടുങ്ങാതിരിക്കും. "ഒടുവിൽ സഹോദരന്മാരെ, കർത്താവിന്റെ വചനം നിങ്ങളുടെ അടുക്കൽ എത്തിയതുപോലെ വേഗം വ്യാപിച്ചു, മഹത്വപ്പെടുവാനും വല്ലാത്തവനരും ദുഷ്ടന്മാരുമായ മനുഷ്യരുടെ കയ്യിൽ നിന്ന് ഞങ്ങൾ വിടുവിക്കപ്പെടുവാന

ും ഞങ്ങൾക്ക് വേണി പ്രാർത്ഥിപ്പിൻ" (3:1, 2).

*ഉപസംഹാരം.* സത്യം എപ്പോഴും സത്യം തന്നെയാണ്. എന്നാൽ ദൈവത്തിന്റെ സത്യാം അതിലും എത്രയോ വലുതാണ്. അത് പാപത്തിൽനിന്നുള്ള മോചനവും ജീവിത വഴിയുമാണ്. അത് നമ്മെ രക്ഷിക്കുവാനും, പോറ്റുവാനും, ആശ്വസിപ്പിപ്പാനും ശക്തിയുള്ളതാണ്. യേശു പറഞ്ഞു, "എന്റെ വചനത്തിൽ നില നിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായും എന്റെ ശിഷ്യന്മാർ ആകുന്നു. സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ. 8:31, 32). യേശു വന്ന് വെളിപ്പെടുത്തിയ സത്യം വാസ്തവത്തിലുള്ള ശിഷ്യന്മാർ സ്വീകരിക്കും. നാം ദൈവത്തിന്റെ സത്യം കണ്ടെത്തി, വിശ്വസിച്ച്, വിലയുള്ളതാക്കണം!

നാം അവന്റെ വചനം പഠിക്കയും പങ്കിടുകയും ചെയ്യുമ്പോൾ, അത് മറ്റുള്ളവരെ സഹായിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയാകും. അത് പിന്നെ "നല്ല പ്രവൃത്തിയിലും വാക്കിലും" ഫലം പുറപ്പെടുവിക്കയും ചെയ്യും (2:17).

ദൈവ വചനം വസിക്കുന്ന ഹൃദയങ്ങൾ ദൈവഹൃദയങ്ങളായി മാറുന്നു. ആ ഹൃദയങ്ങൾ ക്രിസ്തുവിന്റേതും ദൈവത്തിന്റേതുമായി മാറുന്നു. അവരുടെ ചിന്തകളിലം, സ്വഭാവത്തിലും, പ്രവൃത്തിയിലും ക്രിസ്തുവിന്റേയും ദൈവത്തിന്റേയും സ്വഭാവമായിരിക്കും ഉണ്ടാകുക. അവ സ്നേഹത്തിന്റേയും, ശക്തിയുടേയും ആശ്വാസത്തിന്റേയും ഹൃദയങ്ങളായിരിക്കും! എങ്ങനെ ഒരു ആത്മിയ ജീവിതം നയിക്കാമെന്ന് മറ്റുള്ളവർക്ക് അവന്റെ വചനത്താൽ കാണിച്ചുകൊടുക്കുവാൻ ദൈവം നമമെ സഹായിക്കട്ടെ, അങ്ങനെ വളരുവാനും ശക്തി പ്രാപിക്കുവാനും, ദൈവത്തിന് വിലയേറിയ ഫലം പുറപ്പെടുവിക്കുവാനും സാധിക്കും. "കർത്താവ് താൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണുതയിലേക്കും തിരിക്കുമാറാകട്ടെ" (3:5).

ടിപി

---

കുറിപ്പുകൾ

[1]നോക്കുക, ഏ.ടി. റോബർട്സ്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ*, വാല്യം. 4, *വേർഡ് പിക്ച്ചേഴ്സ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (ന്യാഷ്വിലേ:ബ്രോഡ്മാൻ പ്രസ്, 1931), 47. [2]റേമണ്ട് സി. കെൽസി, *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലൊനിയൻസ്*, ദ ലിവിങ്ങ് വേർഡ് കമെന്ററി, വാവ്യം. 13 (ആസ്റ്റിൻ, ടെക്സ്:ആർ. ബി.സ്വീറ്റ് കമ്പനി., 1968), 150. [3]സി.എഫ്.ഹോഗ് ആന്റ് ഡബ്ലിയു.ആർ.വൈൻ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾദ അപ്പൊസ്റ്റൽ ടു ദ തെസ്സലൊനിയൻസ്* (ഷ്രെവപ്പോർട്ട് ലാ.:ലാംബെർട്ട് പബ്ലിഷിങ്ങ് കമ്പനി., 1977), 243. [4]ഫോർ പോൾ ആന്റ് ജെയിംസ്, "സമിചിച്ചിരിക്കുന്നു" എന്നത് ഒരു ദശാബ്ദത്തിനുള്ളിലോ അല്ലെങ്കിൽ ഒരു നൂറ്റാണ്ടിനുള്ളിലോ അല്ല. അവർ അർത്ഥമാക്കിയത് അവസാനകാലത്താണ് (ക്രിസ്തീയ കാലം) അവൻ വരുന്നതിന് മുമ്പ്. [5]ബ്രൂസ് എം.മെറ്റ്സ്ഗെർ, *ഏ ടെക്സ്ചൽ കമെന്ററി ഓമ് ദ ഗ്രീക്ക് ന്യൂടെസ്റ്റമെനന്റ്*; ഏ കംബാനിയൻ *വാല്യം ടു ദ യുണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡി എഡ്. (ന്യൂയോർക്ക്:*യുണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്,* 1994), 567. [6]എഫ്.എഫ്. ബ്രൂസ്, *1 & 2 തെസ്സലൊനിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 45 (വാക്കോ, ടെക്സ്:വേഡ് ബുക്സ്, 1982), 168. [7]ആൽബെർട്ട് ബാർണെസ്, *നോട്ട്സ് ഓൺ ദ ന്യൂടെസ്റ്റമെന്റ്, എക്സ്പ്ലനേറ്ററി*

*ആന്റ് പ്രാക്ടിക്കൽ: തെസ്സലൊനിയൻസ്, തിമൊഥി, ടൈറ്റസ് ആന്റ് ഫിലെമോന്*, എൻലാർജ്ഡ് ടൈപ് എഡ്., എഡ്. റോബർട്ട് ഫ്ര്യൂ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1949), 80-96. [8]ഇബിഡ്., 81. [9]റോബർട്സൺ, 51. [10]നോക്കുക, ലിയോൺ മോറിസ്, *ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽസ് ടു ദ തെസ്സലൊനിയൻസ്*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ്(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലി യുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1959), 228-29.

[11]നോക്കുക ഹോഗ് ആന്റ് വൈൻ, 258. [12]ഹൂഗോ മെക്കോർഡ്, *മെക്കോർഡ്സ് ന്യു ട്രാൻസ്ലേഷൻ ഓഫ് ദ എവർലാസ്റ്റിങ് ഗോസ്പെൽ* (ഹെന്റർസൺ, ടെൻ.:ഫ്രീഡ്-ഹാർഡ്മാൻ യൂണിവേർസിറ്റി, 1988). [13]ഹോഗ് ആന്റ് വൈൻ, 262. [14]ഹെന്റി ആൽഫോർഡ്, *ദ ഗ്രീക്ക് ടെസ്റ്റമെന്റ്*, റെവ.എവെറെറ്റ് എഫ്. ഹാരിസൺ (ഷിക്കാഗോ:മൂഡി പ്രസ്, 1958), 3:291. [15]മോറിസ്, 231. [16]റോബർട്സൺ, 53. [17]കെൽസി, 156. [18]ഇബിഡ്. [19]മോറിസ്, 233. [20]റോബർട്സൺ, 53.

[21]ഹോഗ് ആന്റ് വൈൻ, 267. [22]1 തെസ്സലൊനിയൻസ് 1:4; 2:1, 9, 14, 17; 3:7; 4:1, 9, 10 (രണ്ട് പ്രാവശ്യം), 13; 5:1, 4, 12, 14, 25-27; 2 തെസ്സ. 2:1, 13, 15; 1:3; 3:1, 6, 13. [23]മോറിസ്, 237-38എൻ. [24]*ദ ഗ്രീക്ക് ന്യുടെസ്റ്റമെന്റ്*, 4 ാമത് റെവ .എഡ്., എഡ്. ബാർബാറാ അലാന്റ്, കർട് അലാന്റ്, ജോഹനെസ്, കരവിഡോപൗലൊസ്, കാർലോ എം.മാർടിനി, ആന്റ് ബ്രൂസ് എം. മെറ്റ്സ്ഗെർ (സ്റ്റട്ഗാർട്:യുണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1998). [25]ഹോഗ് ആന്റ് വൈൻ, 273. [26]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3 ഡ് എഡ്., റെവ ആന്റ് എഡ്. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ:യുണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 763. [27]ഡേവിഡ് ജെ.വില്യംസ്, *1 ആന്റ് 2 തെസ്സലൊനിയൻസ്*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി:ന്യുടെസ്റ്റമെന്റ് സീരീസ്, വാല്യം. 12 (പീബഡി, മാസ്സ്.: ഹെന്റിക്സൺ പബ്ലിഷേഴ്സ്, 1992), 136. [28]ജോൺ സ്റ്റോട്ട്, *ദ ഗോസ്പെൽ ആന്റ് ദ എന്റ് ഓഫ് ടൈം* (ഡൗണേഴ്സ് ഗ്രോവ്, III.:ഇന്റർവാഴ്സിറ്റി, 1991), 180. [29]ജെ.ഡബ്ലിയു.മെക്ാർവേ ആന്റ് ഫിലിപ് വൈ.പെൻലെറ്റൺ, *തെസ്സലൊനിയൻസ്, കൊരിന്ത്യൻസ്, ഗലേഷ്യൻസ് ആന്റ് റോമൻസ്,* ദ സ്റ്റാൻഡേർഡ് ബൈബിൾ കമെന്ററി, (സിൻസിനാറ്റി, ഒഹയോ:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് ഫൗണ്ടേഷൻ, 1916), 41. [30]ഇബിഡ്, 41-43.

[31]ഡേവിഡ് ലിപ്സ്കോംപ്, "കമെന്ററി ഓൺ ദ സെക്കന്റ് എപ്പിസ്റ്റിൽ ടു ദ തെസ്സലൊനിയൻസ്," ഇൻ *ഏ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് എപ്പിസ്റ്റിൽസ്,* എഡ്. ജെ. ഡബ്ലിയു. ഷെപേർഡ് (നാഷ്വിലേ:ഗോസ്പെൽ അഡ്വൊക്കേറ്റ്, 1942), 5:95-96. [32]നോക്കുക മെക്കാർവേ ആന്റ് പെൻലെറ്റൺ, 38-40. [33]മെറിൽ, സി. ടെന്നി, *ന്യു ടെസ്റ്റമെന്റ് ടൈംസ്* (പീബഡി, മാസ്സ്.:ഹെന്റിക്സൺ പബ്ലിഷേഴ്സ്, 2001), 116. [34]ജോൺ വെതർലി, *2 തെസ്സലൊനിയൻസ്*, ദ കോളേജ് പ്രസ്, എൻഐവി, കമെന്ററി (ജോപ്ലിൻ, മോ.:കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1996), 252. [35]ഐസക് വാറ്റ്സ്, "ഹൗ ഷാൽ ദ യങ്ങ് സെക്വർ തെയർ ഹാർട്സ്?" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കോംപ്. ആന്റ് എഡ്. ആൾട്ടൻ എച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.:ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994). [36]കെൽസി, 157. [37]ഹോഗ് ആന്റ് വൈൻ, 273. [38]വെതർലി, 276. [39]ഫ്രെയിം, 285.